# തളിര്

കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക


2019 നവംബർ
വില ₹20




# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച
# പുതിയ പുസ്തകങ്ങൾ





**കണക്കിലെ കുസൃതികൾ**
(ശാസ്ത്രം)
**പള്ളിയറ ശ്രീധരൻ**
വില ₹35



**നിന്റെ ഇഷ്ടങ്ങൾ; എന്റെയും...**
**പുനരാഖ്യാനം: വിജേന്ദ്രലാൽ വിദ്യാധരൻ**
വില ₹50




**ബൈബിൾ കഥകൾ**
**പുനരാഖ്യാനം: എൻ എസ് ഐസക്**
വില ₹120




**കൗണ്ട് ഓഫ് മോന്റിക്രിസ്റ്റോ**
(പുനരാഖ്യാനം)
**ജോളി വർഗീസ്**
വില ₹90




**ഓക്സിജന്റെ ആത്മകഥ**
(ശാസ്ത്രം)
**ഡോ. ആറന്മുള ഹരിഹരപുത്രൻ**
വില ₹50



**ബോധ്ഗയയിലൂടെ**
(വൈജ്ഞാനികം)
**സെബാസ്റ്റ്യൻ പള്ളിത്തോട്**
വില ₹70



**റേഡിയത്തിന്റെ അമ്മ**
(ജീവചരിത്രം)
**ഡോ. ടി ആർ ശങ്കുണ്ണി**
വില ₹85




**ശ്രീനുമോളുടെ ലോകം**
(കഥ)
**നാസർ കക്കട്ടിൽ**
വില ₹60




**അന്യം നിൽക്കുന്ന ജീവികൾ**
(ശാസ്ത്രം)
**എസ് ശാന്തി**
വില ₹160




**കടങ്കവിതകൾ**
(കവിത)
**മധു ആലപ്പടമ്പ്**
വില ₹80




**എന്റെ ദോശ നല്ല ദോശ**
(കഥ)
**പ്രേമജ ഹരീന്ദ്രൻ**
വില ₹60

**കോപ്പികൾക്ക്**


**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്,**
**പാളയം,സംസ്കൃത കോളേജ് കാമ്പസ്,**
**തിരുവനന്തപുരം 34, ഫോൺ** 0471-233 3790,
e-mail : thaliru@ksicl.org, director@ksicl.org, www.ksicl.org

പത്തു വയസ്സിനു മുകളിലുള്ള കുട്ടികൾക്കായുള്ള പ്രസിദ്ധീകരണം
നവംബർ 2019
വില ₹20
വാർഷികവരിസംഖ്യ ₹200

# തളിര്

ഉള്ളടക്കം

## പുഴ കൊണ്ടുപോയ ചാക്കുകെട്ട്

**പി കെ ഗോപി**

8



അമ്മയ്ക്കു നൽകാൻ വല്യമ്മ തന്നയച്ച ചാക്കുകെട്ടാണ് പുഴ കൊണ്ടുപോയത്. അതോർത്ത് കുഞ്ഞിലെ അവൻ ഏറെ വിഷമി ച്ചെങ്കിലും ചാക്കുകെട്ടെടുത്ത് പകരം പ്രാണൻ തന്ന പുഴയെ പിന്നീടവൻ നന്ദിയോടെ ഓർത്തു.




## അന്താരാഷ്ട്ര ആവർത്തനപ്പട്ടിക വർഷം 2019

14

**ഡോ. സി പി അരവിന്ദാക്ഷൻ**

രസതന്ത്രത്തിന്റെ നെടുംതൂണായ ആവർത്തനപ്പട്ടിക കണ്ടെത്തിയിട്ട് 150 വർഷം തികയുകയാണ്. അതു കൊണ്ടാണ് 2019 'അന്താരാഷ്ട്ര പീരിയോഡിക് ടേബിൾ വർഷം' ആയി യു എൻ ആചരിക്കുന്നത്.

## സാറും കുട്ടിയും

**ജി ആർ ഇന്ദുഗോപൻ**

20

ചെയ്യാത്ത തെറ്റിന് തന്നെ ശിക്ഷിച്ച സാറിനോട് കുട്ടിക്ക് കടുത്ത അമർഷം ആയിരുന്നു. പിന്നീട് വർഷങ്ങൾക്കു ശേഷം ആ അമർഷം മനസ്സിന്റെ വിങ്ങലായി മാറുകയാണ്.



**മുൻമൊഴി** ....4
സുഗതകുമാരി
**കവിതാപരിചയം**....6
ടാഗോർ
**മലയാളം** ....12
എൻ എസ് സുമേഷ്‌കൃഷ്ണൻ
**കിളിയും പുഴുവും**....13
സാബു കോട്ടുക്കൽ
**മറവി** ....16
അരുൺകുമാർ അന്നൂർ
**വാക്കുപാലിക്കുന്ന സൂര്യൻ**....17
മനോജ് മണിയൂർ
**ആരോഗ്യം** ....24
ഡോ. ബി പത്മകുമാർ
**കടപയാദി**....26
പള്ളിയറ ശ്രീധരൻ
**മലയാളംമിഷൻ രചനകൾ** ....27
**സ്കൂൾഡെയ്സ്**....31
എൻ ടി രാജീവ്
**ടോം സോയറുടെ സാഹസിക ജീവിതം**....32
പുനരാഖ്യാനം : ജോളി വർഗീസ്
**പരീക്ഷ**....37
കെ കെ പല്ലശ്ശന
**ത്രിമാനമുദ്രണം അഥവാ 3D പ്രിന്റിംഗ്**....38
ഫെമീനാ ബീഗം എസ്
**ചപ്പാത്തി ഉണർത്തിയ പാഠം**....39
ഉല്ലല ബാബു
**രക്തമെന്ന അത്ഭുതദ്രാവകം** ....40
കെ പി ലക്ഷ്മണൻ
**ക്ലാസ് വാർ**....43
എം കൃഷ്ണദാസ്
**ഒരു തലക്കനക്കാരന്റെ കഥ** ....44
ജോർജ് വലിയമറ്റത്ത്
**ഒച്ച് അറിഞ്ഞാലോ?** ....48
പി കെ സുധി
**തേൻകുരുവിയും അടയ്ക്കാ കുരുവിയും**....50
കെ പി യൂസഫ്
**മിനുക്കം**....51
പ്രേമജ ഹരീന്ദ്രൻ

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)
ചീഫ് എഡിറ്റർ
**സുഗതകുമാരി**
എഡിറ്റർ
**പള്ളിയറ ശ്രീധരൻ**
പത്രാധിപസമിതി
**സി ആർ ദാസ്**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**
**അഞ്ജന സി ജി**
ആർട്ട്, ലേഔട്ട്
**വിഷ്ണു പി എസ്**
കവർ
**എൻ ജി സുരേഷ് കുമാർ**
**പുല്ലങ്ങടി**
പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
**e-mail : thaliru@ksicl.org, director@ksicl.org**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
**www.ksicl.org**



വര: സചീന്ദ്രൻ കാറഡുക്ക



ഈ ശിശുദിനവേളയിൽ ഗൗരവമുള്ള ചില കാര്യങ്ങളെക്കുറിച്ച് നിങ്ങൾ അറിഞ്ഞിരിക്കണമെന്നും പ്രവർത്തിച്ചു തുടങ്ങണമെന്നും എനിക്ക് ആഗ്രഹമുണ്ട്. നിങ്ങൾക്കു ജീവിക്കുവാനുള്ള ഈ ഭൂമി അതിവേഗം മലിനമാവുകയും ക്ഷയിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. കാലാവസ്ഥാമാറ്റം എല്ലായിടങ്ങളിലും എത്തിക്കഴിഞ്ഞു.

ഭൂമിക്കു ചൂടു കൂടുകയും മഞ്ഞുമലകൾ ഉരുകിവീണ് സമുദ്രതലങ്ങൾ ഉയരുകയുമാണ്. കൊടുങ്കാറ്റും ജലപ്രളയവും ഭൂമികുലുക്കവും ഉരുൾപൊട്ടലുമെല്ലാം നാനാ രാജ്യങ്ങളെയും ഇടയ്ക്കിടെ ബാധിക്കുന്നു. എങ്കിലും കുടിവെള്ളക്ഷാമം വരുമെന്നും വായു വിഷമയമായിക്കൊണ്ടിരിക്കുന്നുവെന്നും ഭക്ഷ്യക്ഷാമം നാടെങ്ങുമുണ്ടാവുമെന്നുമുള്ള ശാസ്ത്രത്തിന്റെ മുന്നറിയിപ്പുകൾ ആരും അത്ര ഗൗരവമായി എടുക്കുന്നില്ല.

ഈ ഭൂമി കുട്ടികൾക്കുള്ളതാണ്. മുതിർന്നവർ ഈ വിധം സർവവും നശിപ്പിക്കുകയാണെങ്കിൽ ഞങ്ങൾ എങ്ങനെ ജീവിക്കും? എന്ന ചോദ്യവുമായി സ്വീഡനിലെ ഒരു പെൺകുട്ടി ഗ്രെറ്റ ട്യൂൻബർഗും കൂട്ടുകാരികളും ഒരു വലിയ പ്രസ്ഥാനം ആരംഭിച്ചിരിക്കുകയാണ്. ഭൂമിയുടെ ചൂട് വർധിക്കുന്നതിനാൽ ഈയിടെ ഉണ്ടായ ഉഷ്ണതരംഗങ്ങളും കാട്ടുതീയും ഗ്രെറ്റയ്ക്കും കൂട്ടുകാർക്കും ഒരു പുതിയ രീതിയിലുള്ള സമരത്തിന് പ്രേരണ നൽകി. 'ഞങ്ങൾക്ക് ഒരു നല്ല ഭാവി വേണം' എന്നവർ ഒരേ സ്വരത്തിൽ ആവശ്യപ്പെട്ടു. ഈയൊരു പ്രതിഷേധം ലോകതലത്തിൽ തന്നെ ശ്രദ്ധിക്കപ്പെട്ടു തുടങ്ങിയിരിക്കുന്നു. കുട്ടികൾ ഭൂമിക്കുവേണ്ടി അണിനിരക്കുന്ന ഈ വേളയിൽ നമുക്ക് മലയാളനാട്ടിലെ കുട്ടികൾക്ക് എന്തു ചെയ്യാൻ കഴിയും?


കുറച്ചുവർഷം മുമ്പ് നമ്മുടെ നാട്ടിൽ ഒരു സമരമുണ്ടായത് ഓർമിപ്പിക്കട്ടെ. മധ്യകേരളത്തിലെ ആറന്മുളയെന്ന മനോഹരമായ നാട്ടിൻപുറത്ത് ഒരു വിമാനത്താവളം നിർമിക്കുവാൻ ചിലർ ശ്രമമാരംഭിച്ചു. സർക്കാർ അതിന് അനുവാദവും നൽകി. ആയിരക്കണക്കിന് ഏക്കർ കൃഷിഭൂമിയും തണ്ണീർത്തടവും നികത്തി, തോടുകളെ മണ്ണിട്ടു മൂടി, നിരന്നുനിൽക്കുന്ന കുന്നുകൾ ഇടിച്ച്

നാട്ടുകാരെ ഒഴിപ്പിച്ച് ആ പമ്പാതീര പ്രദേശമെല്ലാം കോൺക്രീറ്റ് ചെയ്തുവേണം ഈ വികസനം നടത്തേണ്ടത്. നാട്ടുകാർ പാർട്ടിഭേദം മറന്ന് അതിനെതിരായി സംഘടിച്ചു. നീണ്ടതും ശക്തവുമായ പ്രതിഷേധങ്ങൾക്കും കോടതി കയറലുകൾക്കുമെല്ലാം ഒടുവിൽ ഞങ്ങളുടെ ആ ധർമസമരം വിജയത്തിലെത്തി. പമ്പാതീരം ഇപ്പോൾ പ്രശാന്തമാണ്. കുറേ ഭാഗങ്ങളിൽ നാട്ടുകാർ കൃഷിയിറക്കിത്തുടങ്ങി. നെൽപ്പാടങ്ങൾ ഉണരുകയാണ്.

ഇതിൽ കുട്ടികൾക്കെന്തുകാര്യം എന്നാവാം നിങ്ങൾ ആലോചിക്കുന്നത്. പറയാം. സമരത്തിനിടയിൽ അതിലൊരു പങ്കാളിയായ ഞാൻ കുട്ടികൾക്കു മാതൃഭൂമിയിലൂടെ ഒരു കത്തെഴുതി. ആറന്മുളയിലെ വയലുകൾ നിങ്ങൾക്ക് അന്നം തരുന്നവയാണെന്നും അവ നശിപ്പിച്ചിട്ടുള്ള ഒരു വികസനവും അനുവദിക്കരുതെന്നും കുട്ടികൾ പോസ്റ്റ് കാർഡിൽ മുഖ്യമന്ത്രിയോട് അപേക്ഷിക്കണമെന്നുമായിരുന്നു ഞാനെഴുതിയത്. അത്ഭുതകരമായിരുന്നു കുട്ടികളുടെ പ്രതികരണം. പതിനായിരക്കണക്കിനു കത്തുകളായിരുന്നു അന്ന് മുഖ്യമന്ത്രിയുടെ ഓഫീസിലേക്കു പ്രവഹിച്ചത്. അന്നത്തെ ബഹു. മുഖ്യമന്ത്രി ശ്രീ ഉമ്മൻചാണ്ടി സ്കൂളുകൾക്ക് മറുപടിയെഴുതി. കഴിയുന്നിടത്തോളം വയലുകൾ സംരക്ഷിച്ചുകൊള്ളാമെന്നായിരുന്നു അതിന്റെ സംക്ഷേപം. ആറന്മുള വയലുകളിൽ ഇന്ന് കൊയ്ത്തുപാട്ടുയരുന്നു. വെള്ളക്കെട്ടുകളും ബാക്കിയായ കുന്നുകളും തോടുകളും സസ്യങ്ങളും കിളികളും മീനുകളുമെല്ലാം കുട്ടികളോടു നന്ദി പറയുന്നു.

അതുപോലെ പലതും ചെയ്യാനുണ്ട്. ഇന്ത്യയെയും കുഞ്ഞുങ്ങളെയും ഉള്ളഴിഞ്ഞു സ്നേഹിച്ച ആ മഹാപുരുഷന്റെ, 'എന്റെ ജന്മനാൾ ഇന്ത്യയിലെ കുട്ടികൾക്ക്' എന്നു ചിരിച്ചുകൊണ്ട് പറഞ്ഞ ചാച്ചാ നെഹ്റുവിന്റെ ഈ പിറന്നാൾ. മാസത്തിൽ നമുക്കതിനു തുടക്കം കുറിക്കാം. ആദ്യമായി പ്ലാസ്റ്റിക് ശേഖരണത്തിൽ നമുക്കീ യത്നം ആരംഭിക്കാം. അതിനു ചെയ്യേണ്ടതെന്തെന്ന് നിങ്ങളുടെ അധ്യാപകരോടു ചോദിക്കുക. അവർ തീർച്ചയായും പറഞ്ഞുതരും. ബാക്കി പരിപാടികൾ പിന്നാലെ.

സ്നേഹത്തോടെ
പിറന്നാൾ ആശംസകളോടെ
**സുഗതകുമാരി**



# ലോകസമുദ്രത്തിന്റെ തീരത്ത്

ടാഗോർ
പരിഭാഷ : ജി ശങ്കരക്കുറുപ്പ്

ലോകസമുദ്രത്തിൻ വക്കിൽ
ക്കുഞ്ഞുങ്ങളാമേളിക്കുന്നൂ
നാകമനങ്ങാതെ നിൽപ്പൂ
മീതേ വിശാലം;
നീലജലം ഫേനാകുലം
നൃത്തലോലം; തീരത്തെന്തു-
കോലാഹലം- കുഞ്ഞുങ്ങള-
ങ്ങാ മേളിക്കുന്നൂ.


മെനയുന്നൂ മണ്ണുകൊണ്ടു
മന്ദിരങ്ങൾ; കളിക്കുന്നൂ
മണലിൽ വെള്ളാരങ്കല്ലും
ചിപ്പിയും വാരി.
ഇലകളാൽ കളിയോടം
ചങ്ങാടവും തീർത്തു നീല-
ജലവിതാനത്തിലവ-
രൊഴുക്കീടുന്നു.

പല പല കളികളി-
ലിങ്ങനെ മുഴുകീടുന്നി-
തുലകസമുദ്രതീര-
ത്തോമൽക്കിടാങ്ങൾ.

അറിവില്ലവർക്കു നീന്താൻ,
വശമില്ലവർക്കു വല-
യെറിവാൻ;- മുക്കുവർ മുത്തു
തപ്പി മുങ്ങുന്നു.
കടലിൽക്കപ്പലോടിച്ചു
കച്ചോടക്കാരുഴലുന്നൂ;
കിടാങ്ങൾ വെള്ളാരങ്കല്ലു
വാരിക്കൂട്ടുന്നു.
വാരിയെറിയുന്നൂ; പൊന്നും
രത്നവുമാരായുന്നീലാ,
വാരിധിയിൽ വല വീശാൻ
വശവുമില്ല.

കരൾ തുളുമ്പുന്ന കടൽ
        വെൺനുരയാൽച്ചിരിക്കുന്നൂ
കര തൻ ചുണ്ടിലും ചിരി-
        കലർന്നിടുന്നൂ.
അമ്മ തൊട്ടിൽ പിടിച്ചാട്ടി-
        ത്താരാട്ടു പാടുന്നപോലെ-
യിമ്മഹാഭയങ്കരമാം
        തരംഗമാല,
ബാലകർ തൻ കാതുകളി-
        ലാലപിക്കയാണൊഴുകും
ലോലശ്രുതിയോടിണങ്ങി-
        യലിയും ഗാഥാ.
കളിമ്പപ്പൈതങ്ങളോടു
        കളിക്കുന്നൂ പെരുങ്കടൽ.
കരയതു കണ്ടു പൊട്ടി-
        ച്ചിരിച്ചീടുന്നു.

വര: സചീന്ദ്രൻ കാറഡുക്ക



കഥ

# പുഴ കൊണ്ടുപോയ ചാക്കുകെട്ട്

**പി കെ ഗോപി**

പുഴയുടെ മറുകരയിൽ വല്യമ്മയുടെ വീട്. നിറയെ മരങ്ങളും വള്ളിപ്പടർപ്പും പൂക്കളുമുള്ള പറമ്പ്.



വര: സജി വി

പടർന്നുപന്തലിച്ച കശുമാവുകൾ. കൽക്കണ്ടമാവും കസ്തൂരിമാവും ചില്ലകൾ ചായ്ച്ചു നിൽക്കും. മാങ്കനിയുടെ ഭാരം താങ്ങാനാവാതെ തേന്മാവ് നമ്മളെ മാടിവിളിക്കും. ഇഷ്ടംപോലെ മാമ്പഴം തരും. വേനലവധിക്കാലം കഴിയാറായി. വല്യമ്മയുടെ വീടിനോട് യാത്രപറയണം. മനസ്സ് വിങ്ങിപ്പൊട്ടുന്ന നിമിഷം. ചോറും കറിയും തന്ന വല്യമ്മ. തേങ്ങാപ്പൂളും ശർക്കരയും തന്ന വല്യച്ഛൻ. വലിയ മരത്തിൽക്കയറി ആഞ്ഞിലിപ്പഴം പറിച്ചുതന്ന ചേട്ടന്മാർ. കുളത്തിൽ നീന്തിക്കുളിക്കാൻ പഠിപ്പിച്ച ചേച്ചിമാർ. പച്ചപ്പുല്ലും പിണ്ണാക്കും കാടിയും കൊടുത്താൽ പാത്രംനിറയെ പാൽ തരുന്ന പശു. പോകുന്നിടത്തെല്ലാം ഓടിച്ചാടി കൂടെ വരുന്ന കുഞ്ഞാടുകൾ. എങ്ങനെയാണ് ഇവയോടൊക്കെ വിടപറയുക?! രാത്രി ഉറങ്ങാനേ പറ്റില്ല. രാവിലെ യാത്രപറയുമ്പോൾ കരയാതിരിക്കാനാവുമോ...? ഓരോന്നോർത്ത് തിരിഞ്ഞും മറിഞ്ഞും കിടന്നു.

നേരം വെളുത്തു. വല്യമ്മ കപ്പയും കിഴങ്ങും കാച്ചിലും പലവിധ പലഹാരങ്ങളും പൊതിഞ്ഞുകെട്ടി വച്ചിട്ടുണ്ട്.

''അത്ര വല്യ ഭാരമൊന്നുമില്ല. മോന് കൈയിൽപ്പിടിക്കാം. കൈകഴച്ചാൽ തോളിൽ വയ്ക്കാനേ ഉള്ളൂ...'' വല്യച്ഛൻ അഭിപ്രായം പറഞ്ഞു.

പുത്തനുടുപ്പും നിക്കറും വല്യച്ഛന്റെ സമ്മാനമാണ്. ഒരാഴ്ച മുമ്പേ തുന്നിക്കിട്ടിയിട്ടുണ്ട്. കുളിച്ചുവന്ന് കഞ്ഞി കുടിച്ചപ്പോഴേക്കും വല്യച്ഛൻ വിളിച്ചു. ''വന്നേ, നോക്കട്ടെ. പാകമായിരിക്കും. ഗോവിന്ദൻ തുന്നിയാൽ അളവു തെറ്റില്ല.''

ശരിയാണ്. പാകം. നല്ല നിറം. എനിക്ക് ഇഷ്ടമായി. വലിയച്ഛന് മനസ്സാ നന്ദി പറഞ്ഞു. ഒതുക്കു കല്ല് ഇറങ്ങിപ്പോരുമ്പോൾ വല്യമ്മ കൈപിടിച്ച് ഒരു ഉമ്മ തന്നു. അതായിരുന്നു സങ്കടം കരച്ചിലായി മാറാൻ കാരണം.

**കുളിച്ചുവന്ന് കഞ്ഞികുടിച്ചപ്പോഴേക്കും വല്യച്ഛൻ വിളിച്ചു. “വന്നേ, നോക്കട്ടെ. പാകമായിരിക്കും. ഗോവിന്ദൻ തുന്നിയാൽ അളവു തെറ്റില്ല.” ശരിയാണ്. പാകം. നല്ല നിറം. എനിക്ക് ഇഷ്ടമായി. വലിയച്ഛന് മനസ്സാ നന്ദി പറഞ്ഞു. ഒതുക്കു കല്ല് ഇറങ്ങിപ്പോരുമ്പോൾ വല്യമ്മ കൈപിടിച്ച് ഒരു ഉമ്മ തന്നു. അതായിരുന്നു സങ്കടം കരച്ചിലായി മാറാൻ കാരണം.**

''സൂക്ഷിച്ചു പോണം. പേടിക്കാനൊന്നുമില്ല. പുഴയിൽ വെള്ളം കുറവാ. ചന്തയിൽ പോകുന്നവരൊക്കെ അതു വഴിയല്ലേ യാത്ര. ആൾക്കാരുടെ കൂടെ മോനങ്ങു പോയാൽമതി.''

വല്യമ്മ അനുഗ്രഹിച്ചു.

ഇടവഴി തീരുംവരെ വല്യച്ഛൻ കൂടെ വന്നു. പിന്നെ മടങ്ങിപ്പോന്നു. ഒറ്റയ്ക്കു നടക്കുമ്പോൾ ചാക്കുകെട്ടിന്റെ ഭാരം അറിഞ്ഞതേയില്ല. ഇത് നാലാം തവണയാണ് തനിയെ യാത്ര. വഴി അറിയാം. വലിയ പേടിയില്ല. ഇടയ്ക്കിടെ ആരെങ്കിലും വഴി നടപ്പുകാരുണ്ടാകും കൂട്ടിന്. ഏതെങ്കിലും വീട്ടുമുറ്റത്തു നിന്ന് പട്ടി കുരയ്ക്കും. കിളികൾ ചിലക്കും.

*****

പുഴ... പളുങ്കുജലം. മണലിന്റെ തിളക്കം. കഷ്ടിച്ചു കാൽമുട്ടുവരെ മാത്രം ആഴം. ചാക്കുകെട്ട് തോളിൽ വച്ചു. പുഴവെള്ളത്തിന്റെ കുളിരു തട്ടിയപ്പോൾ പാദങ്ങൾക്ക് സുഖം. മുമ്പിൽ ധാരാളം ആളുകൾ നടക്കുന്നുണ്ട്. ചിലർ കൈയും മുഖവും കഴുകുന്നുണ്ട്. തോളിൽ ചുമടുള്ളതിനാൽ എനിക്ക് മുഖം കഴുകാൻ കഴിയുന്നില്ല. എങ്കിലും കുനിഞ്ഞ് കൈനനച്ച് മുഖത്ത്



തഴുകി. പുഴയുടെ മുക്കാൽ ദൂരവും പിന്നിട്ടുകഴിഞ്ഞു. ചാക്കുകെട്ടില്ലായിരുന്നെങ്കിൽ ഞാൻ ഒന്നു മുങ്ങിക്കുളിച്ചേനെ. വല്യമ്മ അമ്മയ്ക്ക് സമ്മാനമായി തന്നയച്ചതാണ്. അത് കേടുവരാതെ എത്തിക്കണം. ഇടയ്ക്ക് ഒരു കുളിർകാറ്റ് വീശിയടിച്ചു.

നാടെല്ലാം ചുറ്റിയടിച്ച് മലയിലേക്ക് കയറിപ്പോകുന്ന കാറ്റാണ്. കാറ്റിനോടൊപ്പം പോയാൽ വയലേലയും വാഴത്തോപ്പും താഴ്‌വരയും കടന്ന് അച്ചൻകോവിലാറിന്റെ തീരങ്ങളിലൂടെ കിഴക്കൻ മലയിലെത്താം. കാറ്റേ പോയി വാ. ഞാൻ പിന്നെ വരാം...

പെട്ടെന്ന് ആരൊക്കെയോ വിളിച്ചുകൂവുന്നു. കരയിൽനിന്നും കൈകൊട്ടി വിളിക്കുന്നു. ആകെയൊരാരവം. പുഴയിലെ യാത്രക്കാർ തിരക്കിട്ടോടുന്നു. ആരോ എന്റെ കൈപിടിച്ചു. വേഗം പോ... മലവെള്ളം വരുന്നു... മലവെള്ളം... ഓട്... ഓടിക്കോ...

ഞാൻ പേടിച്ചു. എന്തൊക്കെയോ സംഭവിക്കുന്നു. ഓടുന്നവരുടെ പിറകെ വേഗത്തിൽ ഞാനും കൂടി. എന്റെ ചാക്കുകെട്ട് തോളിൽനിന്ന് പിടിവിട്ട് വെള്ളത്തിൽ വീണൊഴുകി.

''യ്യോ... എന്റെ ചാക്കുകെട്ട്...'' ഞാൻ നിലവിളിച്ചു.

''മലവെള്ളം വരുംമുമ്പ് ഓടിക്കോ. കരപറ്റാൻ നോക്ക്. ചാക്കുകെട്ട് പോയാൽ പോട്ടെ!'' ആരൊക്കെയോ എന്റെ കൈപിടിച്ച് ഓടി. വെള്ളം നാലുപാടും ചിതറി. ആകെ നനഞ്ഞുകുളിച്ച് മറുകരയെത്തി തിരിഞ്ഞുനോക്കുമ്പോൾ, കുത്തിയൊലിച്ച് കലങ്ങിമറിഞ്ഞ്, ഇരമ്പിക്കുതിക്കുന്ന മലവെള്ളം പുഴയെ വിഴുങ്ങി!

ഞാൻ അടിമുടി വിറച്ചു. വല്യമ്മ തന്നയച്ചതെല്ലാം പുഴകൊണ്ടുപോയി.

''എന്റെ ചാക്കുകെട്ട് പോയി. വല്യമ്മ തന്നയച്ചതാ.'' ദൈന്യമായ തേങ്ങൽക്കേട്ട് ആരോ പറഞ്ഞു. ''ജീവൻ കിട്ടിയല്ലോ. അതാ വലുത്. മോൻ നടന്നോ...''

കരകളിൽ ആളുകൾ കൂടി. ഉൾവനത്തിൽ എവിടെയെങ്കിലും വലിയ മഴ പെയ്തുകാണും. ഉരുൾപൊട്ടലോ മണ്ണിടിച്ചിലോ എന്തുമാവാം. മലവെള്ളം ഇരമ്പിവരുമ്പോൾ ജീവനുംകൊണ്ട് ഓടുകയല്ലാതെ രക്ഷയില്ല. വെള്ളപ്പൊക്കം കാണാൻ ഇരുകരകളിലും എത്രയാണാളുകൾ!!

വീട് പറ്റുക എന്ന ഒരേ ഒരു ചിന്തയിൽ ഞാൻ നടന്നു. ഓടി. ശരീരത്തിലെ ചൂടേറ്റ് പുത്തൻ ഉടുപ്പും നിക്കറും ഉണങ്ങി.

വെറുംകൈയോടെ വീടെത്തുമ്പോൾ അമ്മയും അച്ഛനും വിശേഷങ്ങൾ കേൾക്കാൻ കാത്തുനിന്നിരുന്നു. വിരുന്നു പോയ ആൾ മടങ്ങിവന്നതല്ലേ?

എന്റെ വിവരണം കേട്ട് അമ്മ അമ്പരന്നു. അച്ഛൻ നെഞ്ചത്തു കൈവച്ചു.

''കപ്പയും കാച്ചിലും പലഹാരോം എല്ലാം വീണുപോയി. അതു പിടിക്കാൻ നിന്നാൽ...'' എനിക്ക് കരച്ചിൽ വന്നു.

''യ്യോ...മലവെള്ളം വരുമ്പോ മറ്റെല്ലാം പോട്ടെ... ന്റെ കുഞ്ഞിന്റെ ജീവൻ കിട്ടിയല്ലോ. അതുമതി.'' അമ്മ എന്നെ ചേർത്തുപിടിച്ചു. എന്നെ ഒറ്റയ്ക്ക് പുഴ കടത്തിവിട്ടതിൽ അച്ഛൻ അരിശം കൊണ്ടു. വല്യമ്മയുടെ വീട്ടുകാരെ കുറ്റപ്പെടുത്തി.

''ഇനീ വിരുന്നും പരന്നുമൊന്നും പോകണ്ട. അവധിക്ക് ഇവിടെങ്ങാനും കളിച്ചാ മതി. എന്തായാലും ആപത്തൊഴിഞ്ഞത് ഭാഗ്യം! അവന് ക്ഷീണം കാണും. കഞ്ഞി കൊട്.'' അച്ഛൻ മുറ്റത്തേക്കിറങ്ങി.

അമ്മയും ചേച്ചിമാരും വിശേഷങ്ങൾ ചോദിച്ചുകൊണ്ടേയിരുന്നു. വാതോരാതെ പറയുമ്പോൾ പലപ്പോഴും തേങ്ങി. വല്യമ്മ തന്നയച്ചത് അമ്മയ്ക്ക് കൊടുക്കാൻ കഴിയാത്ത ദുഃഖം പുകഞ്ഞു.

******

ഈ അടുത്തകാലത്ത് കോന്നിയിലൂടെ യാത്ര ചെയ്യുമ്പോൾ അച്ചൻകോവിലാറിന്റെ തീരം കണ്ടു. എന്റെ ചാക്കുകെട്ടെടുത്ത് പകരം പ്രാണൻ തന്ന പുഴയോട് നന്ദിപറഞ്ഞ് ഓർമയിലൂടെ വീണ്ടും ഓടി...



# നെഹ്റുവിന്റെ

## ഉദ്ധരണികൾ...



❖ ഇന്ത്യാക്കാരായ നാം ഇന്ത്യയിൽ ജീവിക്കുകയും ഇന്ത്യയ്ക്കുവേണ്ടി പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ നാം വിപുലമായ ഒരു ലോകകുടുംബത്തിലെ അംഗങ്ങളാണെന്നും അന്യരാജ്യക്കാരും നമ്മുടെ ചാർച്ചക്കാർതന്നെയാണെന്നും നാം മറക്കരുത്.

❖ നല്ല കെട്ടിടങ്ങൾ, നല്ല ചിത്രങ്ങൾ, പുസ്തകങ്ങൾ – എന്നു തുടങ്ങിയ എല്ലാ വിശിഷ്ടവസ്തുക്കളും സംസ്കാരത്തിന്റെ ലക്ഷണങ്ങൾ തന്നെയാണ്. എന്നാൽ സ്വാർഥം കൂടാതെ സകലരുടെയും ഉത്കർഷത്തിൽ മറ്റുള്ളവരോട് യോജിച്ചു പ്രവൃത്തി ചെയ്യുന്ന ഒരു വിശിഷ്ടപുരുഷനാണ് ഒരു രാജ്യത്തിലെ സംസ്കാരത്തിന്റെ ഉത്തമലക്ഷണം.

❖ ഒറ്റയ്ക്കു പ്രവർത്തിക്കുന്നതിനേക്കാൾ നല്ലത് മറ്റുള്ളവരോട് ചേർന്ന് പ്രവൃത്തി ചെയ്യുന്നതാണ്. എന്നാൽ മറ്റുള്ളവരോട് ചേർന്ന് സകലരുടെയും നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്നതാണ് ഏറ്റവും ഉത്കൃഷ്ടമായിട്ടുള്ളത്.

❖ നമ്മുടെ പൂർവികർ നദികളെ പരിപാവനങ്ങളായി കരുതി. നീലനദിയെ 'നീലപിതാവ്' എന്നും ഗംഗാനദിയെ 'ഗംഗാമാതാവ്' എന്നും വിശേഷിപ്പിച്ചു. നദികളെ അത്രമാത്രം ആശ്രയിച്ച് ജീവിതം നയിച്ചിരുന്ന അവർക്ക് വെള്ളവും വയലുകളെ ഫലപ്രദങ്ങളും ധാന്യസമൃദ്ധവുമാക്കിത്തീർക്കുവാനുള്ള വിശേഷമായ മണ്ണും ചെളിയും നദികളിൽ നിന്ന് കിട്ടിയിരുന്നു. നദികൾ പരിപാവനങ്ങളായി ഗണിക്കപ്പെടുന്നത് അവ ജലവും ഭക്ഷണവും പ്രദാനം ചെയ്യുന്നതുകൊണ്ടാണെന്ന് നമുക്ക് ഓർമയുണ്ടായിരിക്കണം.

❖ നിലത്തിലും മലഞ്ചെരുവുകളിലും നീ കാണുന്ന ഓരോ കല്ലും പ്രകൃതിഗ്രന്ഥത്തിലെ ഓരോ ചെറിയ ഏടുകളായിരിക്കാൻമതി. ഹിന്ദി, ഉർദു, ഇംഗ്ലീഷ് ഇങ്ങനെയുള്ള ഏതു ഭാഷയും വായിക്കാറാകണമെങ്കിൽ ആ ഭാഷയിലെ അക്ഷരമാല ആദ്യമായി പഠിക്കണം. അതുപോലെതന്നെ കല്ലുകളും പാറകളുമാകുന്ന ഗ്രന്ഥങ്ങളിൽനിന്ന് പ്രകൃതിചരിത്രം വായിക്കണമെങ്കിൽ പ്രകൃതിഭാഷയിലെ അക്ഷരമാല പഠിക്കണം. ഉരുണ്ടതും മിനുമിനുത്തതുമായ ഒരു ചെറിയ ഉരുളൻകല്ല് സൂക്ഷിച്ചുനോക്കുമ്പോൾ അത് നിന്നോടും ചിലതെല്ലാം പറയുന്നില്ലേ? മുനയും മൂലയുമില്ലാതെ അത് ഉരുണ്ട് മിനുത്ത് മിന്നുന്ന കല്ലായിത്തീർന്നതെങ്ങനെ? നോക്കിക്കാണുവാൻ കണ്ണും കേൾക്കുവാൻ ചെവിയും നിനക്കുണ്ടെങ്കിൽ ആ കല്ല് അതിന്റെ കഥ നിന്നോടു പറയും.

❖ മനുഷ്യന് ചെയ്യാവുന്ന ഏറ്റവും ബുദ്ധിശൂന്യമായ പ്രവൃത്തി യുദ്ധം ചെയ്ത് അന്യോന്യം കൊല്ലുന്നതാണെന്ന് പൂർവികർ മനസ്സിലാക്കിയിരുന്നില്ല. ഇന്നും ആ വാസ്തവം മനുഷ്യർ അറിഞ്ഞുകാണുന്നില്ല. യുദ്ധം ആർക്കും യാതൊരു ഗുണവും ചെയ്യുന്നില്ല.

❖ ചില ഗുണങ്ങളും ചില ദോഷങ്ങളുമില്ലാതെ വാസ്തവത്തിൽ ഒരാളുമില്ല. നന്മ എവിടെക്കണ്ടാലും അതിനെ സ്വീകരിക്കുകയും തിന്മ എവിടെയായാലും അതിനെ നീക്കം ചെയ്യുകയുമാണ് നമ്മുടെ കർത്തവ്യം.

# മലയാളം

എൻ എസ് സുമേഷ്കൃഷ്ണൻ

മധുരം മധുരം മലയാളം
മധുപോൽ മധുരം മലയാളം
വനിയിൽ വിരിയും മലർപോലെ
കടലിന്നുള്ളിൽ തിരപോലെ
മനസ്സിൽ വിരിയും മലയാളം
മൊഴിയിൽ തെളിയും മലയാളം
അമ്മയ്ക്കൊപ്പം പ്രിയമാമീ
അമ്മിഞ്ഞത്തെളിമലയാളം
കുളിരലയിളകും മലയാളം
കളകളമൊഴുകും മലയാളം
കരളിലുണർന്നൊരു മലയാളം
കനവിലലിഞ്ഞൊരു മലയാളം
തളിരിലപോലെൻ മലയാളം
തരളിതയാമെൻ മലയാളം.

*(ഇൻസ്റ്റിറ്റ്യൂട്ട് ഉടൻ പ്രസിദ്ധീകരിക്കുന്ന **നീലക്കുറിഞ്ഞി** എന്ന പുസ്തകത്തിൽ നിന്ന്)*







വര: ബാബുരാജൻ

# കിളിയും പുഴുവും

സാബു കോട്ടുക്കൽ

### കിളി:
എന്തൊരു ഗർവ്വാണോണപ്പുഴുവേ, നിനക്കിപ്പോ –
ളീപ്പുള്ളിക്കുപ്പായത്തിലേറിവന്നതിനാലോ?

### പുഴു:
അല്ലെ,നിക്കളക്കാമീ ലോകത്തെ,
വേണ്ടുന്നാകിൽ
നിന്റെയിപ്പൂമെയ്തന്നെ നിശ്ചയം കിറുകൃത്യം.

ഒന്നുപുഞ്ചിരിച്ചു പൂഞ്ചിറകടിച്ചൊരു ഗാനം
മധുരം മൂളി  കിളി, പറന്നു മടങ്ങുന്നു.

### കിളി:
ആകുമോ പ്രിയതോഴാ! നിനക്കെൻ ചിറകടി–
മേളത്തിൽ വിലയിച്ച പാട്ടിനെയളക്കുവാൻ?



വര: ബോബി എം പ്രഭ


# അന്താരാഷ്ട്ര ആവർത്തനപ്പട്ടിക വർഷം 2019

ഡോ. സി പി അരവിന്ദാക്ഷൻ

**2019 'അന്താരാഷ്ട്ര പീരിയോഡിക് ടേബിൾ വർഷം' ആയി ആചരിക്കുകയാണ് ഐക്യരാഷ്ട്ര സഭ. നമ്മുടെ പ്രപഞ്ചത്തിലെ അറിയപ്പെടുന്ന മുഴുവൻ മൂലകങ്ങളും ആവർത്തനപ്പട്ടികയിലുണ്ട്. ചുരുക്കത്തിൽ പ്രപഞ്ചത്തിലെ പുതിയ പുതിയ കാഴ്ചകൾ നാം കാണുകയാണ്. രസതന്ത്രത്തിന്റെ നെടുംതൂണായ ഈ പട്ടിക കണ്ടെത്തിയിട്ട് 150 വർഷം തികയുകയാണ്. അതുകൊണ്ടാണ് 2019 'അന്താരാഷ്ട്ര പീരിയോഡിക് ടേബിൾ വർഷം' ആയി യു എൻ ആചരിക്കുന്നത്.**

എല്ലാ വസ്തുക്കളും മൂലകങ്ങളാൽ നിർമിതമായതിനാൽ വിവിധ ശാസ്ത്ര ശാഖകൾ തമ്മിലുള്ള വേർതിരിവ് ഇല്ലാതാക്കാനുള്ള മൂലഭാഷയായി ആവർത്തനപ്പട്ടികയെ സ്വീകരിക്കാമെന്നും അതുവഴി ലോകത്തിന്റെ നിലനിൽപ്പിന് ഗുണപരമായ രീതിയിൽ പ്രകൃതിയെ സംരക്ഷിച്ചുകൊണ്ട് ശാസ്ത്രമുന്നേറ്റം സാധ്യമാക്കാമെന്നുമുള്ള ആശയമാണ് 'IYPT2019' (The International Year of the Periodic Table) ലൂടെ യുനെസ്കോ വിഭാവനം ചെയ്തിരിക്കുന്നത്.

'ശാസ്ത്രം സമൂഹം ലോകം സുസ്ഥിരവികസനം' എന്നതാണ് സുപ്രധാന സന്ദേശം. റഷ്യൻ രസതന്ത്രജ്ഞനായ ദിമിത്രി മെന്റലിയേവ് മൂലകങ്ങളെ അവയുടെ ആറ്റോമിക ഭാരത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച് ലളിതമാക്കി രസതന്ത്രപഠനം രസകരമാക്കി. 1869 ൽ ആണ് മെന്റലിയേവ് തന്റെ പരിഷ്കരിച്ച ആവർത്തനപ്പട്ടിക ശാസ്ത്രലോകത്തിനു സമർപ്പിച്ചത്. 150 വർഷം മുമ്പ്! അണുഘടനയെ കുറിച്ച് കാര്യമായ ഒരറിവും ഇല്ലാതിരുന്ന കാലത്ത്. ഏകദേശം കാൽനൂറ്റാണ്ട് കഴിഞ്ഞാണ് ജെ ജെ തോംസൺ, റൂഥർഫോർഡ്, നീൽസ് ബോർ തുടങ്ങിയ ശാസ്ത്രജ്ഞർ അണുഘടന കണ്ടെത്തിയത്. 2011 'അന്താരാഷ്ട്ര രസതന്ത്രവർഷം' ആയി യുനെസ്കോ ആചരിച്ചപ്പോൾ മുഖ്യവിഷയം ആയി എടുത്തത് എല്ലാ ശാസ്ത്രശാഖകളെയും ബന്ധിപ്പിക്കുന്ന ഒരു ചങ്ങലക്കണ്ണിയായി രസതന്ത്രശാഖയെ പരിഗണിക്കണമെന്നതായിരുന്നു.



ദിമിത്രി മെന്റലിയേവ്



ആവർത്തനപ്പട്ടിക

പ്രപഞ്ചത്തിലെ സർവചരാചരങ്ങളും (Matter - ദ്രവ്യം) വിവിധ മൂലകങ്ങളാൽ അഥവാ അവയുടെ ആറ്റങ്ങളാൽ നിർമിതമാണ്. വിസ്മയാവഹമായ പട്ടികയാണ് ആവർത്തന പ്പട്ടിക. മനുഷ്യശരീരം സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് ഏതാണ്ട് ഇരുപത്തിനാലോളം മൂലകങ്ങൾ കൊണ്ടാണ്. ആവർത്തനപ്പട്ടികയിലെ 90 മൂലകങ്ങൾ പ്രകൃതിയിൽ കാണുന്നവയാണ്.

ആവർത്തനപ്പട്ടികയിലെ മൂലകങ്ങളുടെ കണ്ടുപിടുത്തത്തിൽ വനിതാ സാന്നിധ്യം വളരെ ശ്രദ്ധേയമാണ്. മാഡം ക്യൂറി (ക്യൂറിയം (96)), ബെർട്ടകാർലിക് (അസ്റ്ററ്റിൻ (85)), ഐഡാനൊഡാക് (റീനിയം (75)), മാർഗരറ്റ് പെരെ (ഫ്രാൻസിയം (87)), ലെയ്സ്മൈറ്റ്നർ (മൈറ്റ്നേറിയം (109)) എന്നിവർ ആവർത്തനപ്പട്ടികയ്ക്ക് മികച്ച സംഭാവനകളാണ് നൽകിയിട്ടുള്ളത്.

പ്രപഞ്ചത്തിന്റെ അടിത്തറ– രസതന്ത്രം പടുത്തുയർത്താൻ ഉപയോഗിച്ച ഇഷ്ടികകൾ– മൂലകങ്ങൾ– അവയുടെ അറ്റോമിക സംഖ്യയനുസരിച്ച് ഒരു പട്ടികാരൂപത്തിൽ ചിട്ടപ്പെടുത്തിയതാണ് ആവർത്തനപ്പട്ടിക (Periodic Table).

ഈ പട്ടിക അത്യാന്താപേക്ഷിതമായ ഒരു പഠനഗവേഷണോപാധിയാണ്. ഗണിതം, ഭൗതികശാസ്ത്രം, രസതന്ത്രം, ജീവശാസ്ത്രം എന്നീ ശാസ്ത്രശാഖകളുടെ പരസ്പര ബന്ധം ആവർത്തനപ്പട്ടികയുടെ പഠനത്തോടെ വ്യക്തമാകുന്നു.

ശാസ്ത്രത്തിൽ സിദ്ധാന്തവും പ്രയോഗവും തമ്മിലുള്ള അനിഷേധ്യമായ ബന്ധത്തിന് ഊന്നൽ കൊടുക്കുന്നതാണ് പിരിയോഡിക് ടേബിളിലെ ബ്ലോക്കുകളും സബ്ഷെല്ലുകളും, അവയുടെ ക്രമീകരണവും. ലളിതമായ $2n^2$ എന്ന ഫോർമുല ഷെല്ലുകളിൽ ഉൾക്കൊള്ളാവുന്ന പരമാവധി ഇലക്ട്രോണുകളുടെ എണ്ണം സൂചിപ്പിക്കുന്നു. ഊർജം (Energy) മാറ്റിനിർത്തിയാൽ ചുറ്റുപാടും കാണുന്നതെല്ലാറ്റിലും മൂലകങ്ങളുടെയും യൗഗികങ്ങളുടെയും മിശ്രിതങ്ങളുടെയും സ്വഭാവഗുണങ്ങൾ കാണാവുന്നതാണ്. ജീവന്റെ അടിസ്ഥാനം തന്നെ മൂലകങ്ങളും യൗഗികങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇന്നേവരെ, 2019 വരെ, അറിയപ്പെട്ടിരുന്നത് 118 മൂലകങ്ങളാണ്. പ്രകൃതി വൈവിധ്യ നിറങ്ങളാൽ മനോഹരവും മാസ്മരികവുമാണ്. മണ്ണും

2019 IYPT International Year of the Periodic Table of Chemical Elements

ലോഗോ

കല്ലും പൂക്കളും കായ്കനികളും എന്തിനേറെ നിറഭേദങ്ങൾ ജീവികളിലും! എല്ലാറ്റിന്റെയും പിന്നിൽ രാസവസ്തുക്കൾ തന്നെ!

ഇന്ന് നാം കാണുന്ന - പഠിക്കുന്ന ആവർത്തനപ്പട്ടിക ഈ രൂപത്തിലാക്കുന്നത് ഒരുപാടു പേരുടെ കണ്ടെത്തലുകളുടെ, കൂട്ടിച്ചേർക്കലുകളുടെ ഫലമായിട്ടാണ്.

റേഡിയവും പൊളോണിയവും കണ്ടെത്താനുള്ള നിരന്തരമായ ശാസ്ത്രപരീക്ഷണങ്ങൾക്കിടയിൽ റേഡിയേഷൻ ബാധിച്ചാണ് മേരിക്യൂറി മരണപ്പെട്ടത്.

ആവർത്തനപ്പട്ടികയിലെ മൂലകങ്ങളുടെ നാമകരണം നിശ്ചയിക്കുന്നതിന് വ്യക്തമായ മാർഗനിർദേശങ്ങൾ ഐ യു പി എ സി (IUPAC) പുറപ്പെടുവിച്ചിട്ടുണ്ട്.

ആവർത്തനപ്പട്ടികയിൽ പല മൂലകങ്ങൾക്കും പേരു നൽകിയിരിക്കുന്നത് ശാസ്ത്രജ്ഞരുടെ പേരുമായി ബന്ധപ്പെട്ടാണ്. ജീവിച്ചിരിക്കുമ്പോൾത്തന്നെ സ്വന്തം പേര് മൂലകത്തിന്റെ പേരുമായി ബന്ധപ്പെട്ട് അറിയപ്പെടുന്നവർ രണ്ടുപേർ മാത്രമാണ്. ഗ്ലെൻ ടി സീബോർഗ് (Glenn T Seaborg) ഉം യൂറി ഒഗാനേസ്സിയൻ (Yuri Oganessian)നും. സീബോർഗിന്റെ ബഹുമാനാർഥം 106-ാമത്തെ മൂലകത്തിന് സീബോർഗിയം (Seaborgium) Sg എന്നും 118-ാമത്തെ മൂലകത്തിന് ഓഗനസൺ (Oganesson) Og എന്നും നാമകരണം ചെയ്തു.

Photo : Atomic Energy Commission


ഗ്ലെൻ ടി സീബോർഗ്


യൂറി ഒഗാനേസ്സിയൻ

Photo : VPRO



കവിത

# മറവി

## അരുൺകുമാർ അന്നൂർ

പുഴയോരത്തെ പൂഴിവിരിപ്പിൽ
കാറ്റോടൊന്നിച്ചലയുമ്പോൾ
ഫിസിക്സിനല്പം മാർക്കു കുറഞ്ഞത്
പൊടുന്നനെ ഞാൻ മറന്നുപോയ്

കണക്കുമാഷിൻ ചൂരൽവടിയുടെ
അടിയുടെ ചൂടും മറന്നുപോയ്
ഈ പുഴയോരത്തിളവേല്ക്കുമ്പോൾ
ഞാനോ പുതിയൊരു ഞാനാകും!


വര: സജി വി

# വാക്കുപാലിക്കുന്ന സൂര്യൻ

## മനോജ് മണിയൂർ

സൂര്യൻ മൊഴിയുന്നു,
നേരം കഴിഞ്ഞുപോയ്
ഏറെ നടന്നു ഞാനുണ്ണീ
ആകെത്തളർന്നുപോയല്ലോ
അങ്ങേ കടലിൽ ഞാൻ
മുങ്ങിക്കുളിച്ചിട്ടു
വേഗമിങ്ങെത്തീടുമല്ലോ

സങ്കടമോടുണ്ണി
അമ്മ മടിയിലായ്
മിണ്ടാതുറങ്ങുകയായി
പിന്നെയുണർന്നപ്പോൾ
അങ്ങു കിഴക്കതാ
കുളി കഴിഞ്ഞെത്തിയ സൂര്യൻ!
വാക്കുപാലിക്കുന്ന സൂര്യൻ!




വര: സുജിത് പി വി




ചാച്ചാനെഹ്റുവിന്റെ സ്നേഹസ്മരണയ്ക്കു മുന്നിൽ ഞങ്ങൾ സ്മരിക്കുന്നു. ഇന്ത്യയുടെ ആ മഹാനായ പുത്രൻ ഞങ്ങൾക്ക് അമ്മാവനായി മാറി. ഞങ്ങളെ ഉപദേശിച്ചു, കഥകൾ പറഞ്ഞു, കാര്യങ്ങൾ പങ്കുവച്ചു. അച്ഛൻ മകൾക്കയച്ച കത്തുകൾ ഞങ്ങൾക്കുള്ളതാണ്. ഞങ്ങൾ വായിക്കും, പഠിക്കും, മിടുക്കരായി വളർന്നുവരും. ചാച്ചാനെഹ്റുവിന് അഭിമാനിക്കാവുന്ന മക്കളായിത്തീരാൻ ഞങ്ങളെ അനുഗ്രഹിച്ചാലും

തളിര് കുഞ്ഞുങ്ങൾ





# ലോകത്തിനുനേരെയുള്ള ആ തുറിച്ചുനോട്ടം

കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് ജനങ്ങളെ ബോധവത്കരിക്കുക എന്നതായിരുന്നു ഗ്രെറ്റയുടെ ആദ്യശ്രമം. എല്ലാ വെള്ളിയാഴ്ചകളിലും സ്കൂളിൽ നിന്ന് അവധിയെടുത്ത് സ്വീഡിഷ് പാർലമെന്റിനു മുന്നിൽ ഗ്രെറ്റ പ്രതിഷേധം നടത്തി. പരിസ്ഥിതി സംരക്ഷണത്തിനുവേണ്ട നടപടിയെടുക്കണം എന്നതായിരുന്നു ആവശ്യം. ആദ്യമൊക്കെ ഈ പ്രതിഷേധ പ്രകടനം ഒറ്റയ്ക്കായിരുന്നു. പിന്നീട് സഹപാഠികളും മറ്റു വിദ്യാർഥികളും പ്രതിഷേധസമരം ഏറ്റെടുത്തു. സ്കൂൾകുട്ടികൾക്ക് ഗ്രെറ്റയുടെ പ്രവർത്തനങ്ങൾ പ്രചോദനമായി.

"നമ്മൾ കൂട്ടത്തോടെ ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുന്നത് പണത്തെക്കുറിച്ചും സാമ്പത്തിക വളർച്ചയെക്കുറിച്ചുമൊക്കെയാണ്. പൊള്ളയായ വാക്കുകൾകൊണ്ട് നിങ്ങൾ എന്റെ സ്വപ്നങ്ങൾ കവർന്നു. എന്റെ ബാല്യം മോഷ്ടിച്ചു. എന്നിട്ടും ഞാൻ ഉൾപ്പെടുന്ന യുവതലമുറയുടെ മുന്നിൽ പ്രതീക്ഷയോടെ നിങ്ങൾ വരുന്നു. എങ്ങനെ നിങ്ങൾക്ക് ഇതിനു ധൈര്യം വന്നു?''

പലരും മുഖത്തുനോക്കി പറയാൻ മടിക്കുന്ന കാര്യങ്ങളാണ് കേവലം 16 വയസ്സുമാത്രം പ്രായമുള്ള ഒരു പെൺകുട്ടി ലോകനേതാക്കളോട് നേർക്കുനേർ നിന്ന് ചോദിച്ചത്.

2019 സെപ്റ്റംബറിൽ ന്യൂയോർക്കിൽ വച്ചുനടന്ന യു എൻ കാലാവസ്ഥ ഉച്ചകോടിയിൽ പങ്കെടുക്കവേ ആയിരുന്നു ആ കൗമാരക്കാരി ലോകനേതാക്കളെ തന്റെ വാക്കുകളിലൂടെ രൂക്ഷമായി വിമർശിച്ചത്.

തീപാറുന്നതും അതേ സമയം തികച്ചും വൈകാരികവുമായ പ്രസംഗം യു എന്നിൽ കാഴ്ചവച്ച ആ പെൺകുട്ടിയെ അറിയുമോ കൂട്ടുകാർ? അറിയില്ലെങ്കിൽ നിങ്ങൾ അറിയണം അവളെ. ഗ്രെറ്റ ട്യൂൻബർഗ്- അതാണ് അവളുടെ പേര്. സ്വീഡിഷ് പരിസ്ഥിതി പ്രവർത്തകയാണ് ഗ്രെറ്റ. ആഗോളതാപനവും കാലാവസ്ഥവ്യതിയാനവും തടയുന്നതിനായി അന്താരാഷ്ട്രതലത്തിൽ ബോധവത്കരണം നടത്തിവരികയാണ് ആ പെൺകുട്ടി.

യു എന്നിൽ മതസ്വാതന്ത്ര്യത്തെക്കുറിച്ച് പ്രസംഗിക്കുവാൻ വേദിയിലേക്കെത്തുന്ന യു എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനെ രൂക്ഷമായി നോക്കി നിൽക്കുന്ന ഗ്രെറ്റയുടെ ചിത്രം നിങ്ങൾ ശ്രദ്ധിച്ചിരുന്നുവോ?



യു എന്നിൽ പ്രസംഗിക്കുവാൻ വേദിയിലേക്കെത്തുന്ന യു എസ് പ്രസിഡന്റ് ട്രംപിനെ രൂക്ഷമായി നോക്കുന്ന ഗ്രെറ്റ

സമൂഹ മാധ്യമങ്ങളിൽ ഏറെ ശ്രദ്ധേയമായി ഈ ചിത്രവും ആ വീഡിയോയും.

കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് ജനങ്ങളെ ബോധവത്കരിക്കുക എന്നതായിരുന്നു ഗ്രെറ്റയുടെ ആദ്യശ്രമം. എല്ലാ വെള്ളിയാഴ്ചകളിലും സ്കൂളിൽ നിന്ന് അവധിയെടുത്ത് സ്വീഡിഷ് പാർലമെന്റിനു മുന്നിൽ ഗ്രെറ്റ പ്രതിഷേധം നടത്തി. പരിസ്ഥിതി സംരക്ഷണത്തിനുവേണ്ട നടപടിയെടുക്കണം എന്നതായിരുന്നു ആവശ്യം. ആദ്യമൊക്കെ ഈ പ്രതിഷേധപ്രകടനം ഒറ്റയ്ക്കായിരുന്നു. പിന്നീട് സഹപാഠികളും മറ്റു വിദ്യാർഥികളും പ്രതിഷേധസമരം ഏറ്റെടുത്തു. സ്കൂൾകുട്ടികൾക്ക് ഗ്രെറ്റയുടെ പ്രവർത്തനങ്ങൾ പ്രചോദനമായി. ഇതേത്തുടർന്ന് ഗ്രെറ്റയും ഗ്രെറ്റയുടെ പ്രവർത്തനങ്ങളും ലോകശ്രദ്ധ പിടിച്ചുപറ്റി.

കഴിഞ്ഞ മാർച്ചിൽ നടന്ന കാലാവസ്ഥാസമരത്തിന് വിവിധ രാജ്യങ്ങളിൽ നിന്നും ലക്ഷകണക്കിനു കുട്ടികളാണ് ഗ്രെറ്റയ്ക്കു ഐക്യദാർഢ്യം പ്രഖ്യാപിച്ച് തെരുവിലേക്കിറങ്ങിയത്. 2018 ൽ യു എൻ കാലാവസ്ഥാവ്യതിയാന കോൺഫറൻസിൽ ഗ്രെറ്റ സംസാരിച്ചു. 2019 ജൂണിൽ ആഗോളതാപന ഭീഷണിയെക്കുറിച്ചു നടത്തിയ ബോധവത്കരണ പ്രവർത്തനങ്ങൾക്ക് ആംനെസ്റ്റി പുരസ്കാരം ഗ്രെറ്റയെ തേടിയെത്തി.

ഒബാമ സർക്കാർ കൊണ്ടുവന്ന നിരവധി പരിസ്ഥിതിനിയമങ്ങൾ ട്രംപ് അധികാരമേറ്റശേഷം പൊളിച്ചെഴുതപ്പെട്ടു. 2017 ൽ പാരീസ് കാലാവസ്ഥാ ഉടമ്പടിയിൽ നിന്നും ട്രംപ് വിട്ടു നിൽക്കുകയും ചെയ്തു. യു എസ്സിൽ ബരാക് ഒബാമയുമായി കൂടിക്കാഴ്ച നടത്തിയ ഗ്രെറ്റയോട് ട്രംപുമായി സംസാരിക്കാൻ ഒബാമ ആവശ്യപ്പെട്ടു. എന്തിനാണ് വെറുതെ സംസാരിച്ച് സമയം കളയുന്നതെന്നായിരുന്നു ഗ്രെറ്റയുടെ പ്രതികരണം. എന്നാൽ 'അത്ഭുതകരമായ ഭാവിയുള്ള ഒരു പെൺകുട്ടിയാണ് ഗ്രെറ്റ' എന്നാണ് ട്രംപ് ഗ്രെറ്റയെക്കുറിച്ച് ട്വീറ്റ് ചെയ്തത്.

ഹരിതഗൃഹവാതകങ്ങൾ പുറന്തള്ളുന്ന ഒരു ലോകത്തിലേക്ക് തന്റെ തലമുറയെ തള്ളിവിട്ടതിൽ ലോകനേതാക്കളോട് രൂക്ഷമായി പ്രതികരിച്ച ഗ്രെറ്റ, 'ഞങ്ങൾ നിങ്ങളെ ശ്രദ്ധിച്ചു കൊണ്ടിരിക്കുകയാണ്' എന്നൊരു മുന്നറിയിപ്പ് നൽകാനും മറന്നില്ല.

## തിരുത്ത്

കഴിഞ്ഞ ലക്കത്തിൽ ശ്രീ എം വി മോഹനൻ രചിച്ച **'കൂടെട്ടന്നാൽ സ്നേഹക്കൂട്'** എന്ന രചന ഫിന്നിഷ് നാടോടിക്കഥ എന്ന് കൊടുത്തതിൽ ഖേദിക്കുന്നു.

പത്രാധിപർ

കഥ

# സാറും കുട്ടിയും

ജി ആർ ഇന്ദുഗോപൻ

വൃദ്ധസദനം. ഉച്ച. നഴ്സ് വന്നുപറഞ്ഞു: ‘‘ഒരാൾ കാണാനുണ്ട്.’’ പത്രങ്ങളുടെയും മാസികകളുടെയും ഇടയിൽ നിന്ന് പ്രിയദർശൻ സർ തലപൊക്കി നോക്കി.

നഴ്സ് മറുപടിക്കു കാത്തുനിൽക്കാതെ പറഞ്ഞു: ‘‘അപ്പച്ചാ, തിമിരത്തിന്റെ ഓപ്പറേഷൻ എന്നാ?’’

‘‘എന്താ?’’ പ്രിയദർശൻ സാറിന് ഇഷ്ടപ്പെട്ടില്ല.

‘‘എന്റെ അപ്പച്ചാ. ഈ ഒരു കണ്ണു വച്ച് ഇങ്ങനെ എപ്പഴും വായിച്ചോണ്ടിരുന്നാ തലവേദന എടുക്കത്തില്ലിയോ?’’

‘‘തല ഉള്ളതു കൊണ്ടല്ലേ തലവേദനയെടുക്കുന്നത്?’’ സർ തലയുയർത്താതെ തന്നെ ചോദിച്ചു.

‘‘നാക്കെടുത്താ തർക്കുത്തരമേ പറയൂ.’’ നഴ്സ് പിറുപിറുത്തു.

‘‘വായിക്കാൻ പറ്റിയില്ലെങ്കിൽ പിന്നീ തല കൊണ്ടെന്താ പ്രയോജനം?’’ സർ ചോദിച്ചു

‘‘ഞങ്ങളൊന്നും വായിക്കുന്നില്ലല്ലോ... ’’ നഴ്സ് പറഞ്ഞു.

‘‘അതിന്റെ കുഴപ്പം നീയറിയുന്നില്ല. പോ. പോ.. കൊച്ചിന്റടുത്ത് അതൊന്നും പറഞ്ഞിട്ട് കാര്യമില്ല.’’

‘‘അപ്പോ കാണാൻ വന്നുനിൽക്കുന്ന ആളിനോടെന്തു പറയണം?’’

‘‘താൽപര്യമില്ലെന്ന് പറ.’’

നഴ്സ് പറഞ്ഞു: ‘‘സാറിന്റെ പഴേ സ്റ്റുഡന്റാ...’’

അതു കേട്ടപ്പോ സാർ ഒന്നറച്ചു. പിന്നെ ചോദിച്ചു: ‘‘പെട്ടെന്നു പോകുമോ?’’ നഴ്സ് പറഞ്ഞു: ‘‘ഇതല്ലേ സ്വഭാവം. ഝടേന്ന് പൊക്കോളും.’’

## 2

കടന്നുവന്ന പഴയ വിദ്യാർഥി പറഞ്ഞു: ‘‘പേരു പറഞ്ഞാ എന്നെ ചിലപ്പോ...’’

സർ പറഞ്ഞു: ‘‘തിരിച്ചറിയണമെന്നില്ല. ആ പരുവമൊക്കെ കഴിഞ്ഞു.’’

‘‘പേര് സത്യൻ.’’ വിദ്യാർഥി പറഞ്ഞു.

സർ ഒരു മയവുമില്ലാതെ പറഞ്ഞു: ‘‘ഓർമയില്ല. പിന്നെ എനിക്ക് സഹായം ചെയ്യാനായി വന്നതാണെങ്കീ സഹായം ആവശ്യമില്ല. പെൻഷനുണ്ട്. ആവശ്യത്തിന് അതു മതി.’’

വിദ്യാർഥി വിഷമത്തോടെ സാറിനെ നോക്കി. സർ ഒരു മാസികയിൽ നിന്ന് ഏതോ ഒരു ലേഖനം മുറിച്ചെടുത്തുകൊണ്ടു പറഞ്ഞു: ‘‘വൃദ്ധസദനമത്ര മോശം ഏർപ്പാടൊന്നുമല്ല; സ്വന്തം ഇഷ്ടത്തിനാണെങ്കിൽ...’’

വിദ്യാർഥി പറഞ്ഞു: ‘‘എന്റെ മുഴുവൻ പേര് സത്യകാമനെന്നാ. പിള്ളേരൊക്കെ കളിയാക്കി


വര: ടി ആർ രാജേഷ്

വിളിച്ചിരുന്ന പേര്. ഞാൻ പരാതി പറയാൻ വന്നിട്ടുണ്ട്. അല്ലാതെയും...''

സാറിന്റെ മുഖം മെല്ലെ വാടി.

വിദ്യാർഥി തുടർന്നു:

''അല്ലാതെയും സാറെന്നെ മറക്കാൻ വഴിയില്ല.''

''ങാ. എന്താ കാര്യം. എന്തിനാ വന്നത്?'' സർ പെട്ടെന്ന് ഗൗരവം പൂണ്ട് ചോദിച്ചു.

വിദ്യാർഥി സ്വന്തം വലത്തേ കൈപ്പത്തിയിലെ ഒരുഭാഗത്ത് അമർത്തിത്തടവി. അയാളുടെ കണ്ണുനിറഞ്ഞു. എന്നിട്ടു പറഞ്ഞു:

''ഇപ്പോഴും പൊട്ടു പോലൊരു കറുപ്പു കിടപ്പുണ്ട്. ഈ കൈവെള്ളയിൽ. 25 കൊല്ലം കഴിഞ്ഞു. എന്നിട്ടും ഇപ്പോഴും വേദനയുണ്ട്; അമർത്തിയാൽ...നല്ല വേദന.''

''അതെന്നെ ഓർമിപ്പിക്കാൻ വന്നതാണോ. അതോ പ്രതികാരത്തിനോ?''

വിദ്യാർഥി പുഞ്ചിരിച്ചു കൊണ്ടു പറഞ്ഞു:

''അപ്പോ സാറെന്നെ മറന്നിട്ടില്ല.''

സാർ ഒന്ന് ഇളകിയിരുന്നു. പിന്നെ പറഞ്ഞു:

''ങാ. നിന്നെപ്പോലുള്ളവരുടെ പ്രാക്ക് കൊണ്ടായിരിക്കും ഞാനിപ്പോ ഇങ്ങനെയായത്...''

വിദ്യാർഥി പറഞ്ഞു:

''ഞാൻ പ്രാകിയിട്ടൊന്നുമില്ല.. വിഷമിച്ചിട്ടുണ്ട്. എന്തിനാ അന്ന് സാറങ്ങനെ ചെയ്തതെന്ന്... ഓർത്ത്...''

അവന്റെ കണ്ണുനിറഞ്ഞു.

സാറൊന്നും പറയാതെ താഴേക്കു നോക്കിയിരുന്നു.

ശിഷ്യൻ പോക്കറ്റിൽ നിന്ന് കൈലേസെടുത്തു കണ്ണീരൊപ്പി. അയാളുടെ ഓർമകൾ പിറകിലേക്കു ചെന്നു.

## 3

പത്താം ക്ലാസ്. സാധാരണ സർക്കാർ പള്ളിക്കൂടം. അവിടത്തെ ഏറ്റവും അലമ്പു ഡിവിഷനിലെ വിദ്യാർഥിയാണ് അവൻ. നാലോ അഞ്ചോ നല്ല കുട്ടികളിൽ അവനുണ്ട്. പക്ഷേ എന്തു പ്രയോജനം. ക്ലാസ് തുടങ്ങിയാൽ ബഹളം, കൂക്കുവിളി, അധ്യാപകനെ ഇരട്ടപ്പേരു വിളി. പ്രിയദർശൻ സാറിന്റെ ഇരട്ടപ്പേര് കുയിലെന്നായിരുന്നു. കുയിലിനെ പോലൊന്നുമല്ലെങ്കിലും നേർത്ത ശബ്ദമായിരുന്നു സാറിന്റേത്. അന്നത്തെ ദിവസം കുയിലിനെപ്പോലെ കൂ..കൂ... വിളിയൽപം കൂടുതലായിരുന്നു. കാരണം കൂടുതൽ സമയവും സാർ തിരിഞ്ഞു നിന്ന് ബോർഡിൽ നോട്ടെഴുതി ഇടുകയായിരുന്നു. നിവൃത്തിയില്ലാതെ സാർ തിരിഞ്ഞ് 'ധൈര്യമുണ്ടെങ്കിൽ എഴുന്നേറ്റു നിന്നു വിളിക്കെടാ' എന്ന് വെല്ലുവിളിച്ചു. അതോടെ സാർ വീണ്ടും ബോർഡിലേക്കു തിരിഞ്ഞപ്പോ കൂ...കൂ... ഭയങ്കരമായി കൂടി. മുന്നിലെ ബെഞ്ചിലിരിക്കുകയായിരുന്ന സത്യനെന്ന ഞാൻ... സാറിന്റെ നിഴൽ മൂലം കാണാതായിപ്പോയ ഒരക്ഷരം അടുത്തിരിക്കുന്ന സഹപാഠിയുടെ പുസ്തകത്തിൽ നോക്കിയെഴുതുകയായിരുന്നു ഞാൻ. അവൻ കൈയെടുത്ത് ബുക്കിൽ വച്ചത്...ഒന്ന് മാറ്റിയേടാ...എന്നു പറഞ്ഞുകൊണ്ട് ഞാൻ എടുത്തുമാറ്റിയതും 'എഴുന്നേൽക്കെടാ' എന്നൊരു അലർച്ചയാണ് ഞാൻ കേട്ടത്.

സാർ ചൂരൽ വലിച്ചെടുത്തു. ഒരുത്തനെയെങ്കിലും എന്റെ കൈയിൽ കിട്ടുമെന്ന് പറഞ്ഞ് സർ കഴിഞ്ഞ ദിവസം കൊണ്ടുവന്ന സാധാരണയിലും ഇരട്ടി വലിപ്പമുള്ള ചൂരൽ. എന്റെ നെഞ്ചിൽ നിന്നൊരു തീ ഉയർന്നു പൊങ്ങി. ഞാൻ പറയാൻ ശ്രമിച്ചു:

''സർ ഞാൻ...''

''ഇങ്ങോട്ടു വാടാ...''

സർ എന്നെ കൈ പിടിച്ചു വലിച്ചു ബെഞ്ചിനിടയിൽ നിന്നു പുറത്തേക്കു കൊണ്ടുവന്നു.

''നീട്ടെടാ കൈ...'' സർ പറഞ്ഞു.

''സർ എന്റെ കൈ...'' എന്ന് പറഞ്ഞപ്പോത്തന്നെ 'നീട്ടെടാ ഇങ്ങോട്ട്' എന്നുപറഞ്ഞ് സാർ തന്നെ കൈ വലിച്ചു തുറന്നു. സൈക്കിളിൽ നിന്ന് വീണ് കൈപ്പത്തിയിലെ മുറിവൊന്ന് ഉണങ്ങി കറുത്ത പൊറ്റ പിടിച്ചു വരുന്നതേയുള്ളൂ.

പത്താം ക്ലാസ്. സാധാരണ സർക്കാർ പള്ളിക്കൂടം. അവിടത്തെ ഏറ്റവും അലമ്പു ഡിവിഷനിലെ വിദ്യാർഥിയാണ് അവൻ. നാലോ അഞ്ചോ നല്ല കുട്ടികളിൽ അവനുണ്ട്. പക്ഷേ എന്തു പ്രയോജനം. ക്ലാസ് തുടങ്ങിയാൽ ബഹളം, കൂക്കുവിളി, അധ്യാപകനെ ഇരട്ടപ്പേരു വിളി. പ്രിയദർശൻ സാറിന്റെ ഇരട്ടപ്പേര് കുയിലെന്നായിരുന്നു.

സാർ സർവ ശക്തിയുമെടുത്ത് ഒരടി. കൈ ഒടിഞ്ഞു പോകുന്നതു പോലെ തോന്നി. കൈ വലിക്കാൻ നോക്കിയപ്പോ സർ പറഞ്ഞു: ''കൈ മടക്കിയോ വലിക്കുകയോ ചെയ്താ... എല്ലാവരും കാണെ നിന്റെ നിക്കർ മാറ്റി ചന്തിക്കു ഞാൻ തല്ലും. പറഞ്ഞല്ലോ.''

അതു കൊണ്ട് കണ്ണടച്ച് കൈ നീട്ടിക്കൊണ്ടു തന്നെ നിന്നു. ഒരടി ഏതോ എല്ലിനാണ് കൊണ്ടത്. 'അയ്യോ സാറേ ചോര' എന്നേതോ വിദ്യാർഥി ഉറക്കെവിളിക്കുന്നതു കേട്ടു. അറിയാതെ കൈതാഴ്ന്ന് അലറിക്കരഞ്ഞുപോയി.

''പോയി ഇരിയെടാ'' സർ പറഞ്ഞു.

ആ പിരീഡ് മുഴുവൻ

ബെഞ്ചിൽ കമിഴ്ന്നു കിടന്ന് കരയുകയായിരുന്നു..

സർ പൊതുവായിട്ട് വിളിച്ചുപറഞ്ഞു:

"ഇനിയെന്റെ കയ്യിൽ കിട്ടുന്നവന്റെയെല്ലാം അവസ്ഥ ഇതായിരിക്കും."

25 കൊല്ലമായിട്ടും മായാത്ത പാടു കാണുമ്പോഴെല്ലാം ഇന്നും കരച്ചിൽ വരും. സർ ഭീരുവാണ്. പ്രശ്നക്കാരായ കുട്ടികളെ വിരട്ടാൻ എന്നെ കരുവാക്കുകയായിരുന്നു... പാവം എന്നെ. ഒരു തെറ്റും ചെയ്യാത്ത എന്നെ..

ഇന്റർവെല്ലിന് അലമ്പന്മാരായ പല കുട്ടികളും അടുത്തു വന്നു:

"സമരമുണ്ടാക്കാമെടാ. വാടാ. നമുക്ക് ഹെഡ്മാസ്റ്ററെ കാണാം. അയാളെ നമ്മക്ക് ശരിപ്പെടുത്താം. അയാളുടെ വീടെനിക്ക് അറിയാമെടാ. നമുക്ക് കല്ലെറിയാമെടാ..."

"വേണ്ട." ഞാൻ കട്ടായം പറഞ്ഞു.

ഞാനതു വീട്ടിൽ പറഞ്ഞില്ല. കൈ കുത്തി വീണ്ടും വീണെന്നു കള്ളം പറഞ്ഞു. ആശുപത്രിയിൽ കൊണ്ടു പോയി ഡ്രസ് ചെയ്ത് കെട്ടിവച്ചു.

പിറ്റേന്ന് പതിവുപോലെ ഹിന്ദിപിരീഡിൽ സാർ വന്നു. ഞാനിരിക്കുന്ന ഭാഗത്തേക്ക് നോക്കാതിരിക്കാൻ ശ്രമിച്ചു. എങ്കിലും ഇടംകണ്ണിട്ട് എന്നെ ശ്രദ്ധിക്കുന്നുണ്ടെന്ന് മനസ്സിലായി. ഞാനല്ല കൂവിയതെന്ന് ടീച്ചേഴ്സ് റൂമിൽ ചെന്നു പറയണമെന്നുണ്ടായിരുന്നു. പക്ഷേ ഇനിയെന്തിന്? ദേഷ്യം, സങ്കടം, പക..അതൊക്കെയാണ് എനിക്ക് സാറിനോട് തോന്നുന്നത്. എനിക്ക് സാറിനെ കാണണ്ട.

കുറച്ചു നാൾ കഴിഞ്ഞു. വേദന കുറഞ്ഞു. ഞാൻ അതേക്കുറിച്ച് ഓർക്കാതിരിക്കാൻ ശ്രമിച്ചു.

**പിന്നീടുള്ള ദിവസങ്ങളിലൊക്കെ കവിത പഠിപ്പിക്കുമ്പോൾ സാർ 'എങ്ങനെയാണ് വായിക്കേണ്ടത്, ഏതൊക്കെ പുസ്തകമാണ് പ്രാഥമികമായി വായിക്കേണ്ടത്. എഴുത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെന്ത്...' എന്നീ കാര്യങ്ങൾ പറയാൻ തുടങ്ങി. അതൊക്കെ എന്നെ ഉദ്ദേശിച്ചാണെന്ന് അന്നു മനസ്സിലായില്ല. മനസ്സിലായാലും എനിക്ക് സാറിനെ ഇഷ്ടമല്ലായിരുന്നു..**

സ്കൂളിൽ നടന്ന കഥാമത്സരത്തിൽ എനിക്കു സമ്മാനമുണ്ടായിരുന്നു. അതിന്റെ ട്രോഫി തരുമ്പോ മലയാളം സാറ് പറഞ്ഞു:

"പ്രിയദർശൻ സാറാണ് കഥ നോക്കിയത്. നിന്റെ കഥ നല്ലതാന്ന് പറഞ്ഞു."

എനിക്ക് ദേഷ്യമാണ് തോന്നിയത്. അപ്പോ തന്നെ ഞാൻ മനസ്സിൽ കുറിച്ചു:

'സബ് ജില്ലാ കലോൽസവത്തിന് ഞാൻ പോകില്ല. പ്രിയദർശൻ സാർ നോക്കിയ കഥ നല്ലതായിരിക്കില്ല. നല്ല മനുഷ്യർക്കേ നല്ല കഥ തിരഞ്ഞെടുക്കാൻ പറ്റൂ. എന്റെ കഥ പൊട്ടയാണ്. ഞാനിനി കഥയെഴുതത്തുമില്ല.'

പിന്നീടുള്ള ദിവസങ്ങളിലൊക്കെ കവിത പഠിപ്പിക്കുമ്പോൾ സാർ 'എങ്ങനെയാണ് വായിക്കേണ്ടത്, ഏതൊക്കെ പുസ്തകമാണ് പ്രാഥമികമായി വായിക്കേണ്ടത്. എഴുത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെന്ത്...' എന്നീ കാര്യങ്ങൾ പറയാൻ തുടങ്ങി. അതൊക്കെ എന്നെ ഉദ്ദേശിച്ചാണെന്ന് അന്നു മനസ്സിലായില്ല. മനസ്സിലായാലും എനിക്ക് സാറിനെ ഇഷ്ടമല്ലായിരുന്നു.. സാറിന്റെ ഉപദേശം ഞാൻ കേൾക്കില്ലായിരുന്നു. എനിക്കു കഥയെഴുതേണ്ട. ഹിന്ദിപീരീഡ് തുടങ്ങുമ്പോത്തന്നെ സങ്കടം വന്നെന്നെ മൂടുമായിരുന്നു അന്നൊക്കെ.

പത്തിൽ എനിക്ക് പ്രതീക്ഷിച്ച അത്രയും മാർക്ക് കിട്ടിയില്ല. ആ അടിയെത്തുടർന്ന് എന്റെ മനസ്സ് തകർന്നുപോയതു കൊണ്ടാണെന്ന് ഞാൻ വിശ്വസിച്ചു. ജയിച്ചവരെ അഭിനന്ദിക്കാൻ സ്കൂൾ യോഗം വിളിപ്പച്ചോ പഠിപ്പിച്ച അധ്യാപകരെയൊക്കെയും കണ്ടു. പ്രിയദർശൻ സാറിനെയൊഴിച്ച്. നന്നായെന്നു തോന്നി. മലയാളം സാർ എന്നെ വിളിച്ച് മാതൃഭാഷയിൽ ഏറ്റവും കൂടുതൽ മാർക്ക് നിനക്കാണെന്ന് പറഞ്ഞപ്പോ സന്തോഷിച്ചു. സർ പറഞ്ഞു: ഹിന്ദിയാ നിന്നെ ചതിച്ചത്.

ഞാൻ മനസ്സിൽ പറഞ്ഞു: "ഹിന്ദി എനിക്കിഷ്ടമല്ല. ഞാനിനി ഹിന്ദി പഠിക്കില്ല; ഒരിക്കലും."

സഹപാഠികളാരോ പറഞ്ഞു: "ടാ നിന്നെത്തല്ലി കൈ ഒടിച്ച കുയിലപ്പൻ റിട്ടയർ ആയി. ഈ പരിപാടിക്ക് ക്ഷണിച്ചതാ. എന്നിട്ടും വന്നില്ല. ചെലപ്പോ നിന്നെപ്പേടിച്ചിട്ടായിരിക്കും.

## 4

പിന്നീട് ഇപ്പോഴാണ് കാണുന്നത്.

ഞാൻ സാറിനോടു പറഞ്ഞു: "കുറേക്കാലം സാറിനോടുള്ള വൈരാഗ്യം കൊണ്ട് ഒന്നുമെഴുതിയില്ല. പിന്നെ എഴുതാതിരിക്കാൻ വയ്യെന്നായി. സാറൊരിക്കലും അറിയരുതെന്ന് വിചാരിച്ചാ ഒരു തൂലികാനാമം ഉപയോഗിച്ചത്. ഞാനിപ്പോ എഴുതുന്നത് ......എന്ന പേരിലാണ്."

സാറിന്റെ കണ്ണൊന്ന് വിടർന്നു. എന്നെ തിരിച്ചറിഞ്ഞെന്നു തോന്നി. എങ്കിലും അത് നടിക്കാതെ കുനിഞ്ഞി

രുന്ന് വശത്തിരുന്ന ചില മാസികക ളൊക്കെ അടുക്കിവയ്ക്കുന്ന തായി ഭാവിച്ചു. ചില തരക്കേ ടില്ലാത്ത അവാർഡു കിട്ടിയെ ന്നൊക്കെ പറയണമെന്നുണ്ടായി രുന്നെങ്കിലും വേണ്ടെന്നു വച്ചു.

ഞാൻ എഴുന്നേറ്റിട്ടു പറഞ്ഞു: ''കാലൊന്നു തൊ ട്ടുതൊഴണം.''

സർ പറഞ്ഞു:

''ഭാഗ്യം.''

എന്നിട്ട് തന്റെ ലുങ്കി രണ്ടു വശത്തേക്കും മാറ്റി വച്ചു. സത്യൻ ഞെട്ടിപ്പോയി:

രണ്ടുകാലുമില്ല. .

''പ്രമേഹം...പിന്നെന്റെ അഹ ങ്കാരം... നിങ്ങടെയൊക്കെ പ്രാക്ക്...'' സർ പിറുപിറുത്തു.

''എനിക്ക് ഈ കാൽ മതി.''

ഞാൻ സാറിന്റെ കാലിന്റെ മുട്ടിനു മുകളിൽ വച്ച് മുറിച്ച ഭാഗം തൊട്ടുതൊഴുതു. അസ്വ സ്ഥതയോടെ സാർ കണ്ണടച്ചു.

തൊഴുതിട്ടു പറഞ്ഞു:

''അന്ന് ഞാനല്ല ക്ലാസിലി രുന്ന് സാറിനെ കൂകിയത്...''

അത്രയും പറയാൻ ശ്രമി ച്ചപ്പോ തന്നെ എന്റെ ഉള്ളു പൊട്ടിപ്പോയി. ഒരു തേങ്ങലാണ് പിന്നീട് പുറത്തേക്കു വന്നത്.

സർ വേറെങ്ങോട്ടോ നോക്കി യിരുന്നിട്ടു പറഞ്ഞു:

''ഞാനന്ന്... എനിക്കറിയാ മായിരുന്നു അത്. പക്ഷേ...''

പിന്നെ അപ്രതീക്ഷിതമായി പൊട്ടിത്തെറിച്ചിട്ടു സർ പറഞ്ഞു:

''ഇനിയിപ്പോ ഞാൻ നിന്റെ കാലു പിടിക്കണോ.''

''വേണ്ട സർ.'' തൊഴുതു കൊണ്ട് സത്യൻ കസേരയിൽ നിന്നെഴുന്നേറ്റു.

സാറിന്റെ കണ്ണു നിറഞ്ഞി രുന്നു. മെല്ലെപ്പറഞ്ഞു:

''എനിക്കൊന്നു കിടക്കണം.''

ഞാൻ പോകാനായി ഇറങ്ങും മുൻപ് പറഞ്ഞു: ''പിന്നീടുള്ള എല്ലാ ക്ലാസിലും ഒരു തവണയെങ്കിലും സാർ പറഞ്ഞിരുന്ന ഒരു വാചകമില്ലേ; എന്നെ ഉദ്ദേശിച്ചെന്ന വിധം: 'ഒരിക്കലും വായിക്കാതിരിക്ക രുത്. വായിച്ചു കൊണ്ടേയിരി ക്കണം' എന്ന്. അന്നൊക്കെ ഞാൻ നിഷേധിച്ചെങ്കിലും ഉള്ളിൽ നിന്നതു പോയില്ല. പിന്നീടെപ്പോഴോ വായിച്ചു തുടങ്ങി. പിന്നെഴുതാനും... സത്യത്തിൽ സർ, ദേഷ്യവും വേദനയുമൊക്കെയുണ്ടായി രുന്നു. പക്ഷേ സാറായിരുന്നു സർ.., സാറായിരുന്നു സർ എന്റെ സ്വാധീനം. നല്ലതാ യിട്ടും ചീത്തയായും പിന്നീട് ആ ചീത്ത ചിന്ത പോയി. ഓരോ ദിവസവും സാറിന്റെ അനുഗ്രഹം കൊണ്ടാണ് ഞാൻ എഴുത്തുകാരനായതെന്ന് എനിക്ക് തോന്നിത്തുടങ്ങി. അന്നത്തെ ആ അടിയിലൂടെ, വിധി എന്നെ പരിഷ്കരിച്ചെ ടുക്കുകയായിരുന്നു. എനിക്ക് മികച്ച സംവേദനം തരികയാ യിരുന്നു.''



കണ്ണു നിറയുന്നതു സർ കാണാതിരിക്കാനായി ഞാൻ തല കുനിച്ചു നിന്ന് തൊഴുതു.

സർ മെല്ലെപ്പറഞ്ഞു:

''പൊക്കോ. നല്ലതു വരട്ടെ. പക്ഷേ ഇനി..ഇനിയിങ്ങോട്ടു വരരുത്. പ്ലീസ്.''

സാറിന്റെ ശബ്ദത്തിൽ ഗദ് ഗദം കലർന്നു.

ഞാൻ മെല്ലെ പുറത്തേ ക്കിറങ്ങി. പുറത്തിറങ്ങിനിന്ന് സ്വസ്ഥമായി മെല്ലെയൊന്ന് കരഞ്ഞു.

# പൊണ്ണത്തടി ആരോഗ്യമല്ല, രോഗലക്ഷണമാണ്

ഡോ. ബി പത്മകുമാർ



പൊണ്ണത്തടിയും കുടവയറുമൊക്കെ ഒരുകാലത്ത് ആരോഗ്യത്തിന്റെ ലക്ഷണങ്ങളായി തെറ്റിദ്ധരിച്ചിരുന്നു. എന്നാൽ നമുക്കറിയാം ശരീരത്തിന്റെ ഭാരം കൂടുന്നത് നല്ലതല്ല. അതുകൊണ്ട് തടി കുറയ്ക്കാനാണ് നമ്മൾ ശ്രദ്ധിക്കേണ്ടത്. പൊണ്ണത്തടി പലതരം ആരോഗ്യപ്രശ്നങ്ങൾക്ക് വഴിയൊരുക്കുന്ന ദേശീയപാതയായിട്ടാണ് കരുതപ്പെടുന്നത്. കുട്ടിക്കാലത്തുതന്നെ വേണ്ട ശ്രദ്ധയും കരുതലുമെടുത്താൽ ഭാവിയിൽ പൊണ്ണത്തടിയുണ്ടാകുമെന്ന ആശങ്ക ഒഴിവാക്കാം.

എന്തുകൊണ്ടാണ് പൊണ്ണത്തടിയുണ്ടാകുന്നത്? ശരീരം ചെലവാക്കുന്നതിനേക്കാൾ കൂടുതൽ ഊർജം ഭക്ഷണത്തിന്റെ രൂപത്തിൽ ശരീരത്തിലെത്തുന്നതാണ് പൊണ്ണത്തടിയായി മാറുന്നത്. പ്രത്യേകിച്ച് കൊഴുപ്പടങ്ങിയ ഭക്ഷണപദാർഥങ്ങളുടെ അമിത ഉപയോഗമാണ് ശരീരഭാരം ഉയർത്തുന്നത്. അതോടൊപ്പം വ്യായാമത്തിന്റെ അഭാവം സ്ഥിതി കൂടുതൽ വഷളാക്കുന്നു. പാരമ്പര്യഘടകങ്ങളുടെ സ്വാധീനവും ചില ഹോർമോണുകളുടെ അമിത ഉത്പാദനവുമൊക്കെ പൊണ്ണത്തടിയുണ്ടാകാൻ കാരണമാകുമെങ്കിലും അമിത ഭക്ഷണവും അതോടൊപ്പം വ്യായാമക്കുറവുമാണ് തടിയും കുടവയറുമൊക്കെ ഉണ്ടാകുന്നതിന്റെ പ്രധാന കാരണം.

പൊണ്ണത്തടി രണ്ടുതരത്തിലുണ്ട്. വയറിനു ചുറ്റുമായി കൊഴുപ്പടിഞ്ഞു കൂടുന്ന കുടവയറന്മാരാണ് ഒന്നാമത്തേത്. ഇവരെ ആൻഡ്രോയ്ഡ് വണ്ണക്കാരെന്നാണ് പറയുന്നത്. തുടകളിലും നിതംബത്തിനു ചുറ്റുമായി കൊഴുപ്പടിഞ്ഞു കൂടുന്ന ഗൈനോയ്ഡ് വണ്ണക്കാരാണ് രണ്ടാമത്തെ വിഭാഗത്തിൽപ്പെടുന്നത്. കുടവയറുള്ള വണ്ണക്കാരാണ് കൂടുതൽ ശ്രദ്ധിക്കേണ്ടത്. കാരണം ഭാവിയിൽ കൂടുതൽ ആരോഗ്യപ്രശ്നങ്ങളുണ്ടാകാൻ സാധ്യത ഇവർക്കാണ്.

ഇനി പൊണ്ണത്തടിയുള്ളവരിൽ എന്തൊക്കെ രോഗങ്ങളാണ് കൂടുതലായി കണ്ടുവരുന്നതെന്ന് നോക്കാം. ഹൃദയസംബന്ധമായ ആരോഗ്യപ്രശ്നങ്ങൾ പൊണ്ണത്തടിയുള്ളവരിൽ കൂടുതലായി കാണപ്പെടുന്നു. തടി കൂടുതലുള്ളവരുടെ ശരീരത്തിലെ എല്ലാ ഭാഗങ്ങളിലേക്കും രക്തം പമ്പുചെയ്ത് എത്തിക്കാനായി ഹൃദയത്തിന് കൂടുതൽ പാടുപെടേണ്ടിവരുന്നു. ഹൃദയത്തിന്റെ ജോലിഭാരം കൂടുന്നു. ഇത് ഹാർട്ടറ്റാക്ക് ഉണ്ടാക്കാനും ഹൃദയത്തിന്റെ പ്രവർത്തനത്തകരാറുകൾക്കും കാരണമാകാം.

പൊണ്ണത്തടിയുള്ളവർക്ക് പ്രമേഹമുണ്ടാകാനുള്ള സാധ്യതയും മറ്റുള്ളവരേക്കാൾ കൂടുതലാണ്. കാരണം പൊണ്ണത്തടി ഇൻസുലിന്റെ പ്രവർത്തനക്ഷമത കുറയ്ക്കുന്നു. ഇൻസുലിൻ ഹോർമോണിന്റെ പ്രവർത്തനം മന്ദീഭവിക്കുന്നതാണല്ലോ പ്രമേഹത്തിന്റെ പ്രധാന കാരണം.

ഇനിയുമുണ്ട് അമിതവണ്ണക്കാരിൽ കൂടുതലായി കണ്ടുവരുന്ന രോഗങ്ങൾ. സ്തനങ്ങളെയും ഗർഭപാത്രത്തെയും വൻകുടലിനെയും ബാധിക്കുന്ന കാൻസർ പൊണ്ണത്തടിയുള്ളവരിൽ കൂടുതലാണ്. കൂടാതെ സന്ധിവാതരോഗങ്ങൾ, വന്ധ്യത,



ത്വക്ക്‌രോഗങ്ങൾ, വിഷാദരോഗം തുടങ്ങിയ പ്രശ്നങ്ങളും അമിത വണ്ണമുള്ളവരിൽ കൂടുതലാണ്.

ഇനി നമുക്ക് പൊണ്ണത്തടി യുണ്ടോ എന്നറിയാനുള്ള മാർഗ ങ്ങൾ ഏതൊക്കെയാണെന്ന് നോക്കാം. തയ്യൽക്കാരുടെ യൊക്കെ കൈയിലിരിക്കുന്ന ടേപ്പ് കണ്ടിട്ടില്ലേ. ആ ടേപ്പ് പൊക്കിളിന്റെ ഭാഗത്തുപിടിച്ച് അരക്കെട്ടിന്റെ അളവ് എടു ക്കണം. പിന്നീട് നിതംബത്തിന്റെ ഭാഗത്തുപിടിച്ച് നിതംബത്തിന്റെ അളവുമെടുക്കുക. അരക്കെ ട്ടിന്റെ അളവിനെ നിതംബ ത്തിന്റെ അളവുകൊണ്ടു ഭാഗി ക്കുക. കിട്ടുന്നഫലം നോക്കുക. 0.99 ൽ കൂടുതലാണെങ്കിൽ പൊണ്ണത്തടിയുണ്ടെന്ന് അനു മാനിക്കാം.

മറ്റൊരു മാർഗം. ബോഡി മാസ് ഇൻഡക്സ്(ബി എം ഐ) കണ്ടെ ത്തുന്നതാണ്. ആദ്യമായി വെയിങ് മെഷീൻ ഉപയോഗിച്ച് ശരീര ഭാരം കണക്കാക്കുക. പിന്നീട് ശരീരത്തിന്റെ ഉയരം കണക്കാ ക്കുക. ശരീരഭാരത്തെ ഉയര ത്തിന്റെ വർഗം കൊണ്ടു ഭാഗി ക്കുക. ഇതാണ് ബി എം ഐ. ബി എം ഐ 30 ൽ കൂടുത ലാണെങ്കിൽ പൊണ്ണത്തടിയു ണ്ടെന്നു പറയാം.

കൂട്ടുകാർ പൊണ്ണത്തടിയു ള്ളവരായി മാറാതെയിരിക്കാ നുള്ള ശ്രമം കുട്ടിക്കാലത്തു തന്നെ ആരംഭിക്കേണ്ടിയിരി ക്കുന്നു. എണ്ണപലഹാരങ്ങളും വറപൊരിസാധനങ്ങളുമൊക്കെ ഒഴിവാക്കണം. ഫാസ്റ്റ് ഫുഡ്, ജങ് ഫുഡ് വിഭവങ്ങൾ നല്ല തല്ല. പഴങ്ങളും പച്ചക്കറികളു മൊക്കെ ധാരാളം കഴിക്കണം. കോളപോലുള്ള സോഫ്റ്റ് ഡ്രിങ്ക്സ് ഒഴിവാക്കണം.



കൃത്യമായി വ്യായാമം ചെയ്യു ന്നതാണ് മറ്റൊരു പ്രധാന കാര്യം. ഓടിക്കളിക്കാനുള്ള യാതൊരവസരവും പാഴാക്ക രുത്. സൈക്കിൾ ചവിട്ടുന്നതും നീന്തിത്തുടിക്കുന്നതുമൊക്കെ ശരീരഭാരം ക്രമീകരിക്കാൻ സഹായിക്കുന്ന നല്ല എയ്റോ ബിക് വ്യായാമമുറകളാണ്. സ്കൂളിലെ സ്പോർട്സ് മത്സ രങ്ങളിലും കായിക വിനോദ ങ്ങളിലുമൊക്കെ സജീവമായി പങ്കെടുക്കാനും മറക്കരുത്.

# സംഖ്യകൾക്ക് കോഡുകൾ

പള്ളിയറ ശ്രീധരൻ

മലയാളത്തിൽ നാം എണ്ണുന്നതിന് ഒന്ന്, രണ്ട്, മൂന്ന്..., എന്നിങ്ങനെയുള്ള വാക്കുകളാണല്ലോ ഉപയോഗിക്കുന്നത്. രഹസ്യമായി സംഖ്യകളെ അറിയിക്കാൻ കേരളത്തിലെ ചില സ്ഥലങ്ങളിൽ സംഖ്യകൾക്ക് കോഡുകൾ ഉപയോഗിക്കാറുണ്ട്. കച്ചവടക്കാരും മറ്റുമാണ് ഇത്തരത്തിൽ രഹസ്യമായി സംഖ്യകൾ കൈകാര്യം ചെയ്യുന്നതിന് കോഡുകൾ ഉപയോഗിച്ചിരുന്നത്. മറ്റു ഭാഷകളുടെ സ്വാധീനമാണ് ഇത്തരം കോഡുകൾ രൂപപ്പെടാൻ കാരണമായത്. ഒരു രഹസ്യഭാഷയിൽ ഉപയോഗിക്കുന്ന കോഡുകൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| ഏവത് | - | ഒന്ന് |
| ചെനായം | - | രണ്ട് |
| ചെലോശ | - | മൂന്ന് |
| അർബ | - | നാല് |
| അംശ | - | അഞ്ച് |
| ശിശ | - | ആറ് |
| ശിവ | - | ഏഴ് |
| ചെമോന | - | എട്ട് |
| ചെമോന ഏവത് | - | ഒമ്പത് |
| അസോറ | - | പത്ത് |

ഒന്നു മുതൽ പത്ത് വരെ സംഖ്യകൾ ഇങ്ങനെ പോകുന്നു. പിന്നീട് ഓരോന്നിനോടും ഏവത്, ചെനായം, ചെലോശ എന്ന് ചേർത്ത് തുടങ്ങുന്ന അക്കങ്ങൾ പറയുന്നു. ഉദാഹരണമായി അസോറ ഏവത്-11, അസോറ ചെനായം-12... എന്നിങ്ങനെ. 41 എന്ന് പറയുന്നതിന് അർബ ഏവത് എന്ന് ഉപയോഗിക്കുന്നു. 20 ന് ഇസ്രി എന്നും ഇരുപത്തി അഞ്ചിന് ഇസ്രി അംശ എന്നും പ്രയോഗിക്കാം. കാൽ എന്ന് പറയുന്നതിന് പാദം, അര എന്നതിന് അസി, മുക്കാൽ എന്ന് ഉപയോഗിക്കുന്നതിന് മുക്ളച്ചി എന്നും പറയുന്നു. ഏവത് മുക്ളച്ചി എന്ന് പറഞ്ഞാൽ ഒന്നേമുക്കാൽ എന്നർഥം നൂറിന് അക്ക് എന്നാണ് ഉപയോഗിക്കുന്നത്.

palliyarasreedharan@gmail.com

# വഴി തെറ്റുന്ന ബാല്യങ്ങൾ

**ജയശ്രീ രാജേഷ്**

ഒരു സമൂഹത്തിന്റെ വിലപിടിച്ച സമ്പത്ത് വളർന്നു വരുന്ന കുഞ്ഞുങ്ങൾ തന്നെ എന്നതിൽ സംശയിക്കാനില്ല. എന്നാൽ ഇന്ന് സോഷ്യൽ മീഡിയകളിലും പത്രങ്ങളിലും എന്നുവേണ്ട ഏതെല്ലാം വാർത്താ മാധ്യമങ്ങൾ ഉണ്ടോ അവിടെയെല്ലാം കുട്ടികൾക്ക് നേരെയുള്ള ആക്രമണങ്ങൾ, അല്ലെങ്കിൽ ക്രിമിനൽ പശ്ചാത്തലത്തിലേക്ക് എടുത്തെറിയപ്പെടുന്ന ബാല്യങ്ങൾ, പരാജയ ഭീതികൊണ്ട് ആത്മഹത്യ ചെയ്യുന്ന കുഞ്ഞുങ്ങൾ, ഇത്തരം വാർത്തകൾ ഇല്ലാതെ ഒരുദിവസം കടന്നു പോകുന്നില്ല എന്നതാണ് സത്യം .

നമ്മുടെ കുരുന്നുകൾക്ക് ഇത്തരത്തിൽ സംഭവിക്കുന്നതിനെല്ലാം പരോക്ഷമായി നാം തന്നെ ആണ് മൂലകാരണം. എന്നാൽ ഇതേക്കുറിച്ച് ഇന്നത്തെ മാതാപിതാക്കളിൽ പലർക്കും അവബോധം ഇല്ല. നാം നമ്മുടെ കുഞ്ഞുങ്ങളെ നയിക്കുന്നതെങ്ങോട്ട്? മത്സരബുദ്ധി മനസ്സിൽ കുത്തി വെച്ചു ജയം മാത്രം എന്ന മന്ത്രം ഓതികൊടുത്ത് അവരുടെ കടിഞ്ഞാൺ കൈയിൽ എടുത്ത് ഒന്നു കിതപ്പകറ്റാൻ പോലും സമ്മതിക്കാതെ പന്തയ കുതിരകളെ പോലെ ജയിക്കാനായി മാത്രം ഓടിക്കുന്നു. കുട്ടികളുടെ മനസ്സ് ഒരു തൂവെള്ള പേപ്പറിന് തുല്യമാണ്, അവരെ നയിക്കുന്ന നമ്മൾ അതിൽ കോറിയിടുന്ന വരകൾ ആണ് ഭാവിയിൽ അവരുടെ സ്വഭാവരൂപീകരണത്തിന് പോലും സ്വാധീനം ചെലുത്തുന്നത്. ഒന്നാമതാകണം എന്നു മാത്രം പഠിപ്പിക്കാതെ സമൂഹത്തിന്റെ നന്മയ്ക്കുതകുന്ന തരത്തിൽ സഹജീവികളുടെ വേദനയെ മനസ്സിലാക്കുന്ന പൗരന്മാരായി വളരാൻ ആണ് നാം അവർക്ക് ശിക്ഷണം നൽകേണ്ടത്. എല്ലാ കുഞ്ഞുങ്ങളും ഒരു പോലെ സമർത്ഥരായവർ ആകില്ല. ഇന്നത്തെ ലോകം



വര : ടി ആർ രാജേഷ്

പരീക്ഷകളുടെയും പരീക്ഷണങ്ങളുടെയും മാത്രമായി മാറിയിരിക്കുന്നു. എന്തിനും ഏതിനും പരീക്ഷ . എന്തിന് പറയണം? 3 വയസ്സുള്ള ഒരു കുഞ്ഞിന് നഴ്സറിയിൽ ചേരണണമെങ്കിൽ എൻട്രൻസ് എഴുതേണ്ടി വരുന്ന കാലം അധികം വിദൂരമല്ല. ഇത്തരം മത്സരപരീക്ഷകളിൽ ഒരു ചുവടു പിന്നോട്ടായിപോയാൽ ജീവിതം അവിടെ തീർന്നെന്ന മട്ടിലാണ് പലപ്പോഴും മാതാപിതാക്കളുടെ കുറ്റപ്പെടുത്തൽ. പിന്നെ മറ്റുള്ളവരുടെ മുന്നിൽ വെച്ച് ആക്ഷേപിക്കലായി, താഴ്ത്തികെട്ടലായി. അവളെ കണ്ടു പഠിക്ക്, അവനെ കണ്ടു പഠിക്ക് എന്നു പറഞ്ഞു താരതമ്യം ചെയ്യാൻ മുതിരുന്ന മാതാപിതാക്കൾ ആ അവനിലും അവളിലും ഇല്ലാത്തതെന്തോ തന്റെ മക്കളിൽ ഉണ്ടെന്നു തിരിച്ചറിയാതെ പോകുന്നു എന്നുള്ളതാണ് സത്യം .

മാതാപിതാക്കളുടെ സോഷ്യൽ സ്റ്റാറ്റസ് കൂട്ടുന്നത് A+ കളും 99 -ൽ കൂടുതൽ % കളും ആണ്. അങ്ങനെ വാങ്ങുന്നവർ മാത്രമാണ് മിടുക്കരുടെ ലിസ്റ്റിൽ സ്ഥാനം പിടിക്കുന്നവർ എന്ന അബദ്ധ ധാരണ മാറ്റിയെടുക്കാത്തിടത്തോളം കാലം ജയത്തിനു വേണ്ടി മാത്രം മത്സരിക്കുന്ന പന്തയ കുതിരകളാകുന്നതിൽ നിന്നു കുരുന്നുകൾക്ക് മോചനമുണ്ടാകാൻ പോകുന്നില്ല. ചരിത്രത്തിന്റെ ഏടുകൾ പരിശോധിച്ചാൽ ജീവിതത്തിൽ വിജയം നേടിയവർ എല്ലാം പരാജയം നുണഞ്ഞവരാണെന്ന് മനസ്സിലാകും. ആരോ പറഞ്ഞൊരു മഹത്‌വചനമുണ്ട്, വിജയം ഒരിക്കലും എങ്ങനെ പരാജയത്തെ നേരിടണമെന്ന് നമ്മെ പഠിപ്പിക്കുന്നില്ല എന്ന്.

ഈയിടെ കേരളത്തിൽ ഉണ്ടായ ഒരു സംഭവം . വീടിനടുത്തുണ്ടായത് . അതുകൊണ്ടാണ് അതിവിടെ സൂചിപ്പിക്കുന്നത്. ചേച്ചിയുടെ 14 വയസ്സുകാരി മകൾ അനിയത്തിയുടെ 11 വയസ്സായ മകളെ വീട്ടിൽ ആരുമില്ലാത്ത സമയത്ത് കഴുത്തിൽ ഷാൾ മുറുക്കി കൊന്നു. ശേഷം ഒന്നുമറിയാത്ത പോലെ ശവം ദിവാൻ ബെഡിൽ എടുത്തു കിടത്തി. അമ്മമ്മയും അച്ഛച്ഛനും പറമ്പിൽ ആയിരുന്നു. തിരിച്ചു വീടെത്തിയപ്പോൾ ബെഡിൽ മരിച്ച നിലയിൽ ഇളയകുട്ടി. മരിച്ച കുട്ടിയുടെ കഴുത്തിൽ അസാധാരണമായ ചെറിയ ഒരു പാട് കണ്ട് കുട്ടിയുടെ അച്ഛൻ കേസ്കൊടുത്തു. അന്വേഷണങ്ങൾക്കൊടുവിൽ പുറത്തു വന്ന സത്യം കേട്ട വീട്ടുകാരും നാട്ടുകാരും അവിശ്വസനീയതയോടെ അന്തിച്ചു നിന്നു. 14 വയസ്സുകാരി മൂത്തകുട്ടി കുറ്റം സമ്മതിച്ചു, ബാഗിൽ ഒളിപ്പിച്ചു വെച്ചിരുന്ന ഷാൾ പോലീസിന് കാണിച്ചുകൊടുത്തു. അതിലേറെ വേദനാജനകം അങ്ങനെ ചെയ്യാൻ ആ കുട്ടിയെ പ്രേരിപ്പിച്ചതെന്തെന്ന് ആ കുട്ടി പറഞ്ഞത് ആയിരുന്നു .

മരിച്ച കുട്ടി പഠിക്കാൻ മിടുക്കി, ഈ വർഷം USS സ്കോളർഷിപ്പും ലഭിച്ചു, നാട്ടിൽ കുട്ടിയുടെ പടം വച്ചുള്ള ഫ്ളക്സുകൾ പൊങ്ങി, വീട്ടുകാരെല്ലാം അവളെ പുകഴ്ത്തി പറയുന്നു, അഭിനന്ദിക്കുന്നു, അവളെ കണ്ടു പഠിക്ക് എന്നു മുതിർന്ന കുട്ടിയോട് പറയുന്നു. ഇതെല്ലാം മനസ്സിൽ കുന്നുകൂട്ടിയ വൈരാഗ്യം കൊണ്ടു ചെയ്തു പോയതെന്ന് ആ നിഷ്കളങ്ക ബാല്യം നെഞ്ചു പൊട്ടി പറയുമ്പോൾ അവളല്ല തെറ്റുകാരി ഇതിനെല്ലാം വഴി വെച്ച മാതാപിതാക്കൾ തന്നെ എന്നു മനസ്സിലാക്കണം .

പരസ്പരം മത്സരിക്കാനായല്ല, പകരം കുഞ്ഞുമനസ്സുകളെ സമൂഹത്തിന് ഉപകാരപ്രദമായ സാമാന്യബുദ്ധിയോട് കൂടി വളർത്തിയെടുക്കാനാണ് നാം ശ്രമിക്കേണ്ടത് എന്നത് പലരും മറന്നു തുടങ്ങിയിരിക്കുന്നു. സഹനം, സ്നേഹം, സഹിഷ്ണുത, കാരുണ്യം ഈ വികാരങ്ങൾ കുട്ടികളുടെ മനസ്സിൽ വളർത്താൻ മാതാപിതാക്കൾക്ക് മാത്രമേ കഴിയൂ. ഒരു പാഠശാലയിൽ നിന്നും അവർക്കതിനുള്ള ശിക്ഷണം ലഭിക്കില്ല, അതിനാദ്യം വേണ്ടത് ഈ ഗുണങ്ങൾ മാതാപിതാക്കൾ അവരുടെ പ്രവൃത്തികളിലൂടെ കാണിച്ചുകൊടുക്കുക എന്നതാണ്. ഒരു

പഴയ ചൊല്ലുണ്ട്, നിങ്ങളുടെ കുട്ടികൾ നിങ്ങളെ അനുസരിക്കാൻ മടി കാണിച്ചേക്കും, പക്ഷെ അവർ ഒരിക്കലും നിങ്ങളെ അനുകരിക്കുന്നതിൽ വീഴ്ച വരുത്തില്ല . അതെ, മാതാപിതാക്കളുടെ ചെയ്തികളാണ് കുട്ടികളുടെ മാർഗദർശികൾ.

മത്സരബുദ്ധിയും പരസ്പര വൈരാഗ്യവും മനസ്സിൽ കുത്തി നിറക്കാതെ സമൂഹത്തിന്, സഹജീവികൾക്ക് താങ്ങും തണലുമായി വളരാൻ അവർക്ക് കഴിയട്ടെ . ഒരു നല്ല സമൂഹത്തെ വാർത്തെടുക്കുന്നതിൽ നമുക്കോരോരുത്തർക്കും നമ്മുടേതായ ഭാഗധേയം നിർവഹിക്കാൻ ഉണ്ടെന്ന സത്യം മറക്കാതിരിക്കുക. ചിരിച്ചുകൊണ്ട് ഉപദേശിക്കുക, പ്രവൃത്തികൊണ്ടു മാതൃകയാവുക. കുറ്റപ്പെടുത്തലിലൂടെ ആരും ജീവിതത്തിൽ വിജയിച്ചിട്ടില്ല, നേർവഴി കണ്ടിട്ടില്ല.

# നീലവാൽ തുമ്പിയെ കണ്ടതുണ്ടോ?

**എം സേതു മാഷ്**



വര : ബോബി എം പ്രഭ

കുന്നിൻ ചെരുവിലെ ചായ്പ്പിന്റെയോരത്ത്  
ചാരുനീലാംബരം പൂത്തനേരം....  
അണ്ണാറക്കണ്ണനും നീലവാൽ തുമ്പിയും  
ഉല്ലാസത്തോടെ വിലസും നേരം  
കുട്ടിയും കോലുമൊളിച്ചു കളികളും  
കലപില്ലക്കളികളും കോലാഹലം......

മാനം കറുത്തതും പേമാരി പെയ്തതും  
മലയോര മിടിവെട്ടി ഞെട്ടി വിറച്ചതും  
മണ്ണിന്റെ മക്കൾതൻ നെഞ്ചു പിളർന്നതും  
മലവെള്ളപ്പാച്ചിലിലെങ്ങോ മറഞ്ഞതും  
മണ്ണിൽ പുതഞ്ഞൊരാ കളിവണ്ടിയോടിച്ച  
കരിമാടികുട്ടനെ കണ്ടതുണ്ടോ  
ചെല്ലക്കിളികളെ കേട്ടതുണ്ടോ?  
നീലവാൽതുമ്പിയെ കണ്ടതുണ്ടോ?

# അറിവ്

**ദീപ മനോജ്**



വര: ഗോപു പട്ടിത്തറ

പൂവുകൾ കാണുവാനെന്തു ഭംഗി
പൂമ്പാറ്റകൾക്കതിലേറെ ഭംഗി
മാനം തെളിയുമ്പോളെന്തു ചന്തം
മാരിവിൽ കാണാനാണേറെ ചന്തം
സൂര്യനുദിക്കുമ്പോളെന്തു വെട്ടം
അമ്പിളിമാമനിന്നെന്തു വട്ടം
സ്വപ്നം കാണുവാനെന്തൊരിഷ്ടം
സ്വന്തമെന്നുള്ളതിനേറെ ഇഷ്ടം
കളിച്ചു പഠിക്കുമ്പോളെന്തു രസം
മനസ്സിലുറയ്ക്കുമ്പോളതിലും രസം
ഭാഷ പഠിക്കുമ്പോളുണ്ടു കാര്യം
മാതൃഭാഷയ്ക്കതിലേറെ കാര്യം
അന്യമായ് നിൽക്കുന്നതെല്ലാമെന്നും
സ്വന്തമായ് തീരുമ്പോളെല്ലാം ഒന്ന്
പാഠങ്ങളെല്ലാം പഠിക്കുമ്പോളും
ചോദ്യങ്ങളായ് തന്നെ നിൽക്കണം നാം.

# സ്കൂൾ ഡെയ്സ്

എൻ ടി രാജീവ്



# ടോം സോയറുടെ സാഹസികജീവിതം

**മാർക്ക് ട്വയിൻ**
പുനരാഖ്യാനം: **ജോളി വർഗീസ്**

ജീവിതം ആസ്വദിക്കുന്ന ആ വെറുക്കപ്പെട്ട സ്വപ്നനായകനെ നോക്കി ടോം ചിരിച്ചു.

''ഹലോ... ഹക്കിൾ ബെറി നിന്റെ കൈയിലെന്താ?''

''ഒരു ചത്ത പൂച്ച.''

''ഞാൻ ഒന്ന് നോക്കട്ടെ... ഓ... ഹക്ക് അത് ആകെ മരവിച്ചിരിക്കുന്നു. നിനക്ക് ഇത് എവിടെനിന്നു കിട്ടി?''

''ഞാൻ ഒരു പയ്യന്റെ കൈയിൽ നിന്ന് ഒരു നീല ടിക്കറ്റും കശാപ്പുശാലയിൽ നിന്ന് കിട്ടിയ ഒരു മൂത്രസഞ്ചിയും കൊടുത്ത് വാങ്ങിയതാണ്.''

''ചത്ത പൂച്ചയെ എന്തിന് കൊള്ളാം?''

''എന്തിനാണെന്നോ? അവ അരിമ്പാറകൾ മാറ്റിത്തരും.''

''സത്യം...എനിക്ക് അരിമ്പാറകൾ ഉണ്ട്. ഞാൻ ചിലതൊക്കെ ഒരു മുതിരപയർ ഉപയോഗിച്ച് എടുത്തിട്ടുണ്ട്. എന്നിട്ട് അത് നിലാവുള്ള രാത്രിയിൽ നാലും കൂടുന്ന കവലയിൽ കുഴിച്ചിടും.... ബാക്കിയുള്ള മുതിരപയർ കത്തിച്ചു കളയും.''

''ശരിയാണ്. ഞാനും അങ്ങനെ ചെയ്തിട്ടുണ്ട്. പക്ഷേ അത് കുഴിച്ചിടുമ്പോൾ മുതിരപയറേ നീ താഴെ പോകൂ... അരിമ്പാറയേ ഇനി എന്നെ ഉപദ്രവിക്കാൻ വരരുതെന്നും പറയണം.''

''പൂച്ചയെ ഉപയോഗിച്ച് എങ്ങനെയാണ് അവയെല്ലാം കളയുന്നത്?''

''നീ നിന്റെ ചത്ത പൂച്ചയുമായി ശവക്കോട്ടയിൽ പാതിരാത്രിയിൽ പോകണം. വളരെ ദുഷ്ടനായ ഒരുത്തനെ കുഴിച്ചിടുന്ന രാത്രിയിൽ വേണം പോകാൻ. പാതിരാത്രി ആകുമ്പോൾ പിശാചുക്കൾ വരും. ചിലപ്പോൾ



വര: റോണി ദേവസ്യ

രണ്ടുമൂന്ന് എണ്ണം കാണും. നിനക്ക് അവരെ കാണാൻ കഴിയില്ല. കാറ്റുപോലെ എന്തോ ഒരു ശബ്ദം മാത്രം കേൾക്കാം. ചിലപ്പോൾ അവർ സംസാരിക്കുന്നതും കേൾക്കാം. അവർ ആ ദുഷ്ടനെ എടുത്തുകൊണ്ട് പോകുമ്പോൾ നീ പൂച്ചയെ അവരുടെ പിന്നിലേക്ക് എറിയണം. എന്നിട്ട്, 'പിശാചുക്കളെ നിങ്ങൾ ശവത്തിനു പിന്നാലെ പോകൂ... അരിമ്പാറയേ നീ പൂച്ചയുടെ പിന്നാലേ പോകൂ... ഇനി എന്നെ ഉപദ്രവിക്കരുത് എന്ന് പറയണം.'' അപ്പോൾ അരിമ്പാറ അപ്രത്യക്ഷമാകും.''

''കൊള്ളാമെന്നു തോന്നുന്നു. നീ എന്നെങ്കിലും ശ്രമിച്ചു നോക്കിയിട്ടുണ്ടോ?''

''ഇല്ല. പക്ഷേ ഹോപ്കിൻസ് വയസ്സി തള്ളയാണ് എന്നോട് പറഞ്ഞത്.''

''സത്യമായിരിക്കും... അവർ ഒരു മന്ത്രവാദിനിയല്ലേ...?''

''അതേ അവർ പാവം പപ്പയെ മന്ത്രവാദത്താൽ കുരുക്കി വീഴ്ത്തി. അവർ തുറിച്ചു നോക്കുന്നതുകണ്ടപ്പോൾ പപ്പാ കല്ലെടുത്ത് എറിഞ്ഞു. അവർ മാറിക്കളഞ്ഞതുകൊണ്ട് രക്ഷപ്പെട്ടു. അന്നു രാത്രി പപ്പാ ഉറക്കത്തിൽ താഴെ വീണു കൈ ഒടിഞ്ഞു.''

''അവൾ മന്ത്രം ചെയ്യുകയാണെന്ന് നിന്റെ പപ്പായ്ക്ക് എങ്ങനെ മനസ്സിലായി?''

''അവൾ തുറിച്ചു നോക്കുകയും പിറുപിറുക്കയും ചെയ്യുമ്പോൾ അറിയാം അവർ പ്രാർഥന പിറകോട്ടു ചൊല്ലി മന്ത്രം ചെയ്തു ശപിക്കുകയാണ്.''

''ഓ... അങ്ങനെയാണോ? നീ എപ്പോഴാണ് പൂച്ചയുമായി ശവക്കോട്ടയിൽ പോകുന്നത്?''

''ഇന്നുരാത്രി. ഇന്നുരാത്രി അവർ കിളവൻ ഹോസ്സ് വില്യംസിനെ കൊണ്ടുപോകാൻ വരും.''

''പക്ഷേ... അയാളെ ശനിയാഴ്ചയല്ലേ അടക്കം ചെയ്തത്.

ടോം സ്കൂളിലേക്കു നടന്നു. സ്കൂൾ കെട്ടിടത്തിന് അടുത്തെത്തിയപ്പോൾ ടോം വളരെ വേഗം നടന്നുവന്ന ഒരു വിദ്യാർഥിയെപ്പോലെ ചുണക്കുട്ടിയായി അകത്തു പ്രവേശിച്ചു. ഉയർന്ന പ്ളാറ്റ്ഫോമിൽ, കസേരയിലിരുന്നിരുന്ന അധ്യാപകൻ ഉറക്കം തൂങ്ങുകയായിരുന്നു. ടോം കയറി വന്നപ്പോൾ ഉണ്ടായ ശബ്ദം അദ്ദേഹത്തെ ഉണർത്തി.

ശനിയാഴ്ച രാത്രി തന്നെ പിശാചുക്കൾ അയാളെ കൊണ്ടുപോയിട്ടുണ്ടാകില്ലേ?''

''ടോമേ... നീ എന്ത് മണ്ടത്തരമാണ് പറയുന്നത്. പാതിരാത്രിയാകാതെ അവരുടെ മന്ത്രശക്തി ഉണരില്ല. അപ്പോഴേക്കും ഞായറാഴ്ചയായില്ലേ? ഞായറാഴ്ചകളിൽ പിശാചുക്കൾ പുറത്തിറങ്ങാറില്ല.''

''ഞാൻ അങ്ങനെ ചിന്തിച്ചില്ല. ഞാനും നിന്റെ കൂടെ വരട്ടെ.''

''ഓ വരാം... നിനക്ക് പേടിയില്ലെങ്കിൽ?''

''ഇല്ല ഒട്ടും പേടിയില്ല. എന്റെ ജനലിന്റെ താഴെനിന്ന് നീ ഒരു മ്യാവൂ ശബ്ദം ഉണ്ടാക്കണം.''

''അങ്ങനെ ചെയ്യാം. അതു കേട്ടു കഴിഞ്ഞാൽ നീയും തിരികെ മ്യാവൂ എന്ന് പറയണം. കഴിഞ്ഞ തവണ ഞാൻ മ്യാവൂ എന്ന് കരഞ്ഞുകൊണ്ടിരുന്നു. അവസാനം വയസ്സൻ ഹെയ്സ് കല്ലെടുത്ത് എന്നെ എറിയുകയും 'പോ പൂച്ചേ എന്ന് പറയുകയും ചെയ്തു.' ഞാനും ഒരു ഇഷ്ടിക എടുത്ത് ജനാലിലേക്ക് എറിഞ്ഞു. ആരോടും പറയരുത്.''

''ഇല്ല. അന്നുരാത്രി ആന്റി എന്നെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അതുകൊണ്ടാണ് മറുപടി മ്യാവു പറയാതിരുന്നത്.''

ഹക്ക് കാട്ടിൽ നിന്ന് ശേഖരിച്ച ഒരു ചെള്ളിനെ ടോമിനു കൊടുത്തു. പകരം ടോം താൻ സൂക്ഷിച്ചുവച്ചിരുന്ന തന്റെ കൊഴിഞ്ഞ പല്ലും കൊടുത്തു. രണ്ടു കുട്ടികളും തന്നാൽ കൈമാറിയ വിലപ്പെട്ട സമ്മാനങ്ങളുമായി പഴയതിലും സമ്പന്നരായ തൃപ്തിയോടെ യാത്രപറഞ്ഞു പിരിഞ്ഞു.

ടോം സ്കൂളിലേക്കു നടന്നു. സ്കൂൾ കെട്ടിടത്തിന് അടുത്തെത്തിയപ്പോൾ ടോം വളരെ വേഗം നടന്നുവന്ന ഒരു വിദ്യാർഥിയെപ്പോലെ ചുണക്കുട്ടിയായി അകത്തു പ്രവേശിച്ചു. ഉയർന്ന പ്ളാറ്റ്ഫോമിൽ, കസേരയിലിരുന്നിരുന്ന അധ്യാപകൻ ഉറക്കം തൂങ്ങുകയായിരുന്നു. ടോം കയറി വന്നപ്പോൾ ഉണ്ടായ ശബ്ദം അദ്ദേഹത്തെ ഉണർത്തി.

''തോമസ് സോയ്ർ...!''

തന്റെ മുഴുവൻ പേരും അധ്യാപകൻ പറയുമ്പോൾ അതിന്റെ പിന്നാലെ ഒരു അപകടം വരുന്നുണ്ടെന്ന് ടോമിന് അറിയാം.

''സാർ''

''ഇവിടെ വാ... സാർ... എന്താ ഇന്നും പതിവുപോലെ വൈകി എത്തിയത്?''

ഒരു കള്ളത്തരം പറഞ്ഞ് രക്ഷപ്പെടാൻ ഒരുങ്ങിയപ്പോഴാണ് അവന് തിരിച്ചറിയാൻ കഴിയുന്ന രണ്ട് സ്വർണവർണ മുടിവാലുകൾ തൂങ്ങിക്കിടക്കുന്നത് കണ്ടത്. പെൺകുട്ടികൾ ഇരിക്കുന്ന ഇടത്തിലെ ഒരേയൊരു ഒഴിഞ്ഞ സ്ഥലം ആ രൂപത്തിനടുത്താണ്.

അവൻ പെട്ടെന്ന് സത്യസന്ധമായ മറുപടി നൽകി.

''ഞാൻ ഹക്കിൾബെറിഫിന്നുമായി സംസാരിക്കയായിരുന്നു.''

അധ്യാപകൻ തുറിച്ചുനോക്കി. ക്ലാസ്സിലെ കലപില ശബ്ദം നിലച്ചു. അവന്റെ തലയ്ക്ക് വെളിവില്ലേ എന്ന് കുട്ടികൾ സംശയിച്ചു.

''നീ എന്താ പറഞ്ഞത്?''

''ഞാൻ ഹക്കിൾബെറിയുമായി സംസാരിച്ചു നിൽക്കയായിരുന്നു.''

വാക്കുകളിൽ പതർച്ച ഇല്ലായിരുന്നു.

''തോമസ് സോയർ , ഞാൻ ഇന്നുവരെ കേട്ടിട്ടുള്ളതിലേക്കും അതിശയകരമായ ഏറ്റുപറച്ചിലാണിത്. നിന്റെ കോട്ട് ഊരി മാറ്റൂ...'' അധ്യാപകന്റെ കൈ ക്ഷീണിച്ച് തളരുന്നതുവരെ പ്രഹരം തുടർന്നു. പിന്നാലെ ഒരു കല്പനയും.

''ഇനി പോയി പെൺകുട്ടികളുടെ ഇടയിൽ ഇരിക്കൂ... ഇത് നിനക്കുള്ള താക്കീതാണ്.''

കുട്ടികൾ കണ്ണിറുക്കി ചിരിക്കുകയും അന്യോന്യം തോണ്ടുകയും ചെയ്തു. ടോം ആ പഴയ ബഞ്ചിന്റെ അറ്റത്തിരുന്നപ്പോൾ ആ പെൺകുട്ടി തല കുലുക്കിക്കൊണ്ട്, അല്പം നീങ്ങിയിരുന്നു. അതൊന്നും ശ്രദ്ധിക്കാതെ ടോം തന്റെ പുസ്തകത്തിൽ നോക്കിയിരുന്നു.

എല്ലാവരുടെയും ശ്രദ്ധ മാറുകയും കുട്ടികൾ വീണ്ടും കുശുകുശുക്കാനും ശബ്ദം ഉണ്ടാക്കാനും തുടങ്ങിയപ്പോൾ ടോം ആ പെൺകുട്ടിയെ ഒളിഞ്ഞുനോക്കി. അവൾ അതുകണ്ട് ചിറി ഒന്ന് കോട്ടി. അവളുടെ തലയുടെ പിൻഭാഗം മാത്രം കാണത്തക്കതു പോലെ നീങ്ങി ഇരുന്നു. പിന്നീട് അവൾ, വളരെ സൂക്ഷ്മതയോടെ തലതിരിച്ചുനോക്കിയപ്പോൾ, താഴെ ഒരു പീച്ച് പഴം കിടക്കുന്നതു കണ്ടു. അവൾ അത് തള്ളി മാറ്റി. ടോം വീണ്ടും അങ്ങോട്ട് നീക്കിയിട്ടു. അപ്പോൾ അവൾ അത് തള്ളിമാറ്റിയില്ല. ടോം ഉടനെ അവന്റെ സ്ലേറ്റിൽ ഇങ്ങനെ എഴുതി. ''ദയവായി അത് എടുക്കൂ... എന്റെ കൈയിൽ ധാരാളം ഉണ്ട്.'' അവൾ സ്ലേറ്റിലെ വാക്കുകളിൽ നോക്കി. പക്ഷേ അനങ്ങിയില്ല. അവൻ

**എല്ലാവരുടെയും ശ്രദ്ധ മാറുകയും കുട്ടികൾ വീണ്ടും കുശുകുശുക്കാനും ശബ്ദം ഉണ്ടാക്കാനും തുടങ്ങിയപ്പോൾ ടോം ആ പെൺകുട്ടിയെ ഒളിഞ്ഞുനോക്കി. അവൾ അതുകണ്ട് ചിറി ഒന്ന് കോട്ടി. അവളുടെ തലയുടെ പിൻഭാഗം മാത്രം കാണത്തക്കതു പോലെ നീങ്ങി ഇരുന്നു.**

വീണ്ടും സ്ലേറ്റിൽ എന്തോ വരയ്ക്കാൻ തുടങ്ങി. ഇടതു കൈകൊണ്ട് മറച്ചു പിടിച്ചാണ് വരച്ചത്. അവൾ നോക്കിയില്ല. പക്ഷേ അല്പസമയം കഴിഞ്ഞപ്പോൾ, അവൾക്ക് ആകാംക്ഷ നിയന്ത്രിക്കാനായില്ല. അവൾ ഒന്ന് എത്തിനോക്കാൻ ശ്രമിച്ചപ്പോൾ, അവൻ ഒന്നും മനസ്സിലാകാത്ത ഭാവത്തിൽ കൈകൊണ്ട് മറച്ചുപിടിച്ച് വരച്ചുകൊണ്ടിരുന്നു.

അവസാനം അവൾ പറഞ്ഞു.

''പ്ലീസ് ഞാൻ ഒന്ന് കാണട്ടെ..''

അവൻ, പടത്തിന്റെ ഒരു ചെറിയ ഭാഗം കാണിച്ചു കൊടുത്തു. ഒരു വീടിന്റെ ഭംഗിയില്ലാത്ത ഒരു പടം. രണ്ട് മൂലകളും മുകളിൽ ചിമ്മിനിയും പുകയുമുള്ള ഒരു ചിത്രം.

''നല്ല പടം. ഒരു മനുഷ്യനെക്കൂടി വരയ്ക്കൂ.'' അവൾ അപേക്ഷിച്ചു.

കലാകാരൻ. ഒരു വലിയ മനുഷ്യനെ വരച്ചുചേർത്തു. മനുഷ്യന്റെ വലിയ ശരീരം അവൾ ശ്രദ്ധിച്ചില്ല.

''നല്ല ഭംഗിയുള്ള മനുഷ്യൻ.''

''എനിക്കും വരയ്ക്കാൻ സാധിച്ചിരുന്നെങ്കിൽ''

''നിഷ്പ്രയാസം പഠിക്കാം. ഞാൻ പഠിപ്പിക്കാം.''

''എപ്പോൾ?''

''നീ ഉച്ചയ്ക്ക് ഭക്ഷണം കഴിക്കാൻ വീട്ടിൽ പോകുമോ?''

''നീ ഇവിടെ നിൽക്കുകയാണെങ്കിൽ ഞാനും ഇവിടെ നിൽക്കാം.'' അവൾ പറഞ്ഞു.

''കൊള്ളാം...നല്ല ഒരു വാഗ്ദാനം.

''നിന്റെ പേരെന്താണ്?''

''ബെക്കി താച്ചർ. നിന്റെ പേര്? ഓ... എനിക്കറിയാം തോമസ് സോയർ''

''അത് അവർ എന്നെ പരിഹസിക്കാൻ വിളിക്കുന്ന മുഴുവൻ പേരാണ്. ഞാൻ നല്ലവനായിരിക്കുമ്പോൾ വെറും ടോം ആണ്. നിനക്ക് എന്നെ ടോം എന്ന് വിളിക്കാം. വിളിക്കുമോ?''

''തീർച്ചയായും.''

ടോം, വീണ്ടും സ്ലേറ്റിൽ എന്തോ എഴുതി. അത് വായിക്കണമെന്ന് ബെക്കി നിർബന്ധം പിടിച്ചില്ല.

''ആരോടും പറയില്ലെങ്കിൽ കാണിക്കാം.''

''ഇല്ല പറയില്ല.''

അവൾ അവന്റെ കൈയുടെ പുറത്ത് വിരലുകൾ വച്ചു. അവൻ പതുക്കെ കൈ ഇളക്കി എഴുതിയത് കാണിച്ചു.

'ഞാൻ നിന്നെ സ്നേഹിക്കുന്നു.'

''ഓ... നീ ഒരു ചീത്ത കുട്ടിയാണ്.'' എന്ന് അവൾ പറഞ്ഞെങ്കിലും നാണിച്ച് ചുമക്കുകയും അത് ഇഷ്ടപ്പെട്ട രീതിയിൽ അവിടെ ഇരിക്കുകയും ചെയ്തു.

ആ സുന്ദരനിമിഷത്തിൽ ടോമിന് തന്റെ ചെവിയിൽ ആരോ പിടിച്ചുയർത്തുന്നതു പോലെ തോന്നി. ആ കൈകൾ അവനെ തൂക്കിയെടുത്ത് മുറിയിലൂടെ അങ്ങേ അറ്റത്തേക്കു കൊണ്ടുപോയി. ക്ലാസിലെ കുട്ടികൾ പൊട്ടിച്ചിരിച്ചപ്പോൾ അധ്യാപകൻ അവനെ അവന്റെ സ്വന്തം ഇരിപ്പിടത്തിൽ ഇരുത്തി. ചെവി വേദനിക്കുന്നുണ്ടായിരുന്നെങ്കിലും അവന്റെ ഹൃദയം നിറയെ സന്തോഷമായിരുന്നു. ക്ലാസിലെ ബഹളം ശമിച്ചപ്പോൾ ടോം പുസ്തകത്തിൽ ശ്രദ്ധ ചെലുത്താനും പഠിക്കാനും ശ്രമിച്ചു. പക്ഷേ എല്ലാം തല



കീഴായി മറിഞ്ഞു. ഒന്നും മന സ്സിലാകുന്നില്ല. എല്ലാം അബ ദ്ധങ്ങൾ മാത്രം. അവൻ ആ ശ്രമം ഉപേക്ഷിച്ചു.അവസാനം ഉച്ചഭക്ഷണത്തിനുള്ള സമയം ആയപ്പോൾ ടോം ബെക്കിയുടെ അടുത്തേക്ക് പറന്നു.

''നീ വീട്ടിൽ പോകയാണെ ന്നുള്ള ഭാവത്തിൽ നടക്കണം. അങ്ങേ മൂലയ്ക്കെത്തുമ്പോൾ ബാക്കിയുള്ളവരിൽ നിന്ന് പതു ക്കെ ഒഴിഞ്ഞുമാറി ഇടവഴിയി ലൂടെ നടന്ന് ഇവിടെ തിരികെ എത്തണം. ഞാൻ മറ്റേ വഴിയി ലൂടെ നടന്ന്, നിന്നെ അവിടെ കണ്ടുമുട്ടാം.''

അവർ രണ്ടായി പിരിഞ്ഞ്, രണ്ട് കൂട്ടരുടെ കൂടെ നടന്നിട്ട്, ഇടവഴിയുടെ അങ്ങേ അറ്റത്ത് കൂട്ടിമുട്ടി, സ്കൂളിൽ തിരികെ എത്തി. സ്കൂളിൽ അവർ മാത്രം. അവർ സ്ലേറ്റുമായി അവിടെ ഇരുന്നു. ടോം അവൾക്ക് ഒരു പെൻസിൽ കൊടുത്തു. എന്നിട്ട് അവളുടെ കൈയേൽ പിടിച്ച് പടം വരയ്ക്കാൻ തുടങ്ങി. അവൾ ഭംഗിയുള്ള മറ്റൊരു വീട് വരച്ചു. അല്പസമയത്തി നുള്ളിൽ ചിത്രരചനയിലുള്ള അവരുടെ താത്പര്യം കുറഞ്ഞു. അവർ വർത്തമാനം പറയാൻ തുടങ്ങി.

''നീ എന്തെങ്കിലും പ്രണയ ഉടമ്പടി നടത്തിയിട്ടുണ്ടോ?''

''അത് എന്താണ്?''

''അതായത് വിവാഹം കഴി ക്കാനുള്ള തീരുമാനം.''

''ഇല്ല.''

''അങ്ങനെ ചെയ്യാൻ ഇഷ്ട

മുണ്ടോ?''

''ഉണ്ടെന്ന് തോന്നുന്നു–അല്ല. എനിക്കറിയില്ല. അത് എങ്ങനെയാണ്?''

''എങ്ങനെയാണെന്നോ? മറ്റൊന്നുമായി സാമ്യപ്പെടുത്താൻ പറ്റില്ല. നീ ഒരു ആൺകുട്ടിയോട് അവനല്ലാതെ മറ്റൊരാൾ ജീവിതത്തിലുണ്ടാകില്ലെന്ന് പറയണം. പിന്നീട് അവനെ ചുംബിക്കണം. ആർക്കും ചെയ്യാം.''

''ചുംബിക്കുക? അത് എന്തിനാണ്?''

''അത്... അതായത്... അത്... എല്ലാവരും അങ്ങനെ ചെയ്യും.''

''എല്ലാവരും.''

''അതേ സ്നേഹിക്കുന്നവർ എല്ലാം... ഞാൻ സ്ലേറ്റിൽ എഴുതിയ വാചകം നീ ഓർക്കുന്നുണ്ടോ?''

''ഉവ്വ്...!''

''ഇനി ഇപ്പോൾ നീ അത് എന്നോടു പറയണം. അത്രേയുള്ളൂ''

അവൾ അല്പനേരം അറച്ചുനിന്നു. പിന്നീട് പറഞ്ഞു. ''നിന്റെ മുഖം തിരിക്കൂ. എന്നാൽ ഞാൻ പറയാം. പക്ഷേ നീ ആരോടും പറയരുത്. ടോം... നീ പറയുമോ? ''

''ഇല്ല ബെക്കി.... ഒരിക്കലുമില്ല...''

അവൻ മുഖം തിരിച്ചു. അവൾ നാണത്തോടെ കുനിഞ്ഞു പറഞ്ഞു. ''ഞാൻ നിന്നെ സ്നേഹിക്കുന്നു.''

അവൾ ബഞ്ചിന് ചുറ്റും വട്ടത്തിൽ ഓടി. ടോം പിന്നാലെയും. അവളുടെ വെള്ള ഏയ്പ്രൺ കൊണ്ട് മുഖം മറച്ച് അവൾ ഒരു മൂലയിൽ ഒളിച്ചിരുന്നു.

''ബെക്കീ... എല്ലാം തീർന്നു... ഇനി ചുംബനം മാത്രം. അതേക്കുറിച്ച് പേടിക്കണ്ട. അതൊരു കാര്യമുള്ള കാര്യമല്ല. പ്ലീസ്... ബെക്കീ...''

അവൾ അവസാനം മുഖം ഉയർത്തി. ടോം അവളെ ചുംബിച്ചിട്ടു പറഞ്ഞു. ''ഇനി നീ ഒരിക്കലും എന്നെ അല്ലാതെ മറ്റൊരാളിനെ സ്നേഹിക്കരുത്. മറ്റൊരാളിനെ ഒരിക്കലും വിവാഹം കഴിക്കരുത്.''

ടോം അവളെ ആശ്വസിപ്പിക്കാൻ ശ്രമിച്ചെങ്കിലും അവൾ അവനെ തള്ളിമാറ്റിയിട്ട് കരച്ചിൽ തുടർന്നു. അവന്റെ അഭിമാനത്തിന് മുറിവേറ്റു. അവൻ ചാടിയെഴുന്നേറ്റ് പുറത്തിറങ്ങി വാതിൽക്കലേക്ക് നോക്കിനിന്നു. അവൾ തന്നെ അന്വേഷിച്ചു വരുന്നുണ്ടോ? അവൾ വന്നില്ല.

'ഒരിക്കലുമില്ല.''

''അത് വാഗ്ദാനത്തിന്റെ ഭാഗമാണ്. പിന്നെ സ്കൂളിൽ വരുമ്പോഴും പോകുമ്പോഴും ആരും നോക്കുന്നില്ലെങ്കിൽ എന്റെ കൂടെ മാത്രമേ നടക്കാവൂ. പിന്നെ പാർട്ടികളിൽ എന്റെ ഒപ്പം ഇരിക്കണം. അതാണ് അതിന്റെ രീതി.''

''കൊള്ളാം. ഞാൻ ഒരിക്കലും ഇതൊന്നും കേട്ടിരുന്നില്ല.''

''അതേ... ഇതൊക്കെ നല്ല രസമാണ്. ഞാനും ആമിലോറൻസും...''

അവളുടെ വലിയ കണ്ണുകളിൽ നിന്ന് താൻ ഒരു അബദ്ധം പറഞ്ഞതായി ടോമിന് മനസ്സിലായി. അവൻ ആ വാചകം പൂർത്തിയാക്കാതെ പെട്ടെന്ന് അവസാനിപ്പിച്ചു.

''ഓ... ടോം... അപ്പോൾ ഞാൻ അല്ല നിന്റെ ആദ്യ പ്രണയം.''

അവൾ കരയാൻ തുടങ്ങി.

''ബെക്കീ... കരയരുത്... ഞാൻ ഇപ്പോൾ അവളെക്കുറിച്ച് ചിന്തിക്കാറുപ്പോലുമില്ല.''

ടോം അവളെ ആശ്വസിപ്പിക്കാൻ ശ്രമിച്ചെങ്കിലും അവൾ അവനെ തള്ളിമാറ്റിയിട്ട് കരച്ചിൽ തുടർന്നു. അവന്റെ അഭിമാനത്തിന് മുറിവേറ്റു. അവൻ ചാടിയെഴുന്നേറ്റ് പുറത്തിറങ്ങി വാതിൽക്കലേക്ക് നോക്കിനിന്നു. അവൾ തന്നെ അന്വേഷിച്ചു വരുന്നുണ്ടോ? അവൾ വന്നില്ല. അവസാനം കുറ്റക്കാരൻ താൻ ആണെന്നുള്ള ചിന്താഭാരത്തോടെ അവൻ അകത്തേക്കു കയറി. അവൾ അപ്പോഴും അതേ മൂലയിൽ ഭിത്തിയിൽ മുഖം ചേർത്ത് കരഞ്ഞുകൊണ്ട് നിൽക്കുകയായിരുന്നു. ഇനി എന്താ ചെയ്യേണ്ടതെന്നറിയാതെ ടോം വിഷമിച്ചുനിന്നു.

പിന്നീട് അറച്ച് അറച്ച് പറഞ്ഞു.

''ബെക്കീ... നീ അല്ലാതെ മറ്റൊരാൾ എന്റെ ഹൃദയത്തിലില്ല.''

അവൾ മിണ്ടിയില്ല. തേങ്ങലുകൾ മാത്രം.

''ബെക്കീ...'' അവൻ യാചിച്ചു.

പിന്നെയും തേങ്ങലുകൾ.

ടോം അവന്റെ ഏറ്റവും വിലപ്പെട്ട നിധിയായ പിച്ചള വാതിൽമൊട്ട് പുറത്തെടുത്തു. അവൾ കാണത്തക്കതുപോലെ പിടിച്ചിട്ടു പറഞ്ഞു.

''ബെക്കീ... ദയവുചെയ്ത് ഇത് സ്വീകരിക്കൂ...!''

അവൾ അത് തറയിലേക്കു വലിച്ചെറിഞ്ഞു. ടോം അവിടെ നിന്ന് പുറത്തിറങ്ങി. അന്ന് ഇനി സ്കൂളിലേക്ക് പോകില്ലെന്ന് തീരുമാനിച്ചു.

അപ്പോൾ ബെക്കി വാതിൽക്കലേക്ക് ഓടി അവിടെയെല്ലാം നോക്കി. അവനെ കാണാനില്ല. അവൾ കളിക്കളത്തിനു ചുറ്റും ഓടിനടന്നു നോക്കി.

അവിടെയും ഇല്ല.

അവൾ ഉറക്കെ വിളിച്ചു.

''ടോം... തിരികെ വാ... ടോം...''

മറുപടിയില്ല.

അവൾക്ക് ചുറ്റും നിശ്ശബ്ദത മാത്രം. അവൾ അവിടെ ഇരുന്ന് കരഞ്ഞു. കുട്ടികൾ തിരികെ സ്കൂളിൽ എത്തിയപ്പോൾ കണ്ണീർ നിറഞ്ഞ മുഖം കാണിക്കാതെ അവൾ മറച്ചുപിടിച്ചു. (തുടരും)

# പരീക്ഷ

കെ കെ പല്ലശ്ശന

അനുമോൾ പരീക്ഷയെഴുതുകയാണ്. ചിത്രത്തിന് നിറം നൽകാനാണ് ഒന്നാമത്തെ ചോദ്യം ആവശ്യപ്പെടുന്നത്.

അവൾ ഇലകൾക്കെല്ലാം ചുവപ്പുനിറം നൽകി. പൂക്കൾക്ക് പച്ചനിറവും. ഒരു മാറ്റം നല്ലതാണല്ലോ.

രണ്ടാമത്തെ ചോദ്യം. ചിത്രത്തിനുതാഴെ അതിന്റെ പേരെഴുതലാണ്. തത്തയുടെയും പൂച്ചയുടെയും ചിത്രങ്ങൾ. അനുമോൾക്ക് ചിരി വന്നു.

ഇതാര്, ചിന്നുവും ചിഞ്ചുവും!

ഇതാണോ പരീക്ഷ!

അവൾ ചിത്രങ്ങൾക്കു താഴെയുള്ള വരയിൽ ഉത്തരം കുറിച്ചിട്ടു.

ചിന്നു.... ചിഞ്ചു...

മൂന്നാമത്തെ ചോദ്യം അതിലും രസകരമായിരുന്നു. വരയൻ പുലിക്ക് വാലില്ല! അത് വരച്ചു ചേർക്കണം.

ഇതാണോ ഇത്ര വല്യ കാര്യം. പക്ഷേ, വരയൻ ആളത്ര മര്യാദക്കാരനല്ല. അതുകൊണ്ട് ഒരു പണികൊടുക്കണം.

അനുമോൾ വരയന്റെ തലയിൽ വാലുവരച്ചു ചേർത്തു. വരയനെക്കണ്ട് സകലരും ചിരിക്കട്ടെ.

അനുമോളുടെ പരീക്ഷാപേപ്പർ ഇപ്പോൾ വാട്സാപ്പിലും ഫെയ്സ്ബുക്കിലുമെല്ലാം തരംഗമായിരിക്കുകയാണ്.



വര: സുജിത് പി വി




# ത്രിമാന മുദ്രണം അഥവാ 3ഡി പ്രിന്റിങ്

ഫെമീനാ ബീഗം എസ്

പേപ്പറിൽ ചിത്രങ്ങൾ പ്രിന്റുചെയ്ത് എടുക്കുന്നതുപോലെ ത്രിമാന രൂപങ്ങൾ നമുക്ക് ഒരു പ്രിന്ററിന്റെ സഹായത്തോടെ പ്രിന്റു ചെയ്തെടുക്കാൻ സാധിക്കുമോ? ആശ്ചര്യപ്പെടേണ്ടതില്ല. അതും ഇന്ന് സാധ്യമാണ് 3ഡി പ്രിന്റിങ് സാങ്കേതികവിദ്യയിലൂടെ.

ഒരു കല്ലിൽ നിന്നും വേണ്ടാത്ത ഭാഗങ്ങൾ കൊത്തിമാറ്റി ഒരു ശില്പം നിർമിക്കുമ്പോൾ (Subtractive manufacturing) മാറ്റിയ ഭാഗങ്ങളെല്ലാം ഉപയോഗശൂന്യമായി പോകുന്നു. എന്നാൽ കൽപ്പൊടി ഉപയോഗിച്ച് അതേ പോലെ ഒരു ശിൽപം നിർമിക്കുന്നതിലൂടെ (Additive manufacturing) ദ്രവ്യനഷ്ടം പരിമിതപ്പെടുത്തുവാൻ നമുക്ക് കഴിയും. ത്രീഡി പ്രിന്റിങ് ഇതേപോലെ ഒരു Additive manufacturing സാങ്കേതികവിദ്യയാണ്. നിർമിച്ചെടുക്കേണ്ട വസ്തുവിന്റെ ഒരു 3ഡി മോഡൽ ഡിജിറ്റൽ ഫയൽ ആയി കമ്പ്യൂട്ടറിൽ ഉണ്ടാക്കിയെടുക്കുന്നു. അതിനായി പ്രത്യേകതരം സോഫ്റ്റ്‌വെയറുകൾ ലഭ്യമാണ്. ഈ ഫയൽ 3ഡി പ്രിന്ററിൽ നൽകി ഉദ്ദേശിച്ച രൂപം പ്രിന്റുചെയ്ത് എടുക്കുന്നു. 3ഡി സ്കാനറുകൾ ഉപയോഗിച്ചും പ്രിന്റിനായുള്ള ഇത്തരം ഫയലുകൾ നിർമിച്ചെടുക്കാവുന്നതാണ്. ഇത്തരം 3ഡി പ്രിന്ററുകളിൽ 'മഷി' യായി ഉപയോഗിക്കുന്നത് പലതരത്തിലുള്ള വസ്തുക്കളാകാം. പോളിമർ, ലോഹങ്ങൾ, സെറാമിക്, പേപ്പർ, കോൺക്രീറ്റ്, എന്തിനേറെ, ചോക്ലേറ്റുകൾ വരെ 3ഡി പ്രിന്റിങ്ങിനായി ഉപയോഗിക്കപ്പെടുന്നുണ്ട്. ഇവയൊക്കെ ദ്രാവകരൂപത്തിലോ പൊടിയായോ വയറുകൾ ആയോ ഒക്കെയാവാം പ്രിന്ററിലേക്ക് ഫീഡ് ചെയ്യപ്പെടുക. ഒന്നിലധികം പദാർഥങ്ങൾ ഉപയോഗിച്ച് പലനിറങ്ങളിൽ പ്രിന്റ് ചെയ്യാൻ കഴിവുള്ള പ്രിന്ററുകൾ ഇന്ന് കമ്പോളത്തിൽ ലഭ്യമാണ്. വ്യാവസായിക അടിസ്ഥാനത്തിലുള്ള കെട്ടിടങ്ങൾ പോലും നിർമിക്കുവാൻ കഴിവുള്ള പ്രിന്ററുകൾ മുതൽ വീട്ടിൽ ഉപയോഗിക്കാവുന്ന ചെറിയ പ്രിന്ററുകൾ വരെ അക്കൂട്ടത്തിൽപ്പെടും. 3ഡി പ്രിന്ററിന്റെ സാധ്യതകൾ അനവധിയാണ്. വാഹനങ്ങളുടെ യന്ത്രഭാഗങ്ങൾ മുതൽ വിമാനഭാഗങ്ങൾ വരെ 3ഡി പ്രിന്റിങ് സാങ്കേതികവിദ്യ ഉപയോഗിച്ച് ഇന്ന് നിർമിച്ചെടുക്കുന്നുണ്ട്. സ്കൂളുകളിലും കോളേജുകളിലും പഠന ആവശ്യങ്ങൾക്കുള്ള മോഡലുകൾ, ഗൃഹോപകരണങ്ങൾ, കളിപ്പാട്ടങ്ങൾ, ആഭരണങ്ങൾ എന്നിവയുടെയെല്ലാം നിർമാണം 3ഡി പ്രിന്റിങ് വഴി സാധ്യമാണ്. നിങ്ങളുടെ സ്വന്തം രൂപം പോലും അതേപോലെ പ്രിന്റുചെയ്തെടുക്കാൻ 3ഡി പ്രിന്റിങ് വഴി സാധിക്കും.

ആതുരശുശ്രൂഷാ മേഖലയിൽ ഈ സാങ്കേതികവിദ്യയുടെ സംഭാവനകൾ വിലമതിക്കാനാവാത്തതാണ്. മരുന്നുകൾ, ശസ്ത്രക്രിയാ ഉപകരണങ്ങൾ, കൃത്രിമ അവയവങ്ങൾ, ദന്തചികിത്സ എന്നിവയിലെല്ലാം ഈ സാങ്കേതികവിദ്യ വിപുലമായി ഉപയോഗപ്പെടുത്തിവരുന്നു.

നമുക്ക് ഇഷ്ടമുള്ള രീതിയിൽ ചോക്ലേറ്റുകളും കേക്കുകളും പിസ്തയും പാസ്തയുമൊക്കെ വീട്ടിൽ പ്രിന്റുചെയ്തെടുക്കാൻ പറ്റുന്ന കാലം ഇനി വിദൂരമല്ല. ദൈനംദിന ജീവിതത്തിലെ ഒട്ടുമിക്ക കാര്യങ്ങളിലും 3ഡി പ്രിന്റുകളും അതിന്റെ സ്വാധീനവും കൂടുതൽ കൂടുതലായി വരുംനാളുകളിൽ നമുക്ക് പ്രതീക്ഷിക്കാം.



മോഡൽ വിമാനത്തിന്റെ പ്രൊപ്പലറിന്റെ 3 ഡി പ്രിന്റ്

# ചപ്പാത്തി ഉണർത്തിയ പാഠം

**ഉല്ലല ബാബു**

രണ്ടാം ലോകമഹായുദ്ധം കൊടുമ്പിരിക്കൊണ്ടിരിക്കുന്ന കാലം. ലോകത്താകമാനം അസ്വസ്ഥത പടർന്നുകത്തിനിന്നിരുന്നു. ഭക്ഷ്യധാന്യങ്ങൾക്ക് വറുതി. ആളുകൾ പട്ടിണിയും പരിവട്ടവുമായി കഴിയുന്നു. സർക്കാർതന്നെ ആഹാരം ഉണ്ടാക്കുന്ന ധാന്യങ്ങളുടെ വിതരണത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നു. ഒരു നേരം മാത്രം എന്തെങ്കിലും കഴിച്ച് മുണ്ടുമുറുക്കിയുടുത്ത് കഴിയുന്ന സാധാരണക്കാർ! അയൽപക്കക്കാരുടെ ദയകൊണ്ടു കിട്ടുന്ന കഞ്ഞിവെള്ളംകുടിച്ച് ദിവസങ്ങൾ തള്ളിനീക്കുന്ന തീരെ പാവപ്പെട്ടവർ.



അബ്ദുൾ കലാം കുട്ടികളോടൊപ്പം

വളരെയധികം അംഗങ്ങളുള്ള കുടുംബമായിരുന്നു എ പി ജെ അബ്ദുൾകലാമിന്റേത്. അദ്ദേഹത്തിന്റെ ഉമ്മയും ഉമ്മൂമ്മയും കൂടി ആ നാളുകൾ തരണം ചെയ്യാൻ നന്നായി പണിപ്പെട്ടു. തങ്ങളുടെ പാത്രത്തിലെ ആഹാരസാധനങ്ങളുടെ അളവ് വെട്ടിച്ചുരുക്കിയും സാധനങ്ങൾ ഒരു തുള്ളിപോലും കളയാതെയും അവർ കരുതലോടെ ജീവിച്ചു. എങ്കിലും കുട്ടികളെ അവർ പട്ടിണിക്കിടാൻ കൂട്ടാക്കിയില്ല. അവർക്ക് ആവശ്യമുള്ളത് ഉമ്മയും ഉമ്മൂമ്മയും കൂടി നൽകി.

ഒരുനാൾ ചോറിനുപകരം കലാമിന്റെ ഉമ്മ ചപ്പാത്തി ഉണ്ടാക്കി. കലാമിന് ആഹാരം കഴിക്കാൻ അടുക്കളയിൽ ഒരു പ്രത്യേകസ്ഥലം ഉണ്ട്. അവിടെ ഇരുന്നു. ഉമ്മ ഓരോ ചപ്പാത്തി ഉണ്ടാക്കി ചൂടോടെ മകനു കൊടുത്തു. വിശപ്പിന്റെ കാര്യത്തിൽ കലാം ഒട്ടും പിന്നിലായിരുന്നില്ല. ഉമ്മയുടെ ചപ്പാത്തിയുടെ സ്വാദ് ആസ്വദിച്ച് കലാം കുറേ എണ്ണം അകത്താക്കി. ഒടുവിൽ വയറ്റിൽ കൊള്ളാതായപ്പോൾ അവിടെ നിന്നും എഴുന്നേറ്റു.

അന്നുരാത്രി കലാമിന്റെ മൂത്തച്ചേട്ടൻ കലാമിനെ അടുത്തേക്ക് വിളിച്ച് മാറ്റിനിർത്തി ഒരുപാട് വഴക്കു പറഞ്ഞു.

"നിനക്കെങ്ങനെ ഇത്ര അന്ധനായിരിക്കാൻ സാധിച്ചു അബ്ദുൾ?" ചേട്ടൻ ദേഷ്യത്തോടെ ചോദിച്ചു. കൊച്ചുകലാമിന് കാര്യം പിടികിട്ടിയില്ല. എന്തിനാണ് ചേട്ടൻ എന്നെ മാത്രം വഴക്കു പറയുന്നത് എന്നതായിരുന്നു കലാമിന്റെ ചിന്ത. അദ്ദേഹത്തിന്റെ മുഖത്ത് കലാം നോക്കിനിന്നു. ജ്യേഷ്ഠൻ അടക്കിയ സ്വരത്തിൽ പറഞ്ഞു.

"നമ്മൾ ഓരോരുത്തർക്കും രണ്ടോ മൂന്നോ ചപ്പാത്തി വീതമേ കഴിക്കാൻ ഉള്ളുവെന്ന് നീ ശ്രദ്ധിച്ചില്ലേ. നീ കഴിച്ചുകൊണ്ടേയിരുന്നു. ഉമ്മ വിതുമ്പിക്കൊണ്ടും. തരില്ലെന്ന് പറയാൻ ഒരിക്കലും ഉമ്മയ്ക്ക് കഴിയില്ല. അതുകരുതി നീ എന്താണു ചെയ്തത്. ഇന്നുരാത്രി ഉമ്മ പട്ടിണിയാണ്. വിശന്ന് ഉറങ്ങേണ്ടിവരും. കഴിക്കാനായി ഇവിടെ ഒന്നും അവശേഷിക്കുന്നില്ല."

ഈ വാക്കുകൾ കേട്ടപ്പോൾ കലാമിനുണ്ടായ വിഷമം വർണനാതീതമാണ്. ഉമ്മയെക്കുറിച്ച് ആലോചിച്ച് കൊച്ചു കലാം സങ്കടപ്പെട്ടു. ജാള്യതകൊണ്ട് തലതാഴ്ത്തി ഉമ്മയുടെ മുഖത്തുനോക്കാൻ മടി. നാണക്കേട്! രാത്രി ആരും കാണാതെ കലാം ഒത്തിരി കരഞ്ഞു. രണ്ടു ദിവസം കഴിഞ്ഞേ ഉമ്മയുടെ മുഖത്തുനോക്കാൻ കലാമിന് കഴിഞ്ഞുള്ളൂ. ഇതിൽ നിന്നും വലിയൊരു പാഠം കലാം പഠിച്ചു. മറ്റുള്ളവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് പ്രവർത്തിക്കണം. പിന്നീട് ഈ തത്വം ജീവിതത്തിൽ ഉടനീളം കലാം കാത്തുസൂക്ഷിച്ചു.

# രക്തമെന്ന അത്ഭുതദ്രാവകം

കെ പി ലക്ഷ്മണൻ

രക്തം എന്ന അത്ഭുതദ്രാവകം മനുഷ്യശരീരത്തിലെ ഒരു സുപ്രധാന വസ്തുവാണ്. രക്തത്തിന്റെ ധർമങ്ങൾ എന്തൊക്കെയാണ്? മനുഷ്യന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമായ രക്തത്തിൽ എന്തെല്ലാം അടങ്ങിയിട്ടുണ്ട്? രക്തത്തെകുറിച്ചും അതിലെ ഘടകവസ്തുക്കളെ കുറിച്ചുമാണ് ഈ ലേഖനത്തിൽ പ്രതിപാദിക്കുന്നത്.



മനുഷ്യശരീരത്തിലെ ഒരു സുപ്രധാന വസ്തുവാണ് രക്തം. രക്തമില്ലെങ്കിൽ മനുഷ്യനില്ല. എന്തൊക്കെയാണ് രക്തത്തിന്റെ ധർമങ്ങൾ? നാം കഴിക്കുന്ന ഭക്ഷണത്തിൽ നിന്നും പോഷകാംശങ്ങളെ ചെറുകുടലിൽ നിന്നും ആഗിരണം ചെയ്ത് ശരീരകോശങ്ങളിലെത്തിക്കുന്നതും, ശ്വസനവായുവിലെ ഓക്സിജനെ ശ്വാസകോശത്തിൽ നിന്നും കോശങ്ങളിലേക്കും കാർബൺഡൈ ഓക്സൈഡിനെ ശ്വാസകോശങ്ങളിലേക്കും എത്തിക്കുക എന്നത് രക്തത്തിന്റെ ധർമമാണ്. ശരീരത്തിന്റെ വിവിധ ഗ്രന്ഥികൾ ഉത്പാദിപ്പിക്കുന്ന ഹോർമോണുകളെ അവയവങ്ങളിലും കോശങ്ങളിലും എത്തിക്കുന്നതും ശരീരത്തിലെ ജലത്തിന്റെ സന്തുലിതാവസ്ഥ നിലനിർത്തുന്നതും ശരീരോഷ്മാവ് ക്രമീകരിച്ചുനിർത്തുന്നതും രക്തമാണ്. മനുഷ്യന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമായ രക്തത്തിൽ എന്തെല്ലാം അടങ്ങിയിട്ടുണ്ട്?

പ്രധാനമായും നാല് ഘടകങ്ങളാണ് രക്തത്തിലുള്ളത്. ചുവന്ന രക്താണുക്കൾ, ശ്വേതരക്താണുക്കൾ, പ്ലേറ്റ്ലറ്റ്സ്, പ്ലാസ്മ എന്നിവയാണ് രക്തത്തിലെ ഘടകവസ്തുക്കൾ.




author Daniël Mijtens - National Portrait Gallery NPG 5115

വില്യം ഹാർവി

### ചുവന്ന രക്താണുക്കൾ

ഹീമോഗ്ലോബിൻ ആണ് രക്തത്തിന് ചുവപ്പ് നിറം നൽകുന്നത്. ഓക്സിജനെ ശരീരത്തിലെ എല്ലാ കോശങ്ങളിലും എത്തിക്കുകയെന്നതാണ് ചുവന്ന രക്താണുക്കളുടെ പ്രധാന ധർമം. ഹീമോഗ്ലോബിന്റെ അളവ്




author:NCI-Frederick

ആർ ബി സി, പ്ലേറ്റ്‌ലെറ്റ്, ഡബ്ല്യു ബി സി


കുറയുന്ന അവസ്ഥയ്ക്കാണ് അനീമിയ (വിളർച്ച) എന്നു പറയുന്നത്. അസ്ഥിമജ്ജയാണ് ചുവന്ന രക്താണുക്കളെ ഉത്പാദിപ്പിക്കുന്നത്. ഇവയുടെ ആയുസ്സ് നാലുമാസം മാത്രമാണ്.

## ശ്വേതരക്താണുക്കൾ

ശ്വേതരക്താണുക്കളാണ് മറ്റൊരു ഘടകം. ശരീരത്തിലേക്ക് രോഗാണുക്കൾ കടന്നുവരുന്നുണ്ടെങ്കിൽ അത് തടയുന്നത് ശ്വേതരക്താണുക്കളാണ്. രക്തത്തിൽ എണ്ണത്തിൽ ഇവ കുറവാണെങ്കിലും ചുവന്ന രക്താണുക്കളെ അപേക്ഷിച്ച് ഇവയ്ക്ക് വലിപ്പം കൂടുതലാണ്. ശ്വേതരക്താണുക്കളും രണ്ട് തരത്തിൽ കാണപ്പെടുന്നുണ്ട്. കോശദ്രവത്തിൽ തരികൾ പോലുള്ള വസ്തുക്കൾ അടങ്ങിയതും തരികൾ ഇല്ലാത്തവയും. കോശദ്രവത്തിൽ തരികൾ പോലുള്ള വസ്തുക്കൾ ഉള്ള ശ്വേതരക്താണുക്കൾ മൂന്ന് തരത്തിലുണ്ട്. ന്യൂട്രോഫിലുകൾ, ഇയോസിനോഫിൽ, ബേസോഫിൽ എന്നിവയാണ് അവ. ശ്വേതരക്താണുക്കളുടെ എണ്ണത്തിൽ എഴുപത് ശതമാനവും ന്യൂട്രോഫിലുകളാണ്. ശരീരത്തിന്റെ സുരക്ഷിതത്വമാണ് ന്യൂട്രോഫിലുകളുടെ ധർമം. ശ്വേതരക്താണുക്കളിലെ മറ്റൊരു വിഭാഗമാണ് ഇയോസിനോഫിൽ എന്നറിയപ്പെടുന്നത്. നമുക്ക് അലർജി, ആസ്ത്മ തുടങ്ങിയ അസുഖങ്ങൾ ഉണ്ടാവുമ്പോൾ രക്തത്തിൽ ഇയോസിനോഫിലിന്റെ അളവ് ക്രമാതീതമായി ഉയർന്നിരിക്കും. ബേസോഫിൽ എന്നറിയപ്പെടുന്ന മൂന്നാമത്തെ വിഭാഗം എണ്ണത്തിൽ വളരെ കുറവായിരിക്കും. ഏതാണ്ട് അരശതമാനം മാത്രം. കോശദ്രവത്തിൽ തരികൾ പോലുള്ള വസ്തുക്കൾ ഇല്ലാത്ത ശ്വേത രക്താണുക്കൾ ലിംഫോസൈറ്റുകൾ, മോണോസൈറ്റുകൾ എന്നിങ്ങനെ രണ്ടുതരമുണ്ട്. ശരീരത്തിന്റെ രോഗപ്രതിരോധമാണ് ഇവയുടെ പ്രധാന ധർമം.



ളുമായും പ്രതിപ്രവർത്തിച്ച് ഫൈബ്രിൻ എന്ന വസ്തു രൂപപ്പെടുകയും മുറിവിനെ പൊതിയുകയും അങ്ങനെ രക്തം കട്ടപിടിക്കുകയും ചെയ്യുന്നതു വഴി രക്തസ്രാവം തടയുന്നു. ശരീരത്തിൽ നിന്നും രക്തസ്രാവം തടയുന്നതിൽ പ്ലേറ്റ്ലറ്റുകൾ പ്രധാന പങ്കുവഹിക്കുന്നു.


author Zephyris at English Wikipedia

ഹിമോഗ്ലോബിൻ

## പ്ലേറ്റ്ലറ്റുകൾ

ശരീരത്തിൽ എവിടെയെങ്കിലും മുറിവുണ്ടായാൽ അതുവഴി രക്തസ്രാവം ഉണ്ടാവുന്നത് തടയുന്നത് പ്ലേറ്റ്ലറ്റുകളാണ്. ആകൃതിയിൽ ചെറിയ തളിക പോലിരിക്കുന്നതുകൊണ്ടാണ് ഈ സൂക്ഷ്മകണങ്ങളെ പ്ലേറ്റ്ലറ്റ്സ് എന്നു വിളിക്കുന്നത്. രക്തസ്രാവം തടയുന്നതിൽ പ്ലേറ്റ്ലറ്റുകൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. മുറിവുണ്ടായ ഭാഗത്തുള്ള പ്ലേറ്റ്ലറ്റുകൾക്കും നാശം സംഭവിക്കുന്നതു മൂലം അവയിലടങ്ങിയിട്ടുള്ള ത്രോംബോ പ്ലാസ്റ്റിൻ എന്ന ഘടകം പുറത്തുവരികയും അത് രക്തത്തിലെ പ്രോട്ടീൻ തന്മാത്രകളുമായും ചില രാസാഗ്നിക

## പ്ലാസ്മ

രക്തത്തിലെ മറ്റൊരു പ്രധാന ഘടകമാണ് പ്ലാസ്മ. ഇത് ദ്രാവകരൂപത്തിലാണ് കാണപ്പെടുന്നത്. ആൽബുമിൻ, ഗ്ലോബുലിൻ, ഫൈബ്രിനോജൻ എന്നിങ്ങനെ മൂന്നുതരം പ്രോട്ടീനുകൾ പ്ലാസ്മയിൽ അടങ്ങിയിട്ടുണ്ട്. ആകെ രക്തത്തിന്റെ 55% വും പ്ലാസ്മയാണ്. മനുഷ്യശരീരത്തിലെ പ്രോട്ടീൻ കലവറയാണ് പ്ലാസ്മ. കോശങ്ങളിലേക്ക് പോഷകവസ്തുക്കളും ഹോർമോണുകളും മാംസ്യവും എത്തിക്കുകയാണ് പ്ലാസ്മയുടെ പ്രധാന ധർമം. കോശങ്ങളിൽ നിന്നും പുറന്തള്ളുന്നമാലിന്യങ്ങൾ വഹിക്കുന്നതും പ്ലാസ്മയാണ്. രോഗപ്രതിരോധവും പ്ലാസ്മയുടെ ധർമമാണ്. മജ്ജയിലാണ് പ്ലാസ്മയും ഉണ്ടാകുന്നത്.

പ്ലാസ്മയിൽ കാണപ്പെടുന്ന ആൽബുമിൻ ഉത്പാദിപ്പിക്കപ്പെടുന്നത് കരളിലാണ്. നാം കഴിക്കുന്ന ഭക്ഷ്യവസ്തുക്കളിലെ പ്രോട്ടീനുകളിൽ നിന്നാണ് ആൽബുമിൻ നിർമിക്കുന്നത്. രക്തത്തിലെ ജലാംശം പിടിച്ചുനിർത്തുകയാണ് ആൽബുമിന്റെ പ്രവർത്തനം. ആരോഗ്യമുള്ള വ്യക്തിയുടെ ശരീരത്തിൽ അഞ്ചു ലിറ്റർ രക്തമുണ്ട്. പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളിൽ രക്തത്തിന്റെ അളവിൽ നേരിയ കുറവുണ്ടാകും.

മനുഷ്യശരീരത്തിലെ രക്തപര്യയന വ്യവസ്ഥയെക്കുറിച്ച് ആദ്യം പഠിച്ചത് പ്രമുഖ ശാസ്ത്രജ്ഞനായ വില്യം ഹാർവിയാണ്.



## തളിരിലേക്ക് രചനകൾ ക്ഷണിക്കുന്നു.

പത്തുവയസ്സിനു മുകളിൽ പ്രായമുള്ള കുട്ടികൾക്ക് ഉതകുന്നതും പുതുമയുള്ളതുമായ രചനകൾ ക്ഷണിക്കുന്നു. കഥ, കവിത, ലേഖനം, കാർട്ടൂൺ തുടങ്ങി ഏതു രൂപത്തിലുള്ള രചനകളും ആവാം. യുണിക്കോഡിൽ ടൈപ്പു ചെയ്ത രചനകൾ thaliru@ksicl.org എന്ന ഇമെയിൽ വിലാസത്തിലാണ് അയച്ചുതരേണ്ടത്. തപാലിലും അയയ്ക്കാം. പ്രസിദ്ധീകരിക്കാത്ത രചനകൾ തിരിച്ചയയ്ക്കുന്നതല്ല.

എഡിറ്റർ
തളിര്, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34

# ക്ലാസ് വാർ

**എം കൃഷ്ണദാസ്**



വര: രാജീവ് എൻ ടി

## രണ്ടാംനാൾ

സ്കൂളു തുടങ്ങിയ ആദ്യദിവസം കളിയും ചിരിയും മധുരവുമായി എന്ത് രസമായിരുന്നു. കൂടെ വരാൻ വീട്ടുകാർ, ചിരിച്ചുല്ലസിച്ച് ചങ്ങാതികൾ, വരവേൽക്കാൻ സ്കൂളൊന്നാകെ.

രണ്ടാംനാളാണ് ചെമ്പു പുറത്തായത്. എല്ലാ വിഷയത്തിനും ടെക്സ്റ്റുകൾ. ടെക്സ്റ്റെടുക്കാൻ കൽപ്പനകൾ. പാഠത്തിലേക്കെത്താൻ പരാക്രമങ്ങൾ, ഗൃഹപാഠത്തിന്റെ പെരുമഴ.

തുടക്കത്തിലെ മധുരമെല്ലാം കൂടെ വന്ന ഇടിയിലും മിന്നലിലും ഒലിച്ചുപോയി.

## അക്കിടി

അഞ്ചിലേക്ക് ജയിച്ചപ്പോൾ കുട്ടികളെ വിഷയാടിസ്ഥാനത്തിലാണ് ഡിവിഷൻ തിരിച്ചത്. അതോടെ നാലു കൊല്ലം ഒപ്പം കഴിഞ്ഞവർ പലപാട് ചിതറി. തെരഞ്ഞെടുത്ത വിഷയത്തിനോടുള്ള ഇഷ്ടം നിമിത്തം സാന്ദ്രയ്ക്ക് ലക്ഷ്മിയെ പിരിഞ്ഞ വിഷമം ആദ്യദിവസമൊന്നും അലട്ടിയില്ല.

പുതിയക്ഷരങ്ങളും പുത്തൻ കൂട്ടുകാരും മെരുങ്ങാതെ വന്നപ്പോൾ പക്ഷെ, അവൾ ലക്ഷ്മിയുടെ ക്ലാസിലേക്ക് മടങ്ങി.





## കളർ ഡ്രസ്സ്

പ്രവീണാണ് പ്രശ്നമവതരിപ്പിച്ചത്. ക്ലാസിലെ എല്ലാവരും യൂണിഫോമിലായിട്ടും ലീന ഇതുവരെ കളർ ഡ്രസ്സ് മാറിയില്ല. പുതിയ കുട്ടിയാണെന്ന പരിഗണന അവൾ നന്നായി അനുഭവിക്കുന്നുണ്ട്. ആൺകുട്ടികളേക്കാൾ അക്കാര്യത്തിൽ കൊതിക്കെറുവ് കൂടുതലുണ്ട് പെൺകുട്ടികൾക്ക്. പ്രവീൺ കേസു കൊടുത്തതിൽ അവർക്കാണ് കൂടുതൽ സന്തോഷമെന്നത് അവരുടെ മുഖം കണ്ടാലറിയാം.

‘എന്താ ലീനേ, യൂണിഫോം തുന്നിക്കിട്ടീലേ...’ ഒരു കേസു കിട്ടീട്ട് അന്വേഷിച്ചില്ലാന്ന് വേണ്ടാച്ചിട്ട് മാഷ് ചോദിച്ചു.

‘തുന്നിക്കിട്ടീലാ, സാർ’ ലീന ആരും സമ്മതിക്കുന്ന സ്വരത്തിൽ പറഞ്ഞു.

‘അവൾ ചുമ്മാ പറയുന്നതാ സാർ...’ അവളുടെ ബെഞ്ചിലേ തന്നെ നിമിഷ പറഞ്ഞു.

‘അത് കുട്ടിക്കെങ്ങനെ അറിയാം...’ മാഷുള്ളതൊന്നും ശ്രദ്ധിക്കാതെ ലീന അവളോടു കയർത്തു.

‘തുന്നിക്കൊടുത്തൂന്ന് എന്റെ അച്ഛൻ പറഞ്ഞല്ലോ...’

നിമിഷടെ അച്ഛൻ തുന്നൽക്കാരനാണെന്ന് പാവം ലീനയ്ക്കറിയില്ലായിരുന്നു.

കഥ

# ഒരു തലക്കനക്കാരന്റെ കഥ

## ജോർജ് വലിയമറ്റത്ത്

ഭേദപ്പെട്ട ജോലി. സർക്കാർ ഉദ്യോഗമാണെന്ന മേന്മയുമുണ്ട്.

സ്വതവേയുള്ള അയാളുടെ തലക്കനം ഇപ്പോൾ കുറച്ചധികം കൂടിയിട്ടുണ്ട്. നടപ്പിലും എടുപ്പിലും എല്ലാം ഒരുതരം മേൽക്കോയ്മാഭാവം. ജോലിയിൽ താണവരോടാണെങ്കിൽ പറയുകയും വേണ്ട!

''അതിനുംമാത്രം എന്തേലുമുണ്ടാരുന്നെങ്കിൽ തരക്കേടില്ലായിരുന്നു. നാലാം ക്ലാസും ഗുസ്തിയും. ഓരോരുത്തന്റെ ഓരോ തലവരയെ!'' കൂടെ ജോലി ചെയ്യുന്നവർ അടക്കം പറയുമായിരുന്നു.



വര: ജയേന്ദ്രൻ

അതൊരൊഴുക്കിനങ്ങനെയങ്ങു പറയുന്നതാണ്. ബിരുദവും കഴിഞ്ഞ് തെക്കുവടക്കു നടക്കുന്ന കാലം. വീടിനടുത്ത റബ്ബർതോട്ടത്തിൽ സൊറപറഞ്ഞിരിക്കുമ്പോഴാണ് കൂട്ടുകാരൻ പറഞ്ഞത്:

''ജോലിക്കൊരു സാധ്യത തെളിയുന്നൊണ്ടെന്ന് തോന്നുന്നു. നമുക്കൊന്നപേക്ഷിച്ചാലോടാ?''

''ഓ! പന്തീരായിരം പതിമൂവായിരം പേരുള്ളപ്പോ എവിടെ കിട്ടാനാ?''

''എന്നു പറഞ്ഞിരുന്നാ കിട്ട്വോ? കിട്ടണോന്ന് വിചാരിക്കണം. അപ്പൊ കിട്ടും.''

വിചാരിച്ചില്ലെങ്കിലും കിട്ടി. കൂട്ടുകാരന് കിട്ടിയതുമില്ല. ഇനി അവന്റെ മുഖത്ത് നോക്കുന്ന കാര്യമാണ് പ്രയാസം.

ഇന്റർവ്യൂകളിൽ പങ്കെടുക്കുമ്പോൾ അറിയാമെങ്കിലും ഒന്നും പങ്കുവയ്ക്കുന്ന പ്രകൃതമല്ല അവന്റേത്. മറ്റുള്ളവരിൽ നിന്നറിയുവാനുള്ള ആഗ്രഹത്തിനൊട്ട് കുറവുമില്ല. എന്തായി? എവിടെയെങ്കിലും കയറിക്കൂടാൻ കഴിഞ്ഞോ? കൊടുത്തു പഠിക്കണം. അപ്പോൾ കിട്ടും. ആരോട് പറയാൻ?

ജോലിക്ക് ഒഴിവുണ്ടെന്ന കാര്യം എങ്ങനെയോ പറ

ഞ്ഞുപോയതാണ്. ഇപ്പോൾ അവൻ വിചാരിക്കുന്നുണ്ടാവും അതൊന്നും പറയേണ്ടിയിരുന്നില്ല എന്ന്.

ദിനരാത്രങ്ങളുടെ വേഗതയിൽ വർഷങ്ങൾ കൊഴിഞ്ഞുവീണുകൊണ്ടിരുന്നു. വർഷാവർഷം വന്നുചേരുന്ന അവധി പണമാക്കി നടത്താവുന്ന ഉല്ലാസയാത്രയ്ക്കുള്ള യോഗ്യത കൈവന്നിരിക്കുന്നു. പത്നീസമേതം ഡൽഹിക്ക് ഒരു യാത്ര.

മുൻപ് ഡൽഹിയിൽ പോയതും ചുറ്റി നടന്നതും കൺമുമ്പിൽ തെളിഞ്ഞുവന്നു. 'രാജധാനി' എക്സ്പ്രസിൽ രാജകീയമായ യാത്ര. ജോലിയിൽ കയറുന്നതിന് മുൻപ്, ഒറ്റയ്ക്കായിരുന്നപ്പോൾ.

ഇത്തവണയും ആഗ്രയ്ക്ക് പോകണം. താജ്മഹലിന്റെ ഭംഗി ആസ്വദിച്ച് മതിയായിട്ടില്ല. തന്നെയുമല്ല ഭാര്യയുമൊത്തുള്ള കന്നിയാത്രയുമാണ്.

മടക്കവും 'രാജധാനി'യിലാകണമെന്നായിരുന്നു ആഗ്രഹം. മനസ്സിലാക്കിയിടത്തോളവും അതിൽ യാത്ര ചെയ്താൽ മറ്റൊരു ട്രെയിൻയാത്രയും ഒന്നുമല്ല. ടിക്കറ്റിനൊപ്പം പണം നൽകിയിട്ടാണെങ്കിൽക്കൂടി ജ്യൂസിൽ തുടങ്ങുന്ന ആതിഥ്യ മര്യാദ. കാപ്പി, സ്നാക്സ്, ബ്രഡ്, ജാം, ബട്ടർ. ഇതാ എത്തുന്നു ഐസ്ക്രീം. സൂപ്പ് ആണെങ്കിൽ വന്നുകഴിഞ്ഞു. ഇഷ്ടവിഭവങ്ങളുടെ ഘോഷയാത്ര അടങ്ങുന്ന കുശാലായ ഭക്ഷണക്രമം. മടക്കയാത്ര പിന്നീട് 'കേരള എക്സ്പ്രസി'ൽ ആക്കിയതിന് കാരണമുണ്ട്. ചമ്പൽക്കാട് കാണണം. കേട്ടറിഞ്ഞത് കണ്ടറിയണം.

പഠനനാളുകളിൽ മലയാളം പ്രൊഫസർ പറഞ്ഞുതന്ന കാര്യമാണ്. യാത്രാവേളകളിൽ സഹയാത്രികരുമായി സൗഹൃദം പങ്കിടാൻ ശ്രമിക്കണം. സൗഹൃദത്തോടൊപ്പം വിജ്ഞാനവും

**മൗനം പാലിക്കുന്നതാണ് ഭൂഷണം. അതുകൊണ്ട് ഇങ്ങോട്ടുണ്ടെങ്കിൽ അങ്ങോട്ട്. അതും അളന്നുതൂക്കി മാത്രം. ഒറ്റയ്ക്കാണെങ്കിൽ സാരമില്ലായിരുന്നു. ഇതതല്ലല്ലൊ. ജോലിയുടെ പത്രാസും കളഞ്ഞുകുളിക്കേണ്ട. ഒരു ചെറിയ അവഹേളനം പോലും ഈയവസരത്തിൽ അഭിമാനക്ഷതം വിളിച്ചുവരുത്തും.**

നേടാൻ സഹായിക്കുന്ന ഒരു ഔഷധക്കൂട്ട്!

ഒരിക്കൽ സൗഹൃദം സ്ഥാപിക്കാൻ നടത്തിയതിന്റെ കയ്പ് ഇനിയും മാറിയിട്ടില്ല. അക്കാര്യം ഓർമ്മയിൽ തികട്ടിവരുന്നു.

''എവിടേക്കാണ്?''

''ഇവിടെവരെ.'' അത്രയും പറഞ്ഞതുതന്നെ അധികം എന്ന മട്ടിലുള്ള യാത്രക്കാരന്റെ അനിഷ്ടം പേറുന്ന വാക്കുകൾ.

''എന്നു പറഞ്ഞാൽ?'' ചൊടിപ്പിക്കാൻ വേണ്ടി എന്നാൽ അങ്ങനെ തോന്നാത്ത വിധം ഒരു ചോദ്യം.

''ഞാനെവിടെപ്പോയാൽ നിങ്ങൾക്കെന്താണ് മിസ്റ്റർ?''

മിസ്റ്റർ പ്രയോഗം ഇഷ്ടപ്പെട്ടെങ്കിലും പറ്റിയ ചമ്മൽ മറയ്ക്കുവാനുള്ള പെടാപ്പാടിൽ അയാൾ പുറത്തേക്കു നോക്കി ഇരുന്നു.

മൗനം പാലിക്കുന്നതാണ് ഭൂഷണം. അതുകൊണ്ട് ഇങ്ങോട്ടുണ്ടെങ്കിൽ അങ്ങോട്ട്. അതും അളന്നുതൂക്കി മാത്രം. ഒറ്റയ്ക്കാണെങ്കിൽ സാരമില്ലായിരുന്നു. ഇതതല്ലല്ലൊ. ജോലിയുടെ പത്രാസും കളഞ്ഞുകുളിക്കേണ്ട. ഒരു ചെറിയ അവഹേളനം പോലും ഈയവസരത്തിൽ അഭിമാനക്ഷതം വിളിച്ചുവരുത്തും. യാത്രയിലുടനീളം അയാൾ അതീവ ജാഗ്രത പുലർത്താൻ ശ്രമിച്ചു.

മടക്കം ആരംഭ സ്റ്റേഷനിൽ നിന്നായതുകൊണ്ട് ട്രെയിൻ കാലേകൂട്ടിതന്നെ പ്ളാറ്റ്ഫോമിൽ പിടിച്ചിട്ടിരുന്നു. മുകളിലെ ബർത്താണ് കിട്ടിയിരിക്കുന്നത്. ബർത്തിനടുത്തെത്തി താഴത്തെ ബർത്തിൽ ഇരുന്നു. മുകളിലെ ബർത്തിൽ കയറിക്കൂടുന്ന കാര്യം പ്രിയതമയെ വല്ലാതെ വിമ്മിട്ടപ്പെടുത്തുന്നതായി തോന്നി.

ടൂ ടയർ എയർകണ്ടീഷൻഡ് ക്ലാസിൽ യാത്ര ചെയ്യുന്നതിന്റെ 'ഗർവ്' അയാളുടെ മുഖത്ത് നിഴലിച്ചിരുന്നു. അയാൾ ഓർത്തു: 'ആരാവും ആവോ സഹയാത്രികർ? ആരായാലും വലിയ ചങ്ങാത്തത്തിനൊന്നും പോകേണ്ട. അനുഭവം പഠിപ്പിച്ചത് അതാണല്ലൊ.'

പുറപ്പെടാൻ പത്ത് മിനിറ്റോളം ബാക്കിയുണ്ട്. കുടുംബസമേതം ആരെങ്കിലും ആയിരുന്നെങ്കിൽ...അതാ, പാന്റ്സ് ധാരികളായ രണ്ടുപേർ നടന്നടുക്കുന്നു. അയാളുടെ നെറ്റിയിൽ ചുളിവുകൾ പടർന്നുകയറി.

താഴത്തെ ബർത്തുകളുടെ ഉടമകളാണ് അവർ എന്ന് അവരുടെ ഭാവപ്രകടനങ്ങളിൽ നിന്ന് വായിച്ചെടുക്കാമായിരുന്നു. കൂട്ടത്തിൽ സൗമ്യൻ എന്നു തോന്നുന്ന ആൾ എന്തോ പറയാൻ ആയുന്നതുപോലെ... അയാൾ മുഖം വെട്ടിച്ച് ജനാല കർട്ടൻ വലിച്ചിടുന്നതായി ഭാവിച്ചു.

ഇപ്പോൾ യാത്ര തുടങ്ങി അരമണിക്കൂർ പിന്നിട്ടിരിക്കുന്നു.

ഒരുതരത്തിലുള്ള സൗഹൃദവും വേണ്ടെന്ന് ഉറപ്പിച്ചുകഴിഞ്ഞ കാര്യമാണ്. തന്റെ ഈ മുരട്ടുസ്വഭാവം ഭാര്യക്കിഷ്ടമില്ല എന്നതിന്റെ സൂചന അയാൾ ഇക്കാലത്തിനകം നല്ലവണ്ണം

മനസ്സിലാക്കിയിട്ടുമുണ്ട്. തിരുത്തുവാനുള്ള ധൈര്യം ഏതായാലും അവൾക്ക് ഇപ്പോൾ ഇല്ല. കാലക്രമത്തിൽ സംഭവിച്ചേക്കാം...

അയാൾ ബ്രീഫ്കേസിൽ നിന്ന് മാസിക പുറത്തെടുക്കുകയും പേജുകൾ മറിച്ചുകൊണ്ടിരിക്കുകയും ചെയ്തു. അറിവ് സമ്പാദിക്കണമെന്നല്ലേ പറഞ്ഞിട്ടുള്ളു. സഹയാത്രികരിൽ നിന്നുതന്നെ ആവണമെന്നില്ലല്ലൊ. ശ്രദ്ധയോടെയല്ലെങ്കിലും അയാൾ വായന തുടർന്നുകൊണ്ടിരുന്നു.

ഇപ്പോൾ യാത്രയ്ക്ക് ഒരു മണിക്കൂറിന്റെ നീളം.

''എക്സ്ക്യൂസ് മി..... ഞാൻ രാജീവ് ചന്ദ്രശേഖരൻ.'' കൂടുതൽ സൗമ്യനെന്നു തോന്നിയ ആൾ സ്വയം പരിചയപ്പെടുത്തി.

ഗൗരവം വിടാതെയുള്ള ഒരു തല കുലുക്കലിൽ കാര്യങ്ങൾ ഒതുക്കി. പറഞ്ഞത് അംഗീകരിച്ചിരിക്കുന്നു എന്നു നൽകുന്ന സൂചന. മൗനം തുടരുകയാലാവണം തുടർ ചോദ്യം ഉണ്ടായി.

''താങ്കൾ?''

''സ്റ്റീഫൻ മാത്യു.'' കൂടുതൽ പറയുവാനുള്ള നീരസം ഒളിപ്പിച്ചുവച്ചു.

''കൂടെയുള്ളത് മിസ്സിസാവും...?''

''സോറി....... പരിചയപ്പെടുത്താൻ മറന്നു.'' ജാള്യത മറയാക്കി ഒരുവിധം പറഞ്ഞൊപ്പിച്ചു.

പ്രിയതമ ഇതൊക്കെ കേട്ട് ഉള്ളിൽ ഊറിചിരിക്കുന്നുണ്ടാവും എന്നോർത്തപ്പോൾ അയാൾക്ക് അയാളോടുതന്നെ ഒരു മതിപ്പുകുറവ് തോന്നി.

അവരുടെ മാന്യമായ സംസാരരീതി അയാളെ അവരിലേക്ക് കൂടുതൽ അടുപ്പിച്ചുകൊണ്ടിരുന്നു.

'ഇങ്ങോട്ടുണ്ടെങ്കിൽ അങ്ങോട്ട്.' അതാണ് അവലംബിച്ചു പോന്ന രീതി. ഇങ്ങോട്ടായല്ലൊ. അപ്പോൾ ഇനി അങ്ങോട്ടുമാകാം.

രാജീവ്... ചന്ദ്രശേഖരൻ.... എവിടെയോ കേട്ടു മറന്ന പേര്. ഓർമചെപ്പിൽ മുങ്ങാംകുഴിയിട്ട് തപ്പിയെടുക്കുവാനുള്ള ഉരുണ്ടു മറിച്ചിലിനൊടുവിൽ അയാൾ ആരാഞ്ഞു:

''ഡോ..ക്..ട..ർ..?''

''ഉവ്വ്. ഇത് ഡോക്ടർ ഗോപിനാഥ്. ഞങ്ങളൊന്നിച്ച് ജോലി ചെയ്യുന്നു. ഒരു കോൺഫറൻസിന് പോയി മടങ്ങുകയാണ്.''

''പ..ത്മ..ഭൂഷൻ..?''

''അതങ്ങനെയങ്ങ് സംഭവിച്ചുവെന്നേയുള്ളൂ.... ഈശ്വര കൃപ. അല്ലാതൊന്നുമല്ല.''

അറിയപ്പെടുന്ന കിഡ്നി രോഗവിദഗ്ധൻ!

''ഞങ്ങളുടെ വകുപ്പ് മേധാവിയാണ്.'' ഡോ.ഗോപിനാഥ് കൂട്ടിച്ചേർത്തു.

ദൃശ്യ-പത്ര മാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുന്ന വ്യക്തിത്വം ഇതാ തന്റെ കൺമുമ്പിൽ. ഡ്യൂട്ടി സമയം എന്ന വേർതിരിവില്ലാതെ രാപ്പകൽ രോഗികളോടൊപ്പം. ഈശ്വരതുല്യൻ എന്ന പദത്തിന് തികച്ചും അനുയോജ്യൻ. മുടങ്ങാതെ അതിരാവിലെ തന്നെ ആശുപത്രിയിൽ ഹാജർ. പിന്നെ വാർഡിൽ നിന്ന് വാർഡിലേക്ക്. കൂടെ ജോലി ചെയ്യുന്നവരും ആ ശൈലിയിലേക്ക് മാറിക്കഴിഞ്ഞിരിക്കുന്നു. അശരണർക്ക് താമസമേർപ്പെടുത്തുന്നതടക്കമുള്ള കൈമെയ് മറന്നുള്ള സഹായം. രോഗികളുടെ 'രഹസ്യ' സ്നേഹപ്രകടനത്തിനുള്ള ഇംഗിതത്തോട് സ്നേഹപൂർവമുള്ള നിരസിക്കൽ. ആർക്കും ഏതു സമയത്തും സമീപിക്കാമെന്ന ഇടപഴകൽ.

വിശ്വസിക്കുവാൻ കഴിയാത്തത്ര സൗമ്യതാഭാവം! പെരുമയുടെ ഔന്നത്യത്തിൽ നിൽക്കുന്ന ഒരു ഡോക്ടർക്ക് ഇങ്ങനെയൊക്കെയാവാൻ കഴിയുന്നത് ആശ്ചര്യം തന്നെ. അതും ഒരു സർക്കാർ ഡോക്ടർക്ക്! ഇതിന്റെ നാലിലൊന്ന് പോയിട്ട് പത്തിലൊന്ന് പകിട്ടില്ല തന്റെ ജോലിക്ക്. എന്നിട്ടും എന്തൊണ്ണൊരു ഭാവം! അയാളിൽ അപകർഷതാബോധം മുളച്ചുപൊന്തി.

മുഖം കഴുകി വന്ന ഭാര്യയുടെ നേർക്കും വിനയത്തിന്റെ ചുവയുള്ള വാക്കുകൾ നീണ്ടു:

''ഞങ്ങൾ പരിചയപ്പെടുകയായിരുന്നു. രണ്ട് ദിവസം കഴിച്ചുകൂട്ടേണ്ടവരല്ലേ?''

തെല്ലുനേരത്തെ മൗനത്തിനുശേഷം അയാളെ ഇങ്ങനെ പറയാൻ പ്രേരിപ്പിച്ചു:

''ചീട്ടുകളി വശമെങ്കിൽ...?''

''അത്ര പോര. എങ്കിലും ആവാം. സമയം കളയണമല്ലൊ.''

നേരം ഏറെയെത്തിയപ്പോൾ അയാൾ പറഞ്ഞു:

''ഓറഞ്ച് താത്പര്യമെങ്കിൽ നാഗ്പൂരിൽ നിന്ന് വാങ്ങാം. അറിയുമോന്നറിയില്ല, സ്റ്റേഷനിൽത്തന്നെ കിട്ടും. നല്ലതും കൂടയിലാക്കിയതും.''

''ഓ, നാഗ്പൂർ ഓറഞ്ച്. ചതിപറ്റില്ല...?''

''ഇല്ലില്ല. അതാണവരുടെ

വിശ്വസിക്കുവാൻ കഴിയാത്തത്ര സൗമ്യതാഭാവം! പെരുമയുടെ ഔന്നത്യത്തിൽ നിൽക്കുന്ന ഒരു ഡോക്ടർക്ക് ഇങ്ങനെയൊക്കെയാവാൻ കഴിയുന്നത് ആശ്ചര്യം തന്നെ. അതും ഒരു സർക്കാർ ഡോക്ടർക്ക്! ഇതിന്റെ നാലിലൊന്ന് പോയിട്ട് പത്തിലൊന്ന് പകിട്ടില്ല തന്റെ ജോലിക്ക്.

ബിസ്സിനസ് വിജയമെന്ന് കേട്ടിട്ടുണ്ട്.''

രാത്രി ഒമ്പതു മണിയോടടുക്കുന്നു. എല്ലാവരും കിടക്കുവാനുള്ള ഒരുക്കങ്ങളിൽ വ്യാപൃതരായി.

''താഴത്തെ ബർത്ത് മിസ്സിസ് എടുത്തുകൊള്ളട്ടെ. ഞങ്ങൾ ഈ സൈഡ് ബർത്തുകളിൽ ഒതുങ്ങികൊള്ളാം.'' വിനയത്തിന്റെ അകമ്പടി പേറുന്ന വാക്കുകൾ.

പ്രിയപത്നിയുടെ ഉള്ളിൽ സന്തോഷം കിനിയുന്നതും വളർന്നു വലുതാകുന്നതും അയാൾ കണ്ടു.

''താങ്ക്സ്.''

''പ്ളെഷർ. വെളുപ്പിന് നാല് മണിയോടെയല്ലെ നാഗ്പ്പൂർ എത്തുന്നത്. അതുവരെ ഗുഡ് നൈറ്റ്.''

രാത്രി വളരെ വൈകിയാണ് ചമ്പൽക്കാട്ടിലൂടെ കടന്നുപോകുന്നത്. ഫൂലൻദേവിയുടെ കാല്പാട് പതിഞ്ഞ ഭുപ്രദേശം നേരിൽകാണണം. അതിനാണല്ലൊ ഇതുവഴിയുള്ള ഈ യാത്ര തന്നെ.

ഒട്ടേറെ പുരുഷകേസരികളെ വിറപ്പിച്ച പെൺകരുത്ത് മൺമറഞ്ഞിട്ട് നാളേറെയായി. കൊള്ളക്കാരും കീഴടങ്ങികഴിഞ്ഞിരിക്കുന്നു. നിലനിൽക്കുന്നത് ചമ്പൽക്കാട് മാത്രം.

ചന്ദ്രൻ തനിക്കായി ഉദിച്ചതുപോലെ. നിലാവിന്റെ ശോഭയിൽ തെളിയുന്ന ചമ്പൽക്കാട്. വൃക്ഷങ്ങൾ ഇടതൂർന്ന് നിൽക്കുന്ന വനപ്രദേശം കാണാൻ കാത്തിരുന്ന ഭാര്യയുടെ ചോദ്യം:

''ആകെ തെളിഞ്ഞ പ്രദേശമാണല്ലൊ. കാടാണെന്ന് പറഞ്ഞിട്ട്...?''

''ഇതാണെടോ സാക്ഷാൽ ചമ്പൽക്കാട്.''

വലിയ, ഉയർന്ന മൺകൂനകൾ നിരന്നു പരന്നങ്ങനെ കിടക്കുന്നു. മൺകൂനകൾക്കിടയിലൂടെ കുതിരക്കുളമ്പടി ശബ്ദം പോലും വായുവിൽ ലയിപ്പിച്ച് കൊള്ളക്കാർക്ക് അതിശീഘ്രം രക്ഷപെടുവാൻ കഴിയുന്ന തരത്തിൽ പ്രകൃതി ഒരുക്കിയിട്ട ഇടം!

അയാൾ ഉറക്കമിളച്ചിരുന്നു. സമയം പാലിക്കുമാറ് ഡോക്ടർ സുഹൃത്തുക്കളും ഉറക്കമുണർന്നു കഴിഞ്ഞിരുന്നു. ഓറഞ്ചു വാങ്ങിയ ശേഷം ഉറക്കത്തിലേക്ക് വഴുതിവീഴുമ്പോൾ അയാൾ ഓർത്തു: സഹയാത്രികരെ പരിചയപ്പെടാൻ കഴിഞ്ഞത് എന്തുകൊണ്ടും നന്നായി. നാളത്തെ പകലും വരാൻ പോകുന്ന രാത്രിയും തള്ളിനീക്കാൻ ഉരുത്തിരിഞ്ഞു കിട്ടിയ ചങ്ങാത്തം.

മിണ്ടിയും പറഞ്ഞും ഉള്ള യാത്രയിൽ സമയം പോയതറിഞ്ഞില്ല.

യാത്ര അവസാനിക്കുകയാണ്. തൊട്ടുമുമ്പുള്ള സ്റ്റേഷനും പിന്നിട്ടിരിക്കുന്നു.

''ഇറങ്ങട്ടെ... സമയം ഓടിപ്പോയത് പോലെ.'' അനുവാദത്തിനായി രണ്ടുപേരെയും മാറി മാറി നോക്കിയ അയാളിൽ നിന്ന് സ്നേഹം തുടിക്കുന്ന വാക്കുകൾ അടർന്നുവീണു. മുഖഭാവത്തിലൂടെ ഭാര്യയും വിടവാങ്ങൽ അനുവാദം ചോദിച്ചുവാങ്ങി.

വിനയത്തിൽ കുതിർന്ന വാക്കുകൾ ഒരിക്കൽക്കൂടി ഒഴുകിവരുന്നു:

''ആവശ്യമെന്തെങ്കിലും നേരിട്ടാൽ ബന്ധപ്പെടാൻ മടിക്കരുത്.....ഇല്ലെങ്കിലും.''

''അതുറപ്പിച്ചുകഴിഞ്ഞു.''

അയാളുടെ തലക്കനം അലിഞ്ഞലിഞ്ഞ് ഇല്ലാതാകുന്നതു പോലെ... 'ഇങ്ങോട്ടില്ലെങ്കിലും അങ്ങോട്ട്.'

ഇനിയുള്ള കാലം അങ്ങനെയാവാം. അയാൾ നിശ്ചയിച്ചുറച്ചു.

## പാലാ കെ എം മാത്യു –
### ബാലസാഹിത്യ അവാർഡ്
### കൃതികൾ ക്ഷണിക്കുന്നു

**പ്രശസ്ത ബാലസാഹിത്യ രചയിതാവും മുൻ ലോക്സഭാംഗവും ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് മുൻ ഡയറക്ടറുമായ ശ്രീ പാലാ കെ എം മാത്യുവിന്റെ പേരിലുള്ള 9 – ാമത് ബാലസാഹിത്യ അവാർഡിനുള്ള കൃതികൾ ക്ഷണിക്കുന്നു.**

**2018 ൽ പ്രസിദ്ധീകരിച്ച ഏറ്റവും നല്ല ബാലസാഹിത്യ രചനയ്ക്കാണ് 25000/– രൂപയുടെ ക്യാഷ് അവാർഡും പുരസ്കാരവും നൽകുന്നത്. പാലാ കെ എം മാത്യുവിന്റെ ജന്മദിനമായ ജനുവരി 11 ന് അവാർഡ് വിതരണം ചെയ്യും. 2019 നവംബർ 15 – ാം തീയതിക്കകം രചനകളുടെ മൂന്ന് കോപ്പികൾ വീതം സോമു മാത്യു, ഡയറക്ടർ, പാലാ കെ എം മാത്യു ഫൗണ്ടേഷൻ, കിഴക്കയിൽ ബിൽഡിംഗ്സ്, കളക്ട്രേറ്റ് പി ഒ, കോട്ടയം– 686002 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.**






# ഒച്ച് അറിഞ്ഞാലോ?

പി കെ സുധി

തിമിംഗലങ്ങൾ, ആനകൾ, കാണ്ടാമൃഗങ്ങൾ, ഹിപ്പോപ്പോട്ടാമസ്സ് അങ്ങനെ നമ്മൾ മിക്കപ്പോഴും വലുതുകളെ കുറിച്ചാണ് ചിന്താക്കാറുള്ളത്.

ഒരു ചെറിയ ജീവിയെ കുറിച്ച് മനസ്സിലാക്കായാലോ? ഇവൻ തീരെ ചെറിയോനാണേ! എന്തുകൊണ്ടും ഉമ്പിടിക്ക. ഈ രണ്ടായിരത്തി ഒന്നാമാണ്ടിൽ മാത്രമാണ് ഇവൻ മാലോകരുടെ ശ്രദ്ധയിൽ വന്നത്. ഇവനെ കണ്ടുപിടിക്കാൻ വൈകിപ്പോയി എന്നൊരു തോന്നലുണ്ടായോ? അതിലൊരു കാര്യവുമില്ല. ഇനിയുമെത്രയോ ജീവികളെ കണ്ടെത്താൻ കിടക്കുന്നു.

തീരെ ചെറിയ ലോകമാണ് അവയുടേത്. പനാമയിലെ ഒരു കുഞ്ഞു ദ്വീപിൽ ഏതാണ്ട് അഞ്ചു ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഒരു ദ്വീപ്. അതിന്റെ ഇത്തിരി ഭാഗത്തിലാണ് ഈ കുഞ്ഞന്മാരുടെ വാസം. Escudo de Vevagua എന്നതാണ് ദ്വീപിന്റെ പേര്. ഇവിടെ മാത്രമാണ് ഈ ചെറിയ സ്ലോത്തുകൾ വസിക്കുന്നത്. എണ്ണത്തിലും തീരെ കുറവാണ്. ഏകദേശം നൂറിന്നടുത്ത് ഇവരുടെ സംഖ്യയൊതുങ്ങുന്നു. കൃഷ്ണമണിയെപ്പോലെ ഈ കുഞ്ഞു ജീവികളെ സംരക്ഷിക്കണം എന്നർഥം.

നാട്ടുകാർ മോങ്ക് (തപസ്സ് ചെയ്യുന്ന മുനി), കുള്ളൻ, കാലിൽ മൂന്നു വിരലുള്ള സ്ലോത്ത് എന്നൊക്കെ വിളിക്കുന്ന ഇവരുടെ ശാസ്ത്രീയ നാമം ബ്രാഡിപ്പസ് പിഗ്മെയസ് (Bradypus pygmaeus) എന്നാണ്. കെങ്കേമൻ പേരാണ് ഈ മരങ്കേറികൾക്കുള്ളത്. ഇവർ വസിക്കുന്നത് കണ്ടൽച്ചെടികളിലാണ്.

ബ്രാഡിപ്പസ് ജീനസ്സിൽ മൂന്നു സ്പീഷിസുകളാണുള്ളത്. അതിൽ ഏറ്റവും ചെറുതാണ് നമ്മുടെ കഥാപാത്രം. അവരെപ്പോഴും മരത്തിൽ തന്നെ. മണ്ണിലിറങ്ങുന്നത് ഒന്നിനുപോകാൻ മാത്രം. അതിനും വലിയ മടിയാണ്. ആഴ്ചയിലൊരിക്കൽ മാത്രം. അതിനുമൊരു കാരണമുണ്ട്. കണ്ടൽമരത്തിൽ നിന്നും താഴെയെത്തണമല്ലോ. അതിനു തന്നെ ഏഴു ദിവസം വേണം. അതിന്നിടയിൽ ഇതൊക്കെ ഒഴിവാക്കുന്നത് തന്നെ നന്ന്. ഇവറ്റകൾക്ക് വേഗം വളരെ കുറവാണ്. മണിക്കൂറിൽ ഏതാണ്ട് ഒരു ഇരുന്നൂറ്റിയമ്പത് മീറ്റർ സ്പീഡുമാത്രം. അതായത് കാൽക്കിലോമീറ്റർ വേഗം. അതാണ് അമാന്തത്തിനു കാരണം.

അനക്കം കുറവായതിനാൽ മറ്റൊരു ഗുണവുമുണ്ട്. പമ്മിപ്പമ്മി അരിച്ചരിച്ച് നീങ്ങുന്നതിനാൽ ശത്രുക്കൾ ആരുടെയും കണ്ണിലങ്ങനെ പെട്ടെന്നു പതിയില്ല. ഒരൊറ്റ പണി മാത്രമാണ് ഈ സ്വാമിമാർക്ക് ഇഷ്ടമുള്ളത്. അത് ഉറക്കമാണ്. മൂന്നുവിരലുകളും മരക്കൊമ്പിൽ കൊളുത്തിട്ട് നല്ല അസ്സല് ഉറക്കം. ദിവസവും ഏകദേശം ഇരുപത് മണിക്കൂറുകൾ വരെ ഇങ്ങനെ കണ്ണുംപൂട്ടി ധ്യാനത്തിലായിരിക്കും. ശരിക്കും അനങ്ങാപ്പാറകൾ. ഉറങ്ങിയുറങ്ങി താഴെ വീഴാതിരിക്കാൻ വിരൽക്കൊളുത്ത് തന്നെ ധാരാളം. പിന്നൊരു കിസ്സ. ഇവറ്റകളുടെ കഴുത്തിൽ ഒരെല്ലു കൂടുതലാണ്. അതിന്റെ സർവവേലത്തരങ്ങളുമുണ്ട്. കഴുത്ത് ഇരുന്നൂറ്റി എഴുപത് ഡിഗ്രിയിലാണ് കുഞ്ഞന്മാർ തിരിച്ചു മറിക്കുന്നത്.

**അനക്കം കുറവായതിനാൽ മറ്റൊരു ഗുണവുമുണ്ട്. പമ്മിപ്പമ്മി അരിച്ചരിച്ച് നീങ്ങുന്നതിനാൽ ശത്രുക്കൾ ആരുടെയും കണ്ണിലങ്ങനെ പെട്ടെന്നു പതിയില്ല. ഒരൊറ്റ പണി മാത്രമാണ് ഈ സ്വാമിമാർക്ക് ഇഷ്ടമുള്ളത്. അത് ഉറക്കമാണ്. മൂന്നുവിരലുകളും മരക്കൊമ്പിൽ കൊളുത്തിട്ട് നല്ല അസ്സല് ഉറക്കം. ദിവസവും ഏകദേശം ഇരുപത് മണിക്കൂറുകൾ വരെ ഇങ്ങനെ കണ്ണുംപൂട്ടി ധ്യാനത്തിലായിരിക്കും.**

ഒൻപത് പൗണ്ട് മാത്രം തൂക്കമാണ് പാവത്തുങ്ങൾക്കുള്ളത്. അതായത് ഒരു മൂന്നുമൂന്നര കിലോഭാരം. നമ്മുടെ മഹാകവി വാത്മീകിക്ക് പറ്റിയതുമാതിരി ഒരു കെണി ഇവറ്റകൾക്കും പിണഞ്ഞിട്ടുണ്ട്. രാമായണം ജപിച്ചിരുന്ന അദ്ദേഹത്തിന്റെ ശരീരത്തിൽ മൺപുറ്റ് പൊതിഞ്ഞു. ഇവരെ ആവരണമിട്ടത് പച്ചപ്പായലുകളാണ്. ഉർവ്വശീശാപം ഉപകാരമെന്നു പറഞ്ഞതു മാതിരി ഈ കവറുള്ളതിനാൽ ഒരുവിധത്തിലും ശത്രുക്കളുടെ കണ്ണിൽ ബ്രാഡിപ്പസ് പതിയുകയേയില്ല. പച്ചക്കോട്ടിന് മോടി കൂട്ടാനെന്ന മാതിരി ഈ പുറന്തൊലിയിൽ പാറ്റകളും നിശാശലഭങ്ങളുമൊക്കെ വസിക്കുന്നു. ഇവരെല്ലാം ചേർന്ന് പരസ്പര സഹായകസംഘമായി വർത്തിക്കുന്നു.

കണ്ടൽക്കാട്ടിലെ ഇലകളാണ് സ്ലോത്തുകളുടെ ഭക്ഷണം. കുഞ്ഞനാണെങ്കിലെന്താ? കരച്ചിൽ കഠോരമാണ്. ഇണയെ വിളിക്കാനാണ് ഇങ്ങനെ ഉച്ചത്തിൽ മോങ്ങുന്നത്. പ്രസവത്തിൽ ഒരു കുട്ടി മാത്രമേയുണ്ടാകാറുള്ളു. ആദ്യത്തെ വർഷം അമ്മ മുലപ്പാൽ കൊടുത്താണ് കുട്ടിയെ പോറ്റുന്നത്. അമ്മ കുഞ്ഞിനെയും ഏറ്റിക്കൊണ്ടു നടക്കും.

പണ്ട് പണ്ട് ഇവരുടെ കൂട്ടത്തിൽ ആനയെക്കാളും വലിപ്പത്തിലുള്ള സ്ലോത്തുകളുണ്ടായിരുന്നു. പാരമ്പര്യവും പറഞ്ഞിരുന്നിട്ടെന്തു കാര്യം. അവരൊക്കെ ഭൂമുഖത്തു നിന്നും എന്നേ നാമാവിശേഷമായിപ്പോയി.

ഇനി നമുക്കൊരു മത്സരം സംഘടിപ്പിച്ചാലോ? നമ്മുടെയൊരു ആമച്ചാരും പനാമക്കാരൻ കുള്ളൻ സ്ലോത്തും മത്സരിക്കുന്നുവെന്നിരിക്കട്ടെ. ആരായിരിക്കും ഫിനിഷിംഗ് പോയിന്റിൽ ആദ്യമോടിയെത്തുക? മത്സരവിവരം ഒച്ചും മുയലുമറിയണ്ട. അപ്പോൾ ഒച്ചിനാണോ? നമ്മുടെ മുയലച്ചാർക്കാണോ വേഗം കൂടുതൽ. അതു നിങ്ങൾ തന്നെ കണ്ടുപിടിച്ചോളു.



ബ്രാഡിപ്പസ് പിഗ്മെയസ്

# തേൻകുരുവിയും അടയ്ക്കാകുരുവിയും

**കെ പി യൂസഫ്**



വര: ആശ ആർ

തേൻകുരുവിയും അടയ്ക്കാകുരുവിയും ഒരു ചില്ലയിൽ ഇരിക്കുകയായിരുന്നു. അപ്പോൾ തേൻ കുരുവി പറഞ്ഞു. ‘‘നമുക്ക് ഇവിടെ നിന്ന് ഒപ്പം പറക്കണം. പറന്ന് പറന്ന് ഒരിടംവരെ ചെല്ലണം. ആദ്യം ആരാണോ പറന്നെത്തുന്നത് അതിന് ഒരു സമ്മാനമുണ്ട്.’’

‘‘എന്താണ് സമ്മാനം?’’ അടയ്ക്കാകുരുവിക്ക് ആകാംക്ഷയായി. അന്നാണെങ്കിൽ തീറ്റ ഒന്നും കിട്ടിയിട്ടുമില്ല. നല്ല വിശപ്പുണ്ട്

‘‘നല്ല സമ്മാനമാണ്. അത് സസ്പെൻസ് ആയിരിക്കട്ടെ. ഏതായാലും നീ ആഗ്രഹിക്കുന്നത് തന്നെയാണ് സമ്മാനം. തേൻകുരുവി മറുപടി പറഞ്ഞു.

പിന്നെ അവ പറക്കാൻ തുടങ്ങി. പറന്നുപറന്ന് അവ ഒരു വലിയ ആൽമരത്തിന്റെ ചില്ലയിൽ എത്തി. പക്ഷേ ആദ്യം എത്തിയത് തേൻകുരുവിയാണ്. തനിക്ക് സമ്മാനം നഷ്ടപ്പെട്ടല്ലോ എന്നോർത്ത് അടയ്ക്കാകുരുവി സങ്കടപ്പെട്ടിരുന്നു. അതുകണ്ട് തേൻകുരുവിക്ക് സങ്കടമായി. എന്തായാലും അടയ്ക്കാകുരുവി തന്റെ സന്തത സഹചാരിയല്ലേ. അതു വിശന്ന് പൊരിഞ്ഞിരിക്കുന്നത് തേൻ കുരുവിക്ക് സഹിക്കാനായില്ല.

‘ദേ താഴേക്ക് നോക്കിയേ’ തേൻ കുരുവി പറഞ്ഞു

ഇതു കേൾക്കേണ്ട താമസം. അടയ്ക്കാകുരുവി താഴേക്ക് നോക്കി. അവിടെ നല്ല കൊഴുത്ത പുഴുക്കൾ ഇഴഞ്ഞിഴഞ്ഞ് നീങ്ങുന്നു. ഇത് കണ്ടപ്പോൾ അടയ്ക്കാകുരുവിക്ക് വായിൽ വെള്ളമൂറി’

‘ങും... തിന്നോ വയറ് നിറച്ച്. നിന്റെ വെശപ്പ് മാറട്ടെ.’ തേൻ കുരുവി പറഞ്ഞു.

കൊഴുത്തുരുണ്ട പുഴുക്കളെ ആവോളം കൊത്തി വിഴുങ്ങി അടയ്ക്കാക്കുരുവി. പിന്നെ സന്തോഷത്തോടെ മുകളിൽ തന്റെ സ്നേഹിതൻ തേൻകുരുവിയുടെ അടുത്തെത്തി.

ഇത്രയും രുചിയുള്ള പുഴുക്കളെ ഞാൻ തിന്നുന്നത് ആദ്യമാണ്. നന്ദി കൂട്ടുകാരാ. ഇതിന് പ്രത്യുപകാരമായി എന്താണ് ഞാൻ നിനക്ക് ചെയ്യേണ്ടത്?’ അടയ്ക്കാകുരുവി ചോദിച്ചു.

‘പ്രിയ സ്നേഹിതാ. പകരമായി എനിക്കൊന്നും വേണ്ട. നിന്റെ വിശപ്പ് മാറിയപ്പോൾ അത് ദൈവം കണ്ടു. ഭൂമിയിൽ നമ്മളെ പക്ഷികളായാണ് ദൈവം സൃഷ്ടിച്ചിരിക്കുന്നത്. നമ്മൾ പരസ്പരം പൂരകങ്ങളായി ജീവിക്കണം. എനിക്കൊരു ബുദ്ധിമുട്ട് വരുമ്പോൾ നീയും നിനക്കെന്തെങ്കിലും ബുദ്ധിമുട്ട് വരുമ്പോൾ ഞാനും സഹകരിക്കണം. അതാണ് പ്രകൃതി നിയമം. അല്ലാതെ നിന്നെ ഉപദ്രവിച്ച് നിനക്കുള്ളതും കൂടി ഞാൻ തട്ടിയെടുത്താൽ അത് ദൈവകോപമാകും. നാളെ ഞാൻ ദൈവത്തിന്റെ അടുത്തെത്തുമ്പോൾ അതിന് സമാധാനം പറയേണ്ടിവരും.’ തേൻ കുരുവി പറഞ്ഞു.

‘പ്രിയ ചങ്ങാതി, ശരിക്കും പറഞ്ഞാൽ നിന്നെ പോലുള്ളവരെയാണ് കാട്ടിലെ രാജാവാക്കേണ്ടത്. അല്ലാതെ ഹിംസ്ര സ്വഭാവമുള്ള ക്രൂര മൃഗങ്ങളെയല്ല.’ അടയ്ക്കാക്കുരുവി മറുപടി പറഞ്ഞു.

‘രാജാവും രാജ്ഞിയുമാകുക എന്നത് ഭൗതിക നേട്ടങ്ങളാണ്. നമ്മൾ ഭൂമിയിൽ നന്മ ചെയ്ത് ജീവിക്കുക എന്നതാണ് ദൈവനിയോഗം. അതാണ് നമ്മൾ ചെയ്യേണ്ടതും അനുഷ്ഠിക്കേണ്ടതും. അതിനുള്ള പ്രതിഫലം ദൈവം തരും. തേൻകുരുവി പറഞ്ഞു.

അപ്പോൾ ആലിലകൾ മന്ദമാരുതനിൽ ഉലയുന്നുണ്ടായിരുന്നു.



# മിനുക്കം

പ്രേമജ ഹരീന്ദ്രൻ

നോക്കമ്മേ വട്ടത്തിൽ നീളത്തിൽ മിന്നുന്ന
നൂലിനാൽ തീർത്തൊരു സിൽക്കുസാരി
വെള്ളിക്കസവുള്ള സാരിയണിയുവാൻ
ഉള്ളത്തിലുണ്ടേ കൊതിയെനിക്ക്.
നമ്മെ കുരുക്കുവാൻ തീർത്ത കെണിയാണു
തെല്ലൊന്നു ശ്രദ്ധിച്ചു നോക്കുമോളേ
മിന്നിമിനുങ്ങലിനുള്ളിലായ്ക്കാണു നീ
നമ്മെക്കുരുക്കുന്ന വൻ ചതിയെ
വെള്ളിവലയിൽ മറഞ്ഞിരിപ്പുണ്ടവൻ
കള്ളൻ നടുവിലായ് വൻ ചിലന്തി
വെള്ളിത്തിളക്കത്തിൽ വീഴുന്ന പാവത്തെ
ഉള്ളിലാക്കാനവൻ നോക്കി നിൽപ്പൂ.
മിന്നുന്നതെല്ലാമേ നന്നെന്ന ചിന്തയിൽ
ചെന്നുവീഴല്ലേ ചതിക്കുഴിയിൽ
ചുറ്റിലും കാണും തിളക്കങ്ങൾക്കുള്ളിലായ്
പറ്റിക്കാനുണ്ടാം കെണികളേറെ
കൺകൾ തുറക്കണം, കാതുകൂർപ്പിക്കണം
നെല്ലും പതിരും തിരിച്ചിടേണം
നേരിനെത്തേടണം നേരായി നീങ്ങണം
നേരു കൊണ്ടെന്നും ജയിച്ചീടേണം.

വര : സുജിത് പി.വി

# മഹാഭാരതം

സുഗതകുമാരി



# വീരബാലനായ അഭിമന്യു

ഇതുകേട്ടു ചൊടിച്ചുകൊണ്ട് ദുര്യോധനൻ ദുശ്ശാസനനോട് 'കൊല്ലവനെ' എന്ന് ഗർജിച്ചു. ദുശ്ശാസനൻ അലറിക്കൊണ്ട് കുമാരന്റെ നേർക്കു കുതിച്ചെത്തി. ഇടവും വലവും തേരുകളെ ചുറ്റിച്ചുകൊണ്ട് അവർ തമ്മിൽ ഉഗ്രയുദ്ധം നടന്നു.

അഭിമന്യു ആകെ മുറിവേറ്റിരിക്കുന്നുവെങ്കിലും ചിരിച്ചുകൊണ്ടു പറഞ്ഞു. 'ദുഷ്ടാ, എന്റെ വലിയച്ഛൻ ധർമരാജനെ സഭയിൽ നിന്ദിച്ചവനല്ലേ താൻ!'

'എന്റെ അമ്മയായ കൃഷ്ണയെ അവമാനിച്ചവനല്ലേ താൻ? അവരുടെ കടം ഞാനിന്നു വീട്ടട്ടേ-' അഭിമന്യുവിന്റെ ഉഗ്രശരം ദുശ്ശാസനന്റെ മാറിൽച്ചെന്നു തറച്ച് ചുമൽപിളർന്നു കടന്നുപോയി. പിറകേ പിറകേ ഇരുപത്തഞ്ചുശരങ്ങൾ ഏറ്റ ദുശ്ശാസനൻ മോഹാലസ്യപ്പെട്ടു വീണു. അവനെ തേരാളി രക്ഷിച്ച് അടർക്കളത്തിൽ നിന്നു കൊണ്ടുപോയി. അതുകണ്ട് ഹൃഷ്ടരായ പാണ്ഡവപ്പട വ്യൂഹം പിളർക്കുവാൻ ആഞ്ഞടുത്തു. സാധിക്കുന്നില്ല. മഹാരണം തുടർന്നു- കർണൻ അഭിമന്യുവിനോടേറ്റു. എഴുപത്തിമൂന്ന് അമ്പുകൾ വന്നുമൂടിയ കർണൻ നൂറുനൂറമ്പുകൾ കൊണ്ട് അഭിമന്യുവിനെ പീഡിതനാക്കാൻ ശ്രമിച്ചു. ചിരിച്ചുകൊണ്ട് കുമാരൻ ഒറ്റയമ്പിനാൽ കർണന്റെ കൊടിയും കൂടയും പടവില്ലും മുറിച്ചെറിഞ്ഞു. അതുകണ്ട കർണസഹോദരൻ പാഞ്ഞെത്തി അഭിമന്യുവിനോടേറ്റു. ഒറ്റയമ്പിനാൽ കുമാരൻ അവന്റെ തല മുറിച്ചിട്ടതുകണ്ട് കർണൻ ദു:ഖിതനായി. സൈന്യം ശിഥിലമായി. കർണൻ പിൻവാങ്ങിയപ്പോൾ ജയദ്രഥൻ ഗർജിച്ചുകൊണ്ട് അഭിമന്യുവിനോടേറ്റു. കുമാരന്റെ ശംഖനാദം ഉച്ചത്തിൽ മുഴങ്ങി. ഉണങ്ങിയ കാടിനെ കാട്ടുതീയെന്നപോലെ അവൻ കൗരവസൈന്യത്തെ ദഹിപ്പിച്ചു. ആർത്തനാദങ്ങളും ആയുധധ്വനികളും വാദ്യഘോഷങ്ങളും ആന- കുതിരകളുടെ അലർച്ചകളും തേരുരുളൊച്ചയും കൊണ്ടു ദിക്കെങ്ങും മുഖരിതമായി. ധൃഷ്ടദ്യുമ്നനും ഭീമനും നകുലസഹദേവന്മാരും ഉഗ്രമായി യുദ്ധംചെയ്തുവെങ്കിലും ചക്രവ്യൂഹത്തിന്റെ ഉള്ളിലെത്തുവാനായില്ല. അവർ ഖിന്നരായി ഉഗ്രയുദ്ധം തുടർന്നു.

മുമ്പ് ദ്രൗപദിയെ ഹരിച്ചപ്പോൾ ഭീമൻ തലമുടി ചെരച്ചുവിട്ട ജയദ്രഥൻ അപമാനിതനായി കൊടുംതപസ്സു ചെയ്ത് പരമശിവനിൽ നിന്ന് ഒരു വരം നേടിയിരുന്നു. പാണ്ഡവരെ യുദ്ധത്തിൽ തോൽപ്പിക്കണമെന്ന അവന്റെ അപേക്ഷകേട്ട് ഭഗവാൻ ഇങ്ങനെയാണ് അരുളിചെയ്തത്. 'അവരെ കൊല്ലാൻ നിനക്കു സാധ്യമല്ല. എന്നാൽ അർജുനനൊഴികെയുള്ള നാലു പാണ്ഡവരെ ഒരുദിവസം തടഞ്ഞുനിർത്താൻ നിനക്കു സാധിക്കും' ആ വരത്തിന്റെ ശക്തിയാൽ ജയദ്രഥൻ ഭീമാദികളെ അഭിമന്യുവിന്റെ തുണയ്ക്കെത്താതെ തടഞ്ഞുനിർത്തി. തുടരെ യുദ്ധം നടന്നു. വെള്ളിപ്പന്നി അടയാളമുള്ള കൊടിപറത്തുന്ന ജയദ്രഥൻ പെരുംവില്ലുലച്ച് ഭീമനെയും ധർമപുത്രരെയും ധൃഷ്ടദ്യുമ്നനെയും എയ്തുമുറിച്ചു. ആ കൈവേഗം കണ്ടു ക്രുദ്ധനായ ഭീമൻ അവന്റെ കൊടിയും വില്ലുമറുത്തിട്ടു. മറ്റൊരു വില്ലേന്തിയ ജയദ്രഥൻ ഭീമന്റെ കൊടിയും തേരും തകർത്തു. ഭീമൻ സാത്യകിയുടെ തേരിൽ ചാടിക്കയറി യുദ്ധം തുടർന്നു. അഭിമന്യുവിന് തുണകിട്ടാതാക്കി തടഞ്ഞു നിർത്തുന്ന ജയദ്രഥനെ നോക്കി കൗരവസേന ഹർഷാരവം മുഴക്കി. ദ്രോണവ്യൂഹം പിളർക്കാൻ ശ്രമിക്കുന്ന ഓരോ പാണ്ഡവനെയും ജയദ്രഥൻ കൂരമ്പുകളെയ്തു മടക്കി. യുദ്ധം അതിഭയങ്കരമായിത്തീർന്നു. ഒറ്റയ്ക്കുനിന്നു ചുറ്റിപ്പൊരുതുന്ന അഭിമന്യു സേനാനായകരെ കൊന്നൊടുക്കുന്നതുകണ്ട് ക്ഷത്രിയവീരന്മാർ അവനെ വീഴ്ത്തുവാൻ ഒത്തുകൂടി വളഞ്ഞു. അവരെല്ലാവരും തേരറ്റ് കുതിരയറ്റ് കൊടിയറ്റ് ശിരസ്സറ്റ് പടക്കളത്തിൽ ചിതറിവീണു. ഭൂഷണങ്ങളും പൂമാലകളും പൊൻചട്ടകളും ചോരച്ചെളിയിൽ തിളങ്ങിക്കിടക്കുന്നു. എങ്ങോട്ടുനോക്കിയാലും അർജുനപുത്രനെ കാണുന്നുവെന്നു തോന്നി! ശത്രുക്കൾ അമ്പരന്നു പാഞ്ഞു. അവനെ കൊല്ലാനടുത്ത ശല്യപുത്രനായ രുക്മരഥൻ അമ്പേറ്റു വീണു മരിച്ചു. ഇതുകണ്ട് ക്രുദ്ധനായ ദുര്യോധനൻ വീണ്ടും

അഭിമന്യുവിനോടേറ്റു പൊരുതി പിൻവാങ്ങി. പട ശിഥിലമായതും വീരന്മാർ ഒന്നൊന്നായി വീണൊടുങ്ങുന്നതും കണ്ട് ദ്രോണകർണ്ണാദി മഹാരഥന്മാർ വീണ്ടും കുമാരനെ വളഞ്ഞു വെങ്കിലും അവനെ അടക്കാനായില്ല. ദുര്യോധനപുത്രനായ ലക്ഷ്മണൻ ഗർജിച്ചുകൊണ്ടു മുന്നോട്ടടുത്ത് അഭിമന്യുവിനോടേറ്റു. അവർ തമ്മിൽ ഉഗ്രയുദ്ധമുണ്ടായി.

പാമ്പുകളെപ്പോലുള്ള അമ്പുകൾപൊഴിച്ച് മുന്നേറുന്ന സുഭഗനായ ദുര്യോധനപുത്രന്റെ കുണ്ഡലമണിഞ്ഞ ശിരസ്സ് ഒറ്റക്കൂരമ്പിനാൽ അഭിമന്യു ഛേദിച്ചു ഭൂമിയിലിട്ടു. പടയിൽ ഹാഹാകാരം മുഴങ്ങി. 'ഇവനെ കൊല്ലൂ'എന്നട്ടഹസിച്ചുകൊണ്ടു ദുര്യോധനനും ദ്രോണരും കർണ്ണനും കൃപനും അശ്വത്ഥാമാവും ബൃഹൽബലനും അഭിമന്യുവിന്റെ തേരുവളഞ്ഞു. മുന്നിൽ കുതിച്ചെത്തിയ ക്രാഥനും ബൃഹൽബലനും കുമാരന്റെ ബാണങ്ങളേറ്റു വീണുമരിച്ചു. ആ ബാണങ്ങൾ ദ്രോണരെ തടഞ്ഞുനിർത്തി. കൃപാചാര്യരെ എൺപതമ്പുകൾ തളർത്തി. അശ്വത്ഥാമാവിനെ പത്തമ്പെയ്തു മുറിച്ചു. കൃപന്റെ കുതിരകൾ ചത്തു. കർണ്ണന്റെ കർണ്ണഭാഗത്തുതന്നെ കുമാരാസ്ത്രങ്ങൾ ചെന്നുതറച്ചു. അവരോരോരുത്തരും നൂറുനൂറമ്പുകളാൽ അർജുനപുത്രനെ എയ്തുമൂടി. മഗധരാജകുമാരനായ അശ്വകേതു അമ്പേറ്റു വീണു. കുഞ്ജരകേതുവെന്ന രാജാവു കൊല്ലപ്പെട്ടു. ദുശ്ശാസനപുത്രൻ അലറിക്കൊണ്ടു ചെന്നേറ്റപ്പോൾ അഭിമന്യു പറഞ്ഞു. 'നിന്റെയച്ഛൻ ഓടിപ്പോയതേയുള്ളൂ. നിന്നെ ഞാൻ വിടില്ല'– കുമാരന്റെ ബാണങ്ങളേറ്റ് ദുശ്ശാസനപുത്രൻ മരിച്ചുവീണു. ഒട്ടേറെ രാജാക്കന്മാർ തെരുതെരെ വീഴുന്നതും കൊള്ളിമീൻപോലെ ചുറ്റിത്തിരിഞ്ഞ് അർജുനകുമാരൻ അമ്പുകളെയ്തു നിറയ്ക്കുന്നതും കണ്ട് ശകുനി പറഞ്ഞു. 'നമ്മളെയും ഇവൻ കൊല്ലും. അതിനുമുമ്പ് അവനെ കൊല്ലുവിൻ!' ദ്രോണർ പറഞ്ഞു. 'ഹാ, എന്റെ മെയ്യാകെ ഇവൻ എയ്തു മുറിച്ചുവെങ്കിലും എന്തൊരാനന്ദമാണെനിക്ക് ഇവന്റെ വിക്രമം കാണുവാൻ!' അഭിമന്യുവിന്റെ ചട്ട അഭേദ്യമെന്നുകണ്ട് കർണ്ണൻ പഴുതുനോക്കുകയായീ അതു ഭേദിക്കുവാൻ. അതുകണ്ട് ദ്രോണർ പറഞ്ഞു. 'കർണ്ണ, ആ ചട്ട പൊട്ടുകയില്ല– അവന്റെ വില്ലും ഞാണും തേരും തകർക്കുക മാത്രമേ വഴിയുള്ളൂ. കൈയിൽ വില്ലുള്ള ഇവൻ ദേവാസുരന്മാർക്കും അജയ്യനാണ്.' ഇതുകേട്ട കർണ്ണൻ ലാക്കുനോക്കി അഭിമന്യുവിന്റെ ചാപം മുറിച്ചു. അശ്വങ്ങളെ കൊന്നു. ദ്രോണരും കൃപരും അവന്റെ സൂതനെ കൊന്നു. വില്ലുപോയ കുമാരനിൽ അവർ ആറുപേർ ചുറ്റിനിന്ന് അമ്പുകൾ ചൊരിഞ്ഞു. (തുടരും)

ദുര്യോധനപുത്രന്റെ കുണ്ഡലമണിഞ്ഞ ശിരസ്സ് ഒറ്റക്കൂരമ്പിനാൽ അഭിമന്യു ഛേദിച്ചു ഭൂമിയിലിട്ടു. പടയിൽ ഹാഹാ കാരം മുഴങ്ങി. 'ഇവനെ കൊല്ലൂ'എന്നട്ടഹസിച്ചുകൊണ്ടു ദുര്യോധനനും ദ്രോണരും കർണ്ണനും കൃപനും അശ്വത്ഥാമാവും ബൃഹൽബലനും അഭിമന്യുവിന്റെ തേരുവളഞ്ഞു. മുന്നിൽ കുതിച്ചെത്തിയ ക്രാഥനും ബൃഹൽബലനും കുമാരന്റെ ബാണങ്ങളേറ്റു വീണുമരിച്ചു. ആ ബാണങ്ങൾ ദ്രോണരെ തടഞ്ഞുനിർത്തി.



വര: ജയേന്ദ്രൻ

ഇളംതളിര്

ഇളംതളിരിലേക്ക്
രചനകൾ അയക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.

# എന്റെ മീനുകൾ

കുട്ടൻ ചേട്ടനോട് പറഞ്ഞു. ''ചേട്ടാ, എനിക്ക് ഒരു മീനിനെ വളർത്തണം.''

''മീനിനെ കുറിച്ച് പഠിച്ചശേഷം പോരേ അതിനെ വളർത്തുന്നത്?'' ചേട്ടൻ ചോദിച്ചു.

''അതു സാരമില്ല. എനിക്ക് ഇപ്പോൾ തന്നെ ഗപ്പിയെ വേണം.''

പിറ്റേന്ന് ചേട്ടൻ അവന് ഒരു ഗപ്പിയെ വാങ്ങിക്കൊടുത്തു.

അവൻ അതിനെ ബൗളിൽ ഇട്ടു. അവന് വളരെ സന്തോഷമായി.

അടുത്തദിവസം ഒരു ഫൈറ്റർ മത്സ്യത്തെ വേണമെന്ന് അവൻ ചേട്ടനോട് ആവശ്യപ്പെട്ടു. ചേട്ടൻ അതും വാങ്ങിക്കൊടുത്തു.

അവൻ അതിനെ ഗപ്പിയുടെ കൂടെ ഇട്ടു. പിറ്റേന്ന് രാവിലെ ചെന്നുനോക്കുമ്പോൾ രണ്ടും ചത്തുമലർന്ന് കിടക്കുന്നത് അവൻ കണ്ടു. അവന് സങ്കടമായി. ''മീനുകളെ കുറിച്ച് പഠിച്ചിട്ടേ ഇനി ഞാൻ അവയെ വളർത്തൂ.'' അവൻ ചേട്ടനോട് പറഞ്ഞു.

**വിശാൽ ബി, ക്ലാസ് 5 ഇ,**
**ടിഡി, ടി ടി ഐ, തുറവൂർ,**
**ചേർത്തല**



വര: ഗോപു പട്ടിത്തറ

Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.



# മഴ

ഒരു കുഞ്ഞിന്റെ കരച്ചിൽ
രണ്ടു മൂന്നു തുള്ളികൾ എങ്കിൽ
ഒരു മേഘത്തിന്റെ കരച്ചിൽ
ആയിരം തുള്ളികൾപോലെ
പുതുമഴയിൽ തുള്ളിക്കളിക്കുന്ന
കുട്ടികൾ മനസ്സിനു കുളിരേകും
പെരുമഴയിൽ നനഞ്ഞു നീങ്ങുന്ന
ബാല്യങ്ങൾ മനസ്സിനു വിങ്ങലേകും.

**വിശ്വനാഥ് ശ്രീകേശ്, ക്ലാസ്സ് 7 എച്ച്,**
**ക്രൈസ്റ്റ് നഗർ,**
**കവടിയാർ**

# വര





**അന്ന, ക്ലാസ്സ് 12, ഡോ. ജി ആർ പബ്ലിക് സ്കൂൾ, നെയ്യാറ്റിൻകര**

**THALIRU** (monthly)
Children’s Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2018-2020

RNI No. 20076/70 November 2019
Regd KL/TV (N)/399/2018-2020 Published on 29-10-2019 Vol:25, Issue:11, ₹20

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**

**കേരള സർക്കാർ സാംസ്കാരികവകുപ്പു സ്ഥാപനം**

സംസ്കൃതകോളജ് കാമ്പസ്, പാളയം,
തിരുവനന്തപുരം 34, ഫോ: 04712328549, 2327276
ഇമെയിൽ: director@ksicl.org



## ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ എവിടെയെല്ലാം കിട്ടും?

തിരുവനന്തപുരം, പാളയം സംസ്കൃതകോളജ് കാമ്പസിലുള്ള ബാലസാഹിത്യ പുസ്തകശാല, കേരള ബുക്മാർക്ക് ശാഖകൾ, ഡിസി ബുക്സ് ശാഖകൾ, ഗ്രന്ഥപ്പുര ബുക്സ് കൊല്ലം, ഋതു ബുക്സ് ശ്രീകൃഷ്ണപുരം തുടങ്ങിയയിടങ്ങളിൽ ഇവ ലഭ്യമാണ്. ഇതുകൂടാതെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെയിൽസ് പ്രമോട്ടർമാർ വഴിയും പുസ്തകങ്ങൾ ലഭിക്കും. വിശദവിവരങ്ങൾക്ക് sales@ksicl.org എന്ന ഇമെയിലിലോ ഇൻസ്റ്റിറ്റ്യൂട്ട് ഫോൺ നമ്പറിലോ ബന്ധപ്പെടുക. പുസ്തകലിസ്റ്റ് ksicl.org എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. പുസ്തകത്തിന്റെ വില MO/DD ആയി അയച്ചാൽ തപാൽവഴി പുസ്തകം ലഭ്യമാകും.




**തളിര്**

**കുട്ടികളുടെ മാസിക**
**വില 20രൂപ**

**വാർഷികവരിസംഖ്യ 200രൂപ**

വരിസംഖ്യ MO/DD ആയി ഇൻസ്റ്റിറ്റ്യൂട്ട് വിലാസത്തിൽ അയയ്ക്കുക.